കേരള ഗവർണ്ണർ

# റിട്ട. ജസ്റ്റിസ് ശ്രീ. പി. സദാശിവം

2017 ഫെബ്രുവരി 23-ാം തീയതി

## കേരള നിയമസഭയിൽ ചെയ്ത പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാന്യരായ മന്ത്രിമാർ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ബഹുമാന്യരായ നിയമസഭാംഗങ്ങളെ, എല്ലാവർക്കും എന്റെ നമസ്കാരം.

1. പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തെ അഭിസംബോധന ചെയ്യുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

2. അഴിമതിക്കെതിരെ പോരാടുവാൻ പ്രതിജ്ഞാബദ്ധവും എന്നാൽ ഊർജ്ജസ്വലമായ വളർച്ചയിലേക്ക് നയിക്കുവാൻ ദൃഢനിശ്ചയമുള്ളതുമായ ഒരു സർക്കാർ ആവശ്യമാണെന്ന കേരള ജനതയുടെ അഭിലാഷമാണ് എന്റെ സർക്കാരിനെ അധികാരത്തിലേറ്റിയത്. കഴിഞ്ഞ ഒൻപത് മാസങ്ങളിൽ സുതാര്യത, സത്യസന്ധത എന്നീ തത്വങ്ങളിൽ അടിയുറച്ചുകൊണ്ടുതന്നെ എപ്രകാരം ഒരു സംസ്ഥാനത്തിന് ഒരു സുചിന്തിത വികസന അജണ്ടയുമായി മുന്നോട്ട് പോകാമെന്ന് എന്റെ സർക്കാർ യഥാർത്ഥത്തിൽ കാണിച്ചുതരികയുണ്ടായി. ഈ മഹനീയ സഭ മുമ്പാകെ എന്റെ സർക്കാരിന്റെ നയങ്ങളും നയോപായ വൈദഗ്ദ്ധ്യവും വ്യക്തമാക്കുന്നതിന് മുമ്പുതന്നെ മുന്നിലുള്ള പ്രധാന വെല്ലുവിളികളെ കുറിച്ച് സൂചിപ്പിക്കേണ്ടത് അനിവാര്യമാണ്.

3. ഭരണത്തിൽ സുതാര്യതയും ഉത്തരവാദിത്വവും കൊണ്ടുവരുന്നതിനായി കഴിഞ്ഞ വർഷം പ്രഖ്യാപിക്കപ്പെട്ട ഒരു കൂട്ടം നടപടികൾ ഗണ്യമായ പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുകയാണ് എന്ന് അറിയിക്കുന്നതിൽ എന്റെ സർക്കാരിന് അതിയായ സന്തോഷമുണ്ട്. അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള ഒരു ചട്ടക്കൂടിന്റെ പരിധിയിൽ ഉദ്യമങ്ങളെ കൊണ്ടുവരുന്നതിനായി പൗരാവകാശരേഖ, സുതാര്യത, ഉത്തരവാദിത്വം, സാമൂഹ്യ ആഡിറ്റ് എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമഗ്ര നിയമം എന്റെ സർക്കാർ കൊണ്ടുവരുന്നതും അതിന്റെ അന്തഃസത്ത എന്നത് പൊതുജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുക എന്നതുമായിരിക്കും.

4. കഴിഞ്ഞ നാലുമാസങ്ങളിൽ, എന്റെ സർക്കാരിന് ഭാരതത്തിലെ സാമ്പത്തികചരിത്രത്തിലെ വിനാശകരമായ ആപത്തുകളിലൊന്നിനോട് പൊരുതേണ്ടതായി വന്നു. 2016 നവംബർ 8–ന് പ്രചാരത്തിലുള്ള 500 രൂപയുടെയും, 1000 രൂപയുടെയും നോട്ടുകൾ തെരഞ്ഞെടുത്ത് സമ്പദ്‌വ്യവസ്ഥയിൽ അവയ്ക്ക് പകരം മറ്റൊരു സംവിധാനം ഏർപ്പെടുത്താതെ വിവേകരഹിതമായും തിടുക്കത്തിലും ചെയ്ത നോട്ട് അസാധുവാക്കൽ ഭാരതസർക്കാർ നടപ്പാക്കുകയുണ്ടായി. പ്രചാരത്തിലുള്ള കള്ളപ്പണത്തെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഒരു ഉപാധിയായാണ് ഈ നടപടി പ്രകടമായി പ്രചരിപ്പിക്കപ്പെട്ടത്.

ഇതിനെല്ലാം ഉപരിയായി, ബാങ്ക് അക്കൗണ്ടുകളിൽ നിന്നും, ഒരാഴ്ചയിൽ, 24000 രൂപയിൽ കൂടുതൽ പണം പിൻവലിക്കാൻ അനുവദിക്കുകയില്ലെന്ന ഒരു കർശന നിയന്ത്രണവും ഒരു രാത്രികൊണ്ട് രാജ്യത്താകമാനം ഏർപ്പെടുത്തുകയുണ്ടായി. ഭരണഘടനാപരമായി സംരക്ഷിക്കപ്പെട്ട നമ്മുടെ അവകാശങ്ങൾ കേവലം ഭരണ നിർവ്വഹണപരമായ ഒരു ഉത്തരവുപ്രകാരം ഇല്ലാതാക്കപ്പെട്ടു. പ്രചാരത്തിലുള്ള 86 ശതമാനം പണവും ഒരു ഭരണ നിർവ്വഹണ ഉത്തരവിലൂടെ പിൻവലിക്കപ്പെട്ടു. നമ്മുടെ സ്വതന്ത്ര സാമ്പത്തിക അതോറിറ്റിയായി പ്രവർത്തിക്കേണ്ട ഭാരതീയ റിസർവ്വ് ബാങ്ക് ഈ പരിഹാസ്യതക്ക് മൗനാനുവാദം നൽകുന്ന ഒരു നിശ്ശബ്ദപങ്കാളിയാകുന്നതിന് നിർബന്ധിതമായി.

5. വേണ്ടത്ര ചിന്തിക്കാതെ എടുത്ത ഈ തീരുമാനത്തിനു മുമ്പായി ദരിദ്രരെയും താഴ്ന്ന മദ്ധ്യവർഗ്ഗ വിഭാഗത്തിലുള്ളവരെയും ശമ്പളവും വേതനവും പറ്റുന്നവരെയും ഈ നടപടി എപ്രകാരം ബാധിക്കുമെന്നുള്ള ഗൗരവതരമായ ഒരു വിശകലനത്തിന് പോലും പരിഗണന നൽകുകയുണ്ടായില്ല എന്നതാണ് ഇതിലെ ഏറ്റവും മോശമായ വസ്തുത. നെറ്റ് ബാങ്കിങ്ങ് സൗകര്യമുള്ള ക്രെഡിറ്റ്–ഡെബിറ്റ് കാർഡുടമകൾക്ക് ഈ പ്രതിസന്ധിയിൽ പിടിച്ചുനിൽക്കാൻ സാധിച്ചു. അപ്രകാരമുള്ള സൗകര്യം ലഭിക്കാത്ത ഭൂരിപക്ഷം വരുന്ന നിർഭാഗ്യരായ ഭാരതീയർക്ക് അവരുടെ നിത്യജീവിതം നിലനിർത്തുന്നതി

നാവശ്യമായ കറൻസികൾക്കായി-അവരുടെ കാർഷിക പ്രവർത്തനങ്ങൾക്കായാലും ചെറുകിട വ്യാപാരങ്ങൾക്കായാലും-അങ്ങോളമിങ്ങോളം അലയേണ്ടതായി വന്നു. കർഷകർക്ക് എപ്രകാരം വിളകൾ കൂട്ടിയിടേണ്ടിവന്നുവെന്നും, കൃഷിയിടങ്ങളിൽ എപ്രകാരം അവ നശിച്ചുപോകുവാനിടയായി എന്നും, ചെറുകിട-മാർജിനൽ വ്യാപാരങ്ങളിലും ഗാർഹിക വ്യാപരങ്ങളിലും നിർമ്മിച്ച ഉത്പന്നങ്ങൾ തുച്ഛമായ വിലയ്ക്ക് കൊടുക്കേണ്ടിവന്നു എന്നുമുള്ള ഹൃദയഭേദകമായ സംഭവങ്ങൾ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും വന്നുകൊണ്ടിരിക്കുകയാണ്. അവശത, വൈകി ലഭിച്ച മെഡിക്കൽ സഹായം, നിസ്സഹായത എന്നീ കാരണങ്ങളാൽ ആത്മഹത്യകൾ ഉൾപ്പെടെയുള്ള ഏകദേശം 200 മരണങ്ങൾ റിപ്പോർട്ടു ചെയ്യുകയുണ്ടായി.

6. കാർഷിക സമ്പദ്ഘടനയുടെ നെടുംതൂണായ സഹകരണ മേഖലയാകെ ഒരു രാത്രി കൊണ്ട് നിശ്ചലമായി. കേരളത്തിൽ ബാങ്ക് നിക്ഷേപങ്ങളിലെ മൂന്നിലൊന്നിലധികം ഭാഗവും സഹകരണ മേഖലയിലാണ്. സംസ്ഥാനത്ത് സമൂഹത്തിലെ ദരിദ്രരായ ആളുകളുടെ വായ്പാ ആവശ്യകതകൾ നിറവേറ്റുന്നത് വലിയൊരളവോളം സഹകരണമേഖലയിൽ നിന്നുമാണ്. ഒരു നൂറ്റാണ്ടായി സംസ്ഥാനത്തെ പ്രധാനപ്പെട്ട ജീവന സംവിധാനമായി പ്രവർത്തിച്ചിട്ടുളള സഹകരണ

മേഖലയ്ക്ക് നേരെ മുമ്പെങ്ങും ഇപ്രകാരം ഒരു ആക്രമണം ഉണ്ടായിട്ടില്ല. ജനതയുടെ വാങ്ങൽ കഴിവിനെ ഈയൊരളവിൽ ഇല്ലാതാക്കുന്ന മറ്റേതെങ്കിലും ഒരു സാഹചര്യം പോലും ഇതുവരെ ഉണ്ടായിട്ടില്ല. സഹകരണമേഖലാ ബാങ്കിങ് സംവിധാനം പൂർവ്വസ്ഥിതിയിലാകുന്നതിന് എത്ര കാലം വേണ്ടി വരുമെന്നുള്ളതാണ് കേരളത്തിന് പരിഹരിക്കേണ്ട ഏറ്റവും വലിയ പ്രശ്നം. ഇപ്രകാരമൊരു വേദനാജനകമായ പ്രശ്നത്തിലൂടെ കടന്നുപോകുന്ന നമ്മുടെ സഹകരണ സ്ഥാപനങ്ങളോടൊപ്പം നിൽക്കുവാൻ എന്റെ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും അതിനുവേണ്ട എല്ലാ സഹായവും നൽകുമെന്നും പറയേണ്ടതില്ലല്ലോ.

7. ഡിസംബർ മദ്ധ്യത്തോടെ, അസാധുവാക്കപ്പെട്ട മിക്കവാറും എല്ലാ കറൻസികളും റിസർവ്വ് ബാങ്കിന്റെ ഖജനാവിൽ തിരികെയെത്തിയെന്ന് കേന്ദ്രസർക്കാർ തിരിച്ചറിഞ്ഞപ്പോൾ കള്ളപ്പണത്തിനെതിരെയുള്ള പോരാട്ടം എന്ന ഭീതിയുണർത്തുവാൻ ഇനിയും സാദ്ധ്യമല്ലായെന്ന് അത് അറിയുകയുണ്ടായി. പ്രചരണ വാക്യം അപ്പോൾ കാഷ്‌ലെസ്സോ ഡിജിറ്റലോ ആയ സമ്പദ്ഘടനയെ സ്വാഗതം ചെയ്യുന്നതിനാണ് എന്ന് ഏകദേശം ഒറ്റ രാത്രി കൊണ്ട് മാറ്റുകയുണ്ടായി. ഈ പ്രക്രിയയിൽ നോട്ട് അസാധുവാക്കൽ മൂലം തിരിച്ചെടുക്കപ്പെട്ട കറൻസിയുടെ യഥാർത്ഥ തുക എത്രയാണെന്ന് ഇന്നുവരെ വെളിപ്പെടുത്തിയിട്ടില്ലയെന്നത് വിചിത്രമാണ്.

8. ഈ വർഷത്തിന്റെ അവസാനപാദത്തിലും 2017–18 ലും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഈ വസ്തുതകൾ വരുത്തുന്ന പ്രത്യാഘാതത്തെക്കുറിച്ച് എന്റെ സർക്കാരിന് കടുത്ത ആശങ്കയുണ്ട്. ഇതിനകം തന്നെ സംസ്ഥാനത്തെ വരുമാനത്തെ ഇത് ഗണ്യമായി ബാധിക്കുകയുണ്ടായി. ദേശീയ സമ്പദ്വ്യവസ്ഥയെ നോട്ട് അസാധുവാക്കൽ ബാധിക്കപ്പെട്ടതെങ്ങനെയെന്ന് തിട്ടപ്പെടുത്തേണ്ടതായിട്ടുണ്ട്. മൊത്തം ദേശീയ ആഭ്യന്തര ഉത്പാദനത്തിൽ കുറഞ്ഞപക്ഷം 1–2 ശതമാനം കണ്ട് വളർച്ചാനിരക്ക് കുറയുമെന്നാണ് കണക്കാക്കുന്നത്. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത് ഡിസംബറിൽ ഭാരതത്തിലെ വ്യാവസായിക ഉത്പാദനം 0.4 ശതമാനം കണ്ട് കുറഞ്ഞു എന്നതാണ്. ഡിസംബറിൽ, സമ്പദ്ഘടനയിലെ നിക്ഷേപ ആവശ്യകതയിൽ 3 ശതമാനം കുറവുണ്ടായി. നഗര–ഗ്രാമപ്രദേശങ്ങളിലെ ഉപഭോഗ ആവശ്യകതയെ സാരമായി ബാധിച്ചു എന്ന് സൂചിപ്പിച്ചുകൊണ്ട് ഹ്രസ്വകാല ഉപയോഗത്തിനുള്ള ഉപഭോക്തൃ ഉൽപന്നങ്ങളുടെ ഉത്പാദനത്തിൽ 5 ശതമാനം കുറവുണ്ടാകുകയും ദീർഘകാല ഉപയോഗത്തിനുള്ള ഉപഭോക്തൃ ഉൽപന്നങ്ങളുടെ ഉത്പാദനത്തിൽ 10.3 ശതമാനം കുറവുണ്ടാകുകയും ചെയ്തു. വ്യവസായങ്ങൾക്കുള്ള ബാങ്ക് വായ്പയിൽ കുത്തനെ ഇടിവുണ്ടായി എന്നും ചില മേഖലകളിൽ നിക്ഷേപ അന്തരീക്ഷത്തിലുള്ള മാന്ദ്യം

തുടരുന്നു എന്നതുമാണ് ഭാരതീയ റിസർവ്വ് ബാങ്കിന്റെ ഇൻഡസ്ട്രിയൽ ഔട്ട്ലുക്ക് സർവ്വേ വെളിപ്പെടുത്തുന്നത്.

9. കഴിഞ്ഞ 115 വർഷക്കാലയളവിൽ, ചരിത്രത്തിൽ മുൻപെങ്ങുമില്ലാത്തവിധത്തിലുള്ള രൂക്ഷമായ വരൾച്ച ആണ് സംസ്ഥാനം അഭിമുഖീകരിക്കുന്നതെന്ന് എന്റെ സർക്കാർ തിരിച്ചറിയുന്നു. തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ, മഴ സാധാരണയുള്ളതിനേക്കാൾ 34 ശതമാനം കുറവായും വടക്ക് കിഴക്കൻ കാലവർഷത്തിൽ മഴ സാധാരണ ഉള്ളതിനേക്കാൾ 61 ശതമാനം കുറവായും ആണ് ലഭിച്ചത്. 2017 ഫെബ്രുവരിയിൽ പ്രധാന റിസർവോയറുകളിലെ ജലനിരപ്പ് പരമാവധി സംഭരണശേഷിയുടെ 60 ശതമാനം ഉണ്ടാകേണ്ടിയിരുന്നിടത്ത് വെറും 41 ശതമാനം മാത്രമാണുള്ളത്. കേരളത്തിലെ മിക്കവാറും പ്രദേശങ്ങളിൽ ഭൂഗർഭജലനിരപ്പ് പെട്ടെന്ന് കുറയുന്ന പ്രവണതയാണ് കണ്ടുവരുന്നത്. വരൾച്ചാസ്ഥിതിവിശേഷം മൂലം സംസ്ഥാനത്ത് 30,116 ഹെക്ടറോളം വരുന്ന വിളവെടുപ്പ് പ്രദേശങ്ങളിൽ നാശനഷ്ടമുണ്ടായി എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

10. വരൾച്ച മൂലമുണ്ടാകുന്ന നഷ്ടസാധ്യതകൾ ലഘൂകരിക്കുന്നതിനായി എന്റെ സർക്കാർ 2016 ഒക്ടോബർ മുതൽ 'അതിശ്രദ്ധയുള്ള കരുതൽ പദ്ധതി' ഏർപ്പെടുത്തിയിട്ടുണ്ട്. വരൾച്ച മൂലമുണ്ടാകുന്ന കുടിവെള്ള

ക്ഷാമം പരിഹരിക്കുന്നതിനായി ജില്ലാ കലക്ടർമാർക്ക് പര്യാപ്തമായ ഫണ്ടുകൾ നൽകിയിട്ടുണ്ട്. കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി കൃഷിവകുപ്പിനും കേരള ജലഅതോറിറ്റിക്കും ഭൂഗർഭ ജലവകുപ്പിനും മതിയായ ഫണ്ടുകൾ നൽകിയിട്ടുണ്ട്.

11. കേരളത്തിലെ നാണ്യവിള മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധിയുടെ കാഠിന്യം എന്റെ സർക്കാർ തിരിച്ചറിയുന്നു. റബർ മേഖലയിൽ ചെറുകിട കർഷകരും സംസ്ഥാനത്തിൽ, തോട്ടം തൊഴിലാളികളിൽ ഒരു വലിയ വിഭാഗം വരുന്ന കർഷക തൊഴിലാളികളുമാണ് ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ടത്. രാജ്യത്തിന്റെ റബർ തലസ്ഥാനമായ കേരളത്തിൽ ഇപ്രകാരം ബാധിക്കപ്പെട്ട 10 ലക്ഷത്തിലധികം റബ്ബർ കർഷകർ ഉണ്ട്. റബറിന്റെ വില സമീപകാലത്ത് മിതമായതെങ്കിലും ഗുണകരമായ വർദ്ധനവ് കാണിച്ചുവെന്നിരുന്നാൽ തന്നെയും കർഷകരുടെ മേൽ സാമ്പത്തിക മാന്ദ്യം എന്ന ഭീതിയുടെ 'ഡെമോക്ലസ് വാൾ' ഇപ്പോഴും തൂങ്ങിക്കിടക്കുന്നു. നാളികേരം, തേയില, കാപ്പി, കുരുമുളക്, ഏലം, കശുവണ്ടി, അടയ്ക്ക, ജാതിക്കായ്, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ പോലെയുള്ള മറ്റു നാണ്യവിളകളുടെ കാര്യത്തിലും സ്ഥിതി വ്യത്യസ്തമല്ല. റബർ–നാളികേര സംഭരണത്തിൽ എന്റെ സർക്കാർ നൽകുന്ന സഹായം തുടരുന്നുവെങ്കിലും കേന്ദ്ര സർക്കാരിന്റെ സജീവ

ഇടപെടൽ കൂടാതെ ഈ പ്രതിസന്ധിയിൽ നിന്ന് എളുപ്പത്തിലുള്ള ഒരാശ്വാസം വിദൂരതയിൽ പോലും സാധ്യമല്ല എന്ന് കാണുന്നു.

12. മദ്ധ്യപൂർവ്വ ഏഷ്യയിലെ സാമ്പത്തിക തകർച്ച നേരിടുന്ന പ്രവാസി കേരളീയർ തിരികെ വരുവാൻ ആരംഭിച്ചു എന്നതാണ് എന്റെ സർക്കാർ നേരിടുന്ന ഗൗരവതരമായ മറ്റൊരു പ്രശ്നം. മുഖ്യമായും, ആശ്വാസദായകമായ വിനിമയനിരക്കു കാരണം രൂപയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തേക്ക് വരുന്ന വിദേശ നിക്ഷേപത്തിനെ ഇത് ഇതുവരെ ബാധിച്ചിട്ടില്ല. എന്നാൽ തിരികെ വരുന്ന പ്രവാസി കേരളീയരുടെ എണ്ണത്തിലുള്ള പ്രകടമായ വർദ്ധനവ് വ്യക്തമാണ്. ഈ പ്രവണത തുടരുകയാണെങ്കിൽ, അത് ആഭ്യന്തര ഉത്പാദനത്തെ ബാധിക്കുക മാത്രമല്ല സംസ്ഥാനത്തെ അഭ്യസ്തവിദ്യരും വിദഗ്ദ്ധരുമായ തൊഴിൽരഹിതരുടേയും യോഗ്യതയനുസരിച്ച് തൊഴിൽ ലഭിക്കാത്തവരുടേയും എണ്ണത്തിൽ വർദ്ധനവുണ്ടാക്കുന്നതുമാണ്.

13. വിരോധാഭാസമെന്ന് പറയട്ടെ, 2013–ലെ ദേശീയ ഭക്ഷ്യ സുരക്ഷാ ആക്റ്റ് നടപ്പിലാക്കിയതിനുശേഷം പൊതുവിതരണ സമ്പ്രദായത്തെ ഗുരുതരമായി ബാധിച്ചത് അവശ്യ ഭക്ഷ്യവസ്തുക്കളുടെ വിലനിലവാരത്തിൽ ഗുരുതരമായ വ്യതിയാനം ഉണ്ടാക്കി.

**നവകേരള കർമ്മപദ്ധതി**

14. നിരവധി സാമൂഹ്യ-സാമ്പത്തിക വിപ്ലവങ്ങൾക്ക് സാക്ഷ്യം വഹിച്ച സ്ഥലമാണ് കേരളം. ഭൂപരിഷ്കരണ പ്രസ്ഥാനം, സമ്പൂർണ്ണ സാക്ഷരതാ പരിപാടി, വിദ്യാഭ്യാസ പരിഷ്കരണങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രപരമായ അധികാര വികേന്ദ്രീകരണം എന്നിവയാണ് അവയിൽ ചിലത്. ഈ പ്രസ്ഥാനങ്ങളും അവയ്ക്ക് അടിസ്ഥാനമായ സമ്പന്നമായ ചരിത്ര പാരമ്പര്യവും, മറ്റ് സംസ്ഥാനങ്ങളിൽ ഇതുവരെ ഇല്ലാത്തവിധം നിരവധി മേഖലകളിലുള്ള വളർച്ചയിലേക്ക് സംസ്ഥാനത്തെ മുന്നോട്ട് നയിച്ചു എന്നതിൽ സംശയമില്ല.

15. നമ്മുടെ ജനതയുടെ അടിയന്തിര പ്രാധാന്യമുള്ള നിരവധി ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായകമായ പരിഷ്കരണങ്ങളുടെ ഒരു ശക്തമായ തരംഗമാണ് കേരളത്തിന് ആവശ്യമെന്ന് എന്റെ സർക്കാർ തിരിച്ചറിയുന്നു. ഈ പശ്ചാത്തലത്തിലാണ് എന്റെ സർക്കാർ, നവകേരള കർമ്മപദ്ധതി ആരംഭിച്ചിട്ടുള്ളത്. യുക്തിപൂർവ്വമായ വിലയിരുത്തൽ, ക്രമാനുഗതമായ ആസൂത്രണം, ശ്രദ്ധാപൂർവ്വമായ നടപ്പിലാക്കൽ, ശ്രദ്ധാപൂർവ്വമായ വിതരണം എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ പരിപാടി. സംസ്ഥാനത്തെ ജനതയുടെ ജീവിതത്തെയും ജീവനോപാധിയെയും സ്പർശിക്കുന്ന വിധത്തിലുള്ളതും

അവരുടെ അഭിലാഷങ്ങളെ നിറവേറ്റുവാൻ ഭരണത്തെ രൂപാന്തരപ്പെടുത്തുന്നതുമായ ഒരു രൂപകല്പനയാണ് ഈ പരിപാടി കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രത്യേകിച്ചും ഒഴിവാക്കപ്പെട്ട മുഴുവൻ ജനതയുടെയും പങ്കാളിത്തത്തോടെ ആറ് മുൻഗണനാ മേഖലകളിലായി വ്യാപിക്കുന്ന നാലു ദൗത്യങ്ങളാണ് നവകേരള കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

16. കഴിഞ്ഞ കാലങ്ങളിലെ വിവിധ വികസന ഉദ്യമങ്ങളിൽ നിന്നും ഇതുവരെ ഒഴിവാക്കപ്പെട്ടവർക്ക് നിലവാരമുള്ള അടിസ്ഥാന സാമൂഹിക സാമ്പത്തിക സേവനങ്ങൾ ഉറപ്പുവരുത്തുന്നതാണ്. ദരിദ്രരിൽ ദരിദ്രരായവരും, നിരാലംബരായ വിധവകളും വയോധികരും ഗുരുതരരോഗം ബാധിച്ചവരും ഗോത്രവർഗ്ഗ സമൂഹവും അതുപോലുള്ളവരും ഉൾപ്പെടെ സമൂഹത്തിലെ ഏറ്റവും ദുർബ്ബല വിഭാഗത്തിൽപ്പെട്ടവരെയും ലക്ഷ്യമിട്ടുകൊണ്ടുള്ളതാണിത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തലത്തിൽ വിവിധ വികസന പരിപാടികൾ കേന്ദ്രീകരിക്കുക എന്നതിൽ ഊന്നിയുള്ളതായിരിക്കും നടപ്പിലാക്കൽ നയം.

(i) സുരക്ഷിതമായ ഭക്ഷണത്തിനുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതും, ശുചീകരണവും സുരക്ഷിതമായ മാലിന്യ നിർമ്മാർജ്ജനം, സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സുസ്ഥിര വികസനം എന്നിവ

സംയോജിപ്പിക്കുന്നതിന് **'ഹരിതകേരള മിഷൻ'** ലക്ഷ്യമിടുന്നു. ജൈവമാലിന്യങ്ങൾ വീടുകളിൽ വച്ചുതന്നെ വേർതിരിക്കുക, അവയുടെ സുരക്ഷിത നിർമ്മാർജ്ജനം, നോൺ-ഡീഗ്രേഡബിളും ഇലക്ട്രോണിക്കും ആയ മാലിന്യത്തിന്റെ പുനരുപയോഗവും റീസൈക്ലിംഗും, സുരക്ഷിത നിർമ്മാർജ്ജനവും, എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ളതായിരിക്കും ഈ പ്രവർത്തനങ്ങൾ. ജലവിഭവമേഖലയിൽ ജലാശയങ്ങൾ, കുളങ്ങൾ, അരുവികൾ, നദികൾ എന്നിവയുടെ പുനരുജ്ജീവനത്തിലായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഭക്ഷ്യ സുരക്ഷിതമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ഉത്പാദിപ്പിക്കുന്നതിനായി ജൈവകൃഷി സ്വീകരിക്കുന്നതും അടുത്ത അഞ്ചു വർഷത്തിനകം സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതുമാണ്.

(ii) സംസ്ഥാനത്തെ ദരിദ്രർക്കും സാധാരണ പൗരന്മാർക്കും വേണ്ടി ഒരു ത്രിതല ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെടുത്തുന്നതിൽ ആരോഗ്യമേഖലയിലെ ദൗത്യമായ **'ആർദ്രം'** പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സർക്കാർ ആശുപത്രികളെ രോഗി സൗഹൃദമാക്കുക, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കുക, ഗുണനിലവാരമുള്ള ആരോഗ്യ പരിപാലനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുക എന്നിവ ഈ പരിപാടിയിൽ ഉൾപ്പെടുന്നു.

(iii) വിദ്യാഭ്യാസമേഖലയിലെ ദൗത്യം, **കോംപ്രിഹെൻസീവ് പബ്ലിക് എജ്യുക്കേഷൻ റീജുവനേഷൻ മിഷൻ** 1000 സർക്കാർ വിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള നിർണ്ണായകമായ വിദ്യാഭ്യാസ പരിഷ്ക്കരണത്തിന് ലക്ഷ്യമിടുന്നു. ഐ.സി.ടി.-യിൽ അധിഷ്ഠിതമായ പഠനം ഏർപ്പെടുത്തിക്കൊണ്ടും ഓരോ ക്ലാസ്സുമുറിയും 'സ്മാർട്ട് ക്ലാസ്സായി' രൂപാന്തരപ്പെടുത്തിക്കൊണ്ടും നിലവിലുള്ള ആവശ്യങ്ങളെ നിറവേറ്റുന്നതിന് പാഠ്യപദ്ധതിയുടെ നിലവാരം ഉയർത്തും. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രയോജനകരമാകും വിധം വിദ്യാഭ്യാസ പരിപാടികൾ ആവിഷ്ക്കരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. തദ്ദേശവാസികളുടെയും അദ്ധ്യാപക രക്ഷാകർതൃ സംഘടനയുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും പൂർണ്ണ ഇടപെടലോടും പങ്കാളിത്തത്തോടും കൂടി ഇത് നടപ്പിലാക്കുന്നതാണ്.

(iv) **ടോട്ടൽ ഹൗസിംഗ് മിഷൻ – ലൈഫ്** (ലൈവ്ലിഹുഡ് ഇൻക്ലൂഷൻ ആന്റ് ഫിനാൻഷ്യൽ എംപവർമെന്റ്) അഞ്ചു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ 4.32 ലക്ഷം ഭവനരഹിതർക്ക് സുരക്ഷിതമായ പാർപ്പിടം നൽകുന്നതിന് ലക്ഷ്യമിടുന്നു. അവരുടെ ജീവനോപാധികൾ തുടരുന്നതിനും പ്രാഥമിക ആരോഗ്യ സംരക്ഷണം, വയോജന സഹായം, നൈപുണ്യ

വികസനം, സാമ്പത്തിക സഹായം നൽകുക ഉൾപ്പെടെ സാമൂഹ്യ സേവന സംരക്ഷണം എന്നിവ സഹിതം ആധുനിക പാർപ്പിട സമുച്ചയങ്ങൾ ഭവനരഹിതർക്ക് നൽകുന്നതാണ്.

17. മുഖ്യമന്ത്രിയും, ബന്ധപ്പെട്ട മന്ത്രിമാരും ഇതിന്റെ ആദ്ധ്യക്ഷ്യം വഹിക്കുന്നതാണ്. എല്ലാ മിഷനുകളിലും പ്രതിപക്ഷ നേതാവ് പ്രത്യേക ക്ഷണിതാവ് ആയിരിക്കുന്നതാണ്. ജില്ലാ കലക്ടർമാരോടൊപ്പം, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജില്ലാ മിഷന്റെ നേതൃത്വം വഹിക്കുന്നതാണ്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു എംപവേർഡ് കമ്മിറ്റി ഒരു അതിവേഗ ഏകജാലക ക്ലിയറൻസ് സംവിധാനമായി പ്രവർത്തിക്കുന്നതാണ്.

**ജനകീയ ആസൂത്രണം**

18. അന്താരാഷ്ട്ര പ്രശസ്തിയാർജ്ജിച്ച പ്രസ്ഥാനമായ ജനകീയ ആസൂത്രണവുമായി മുൻപോട്ട് പോകവേ തന്നെ ഇടയ്ക്കു വച്ച് പ്രസ്തുത പരിപാടിക്ക് നഷ്ടമായ ജനകീയ പങ്കാളിത്തവും സുതാര്യതയും തിരിച്ചുകൊണ്ടുവന്ന് അതിനെ വീണ്ടും ഊർജ്ജസ്വലമാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇത് അനുഭവജ്ഞാനത്തിൽ നിന്നുള്ള പാഠങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ളതും താഴെ പറയുന്നവയ്ക്ക് ഊന്നൽ നൽകുകയും ചെയ്യുന്നതാണ്.

യശഃശ്ശരീരനായ ശ്രീ. ഇം.എം.എസ്. നമ്പൂതിരിപ്പാട് ശക്തമായി മുന്നോട്ട് വെച്ച ഒരു ആശയമായ തദ്ദേശ വിദഗ്ദ്ധരേയും പ്രൊഫഷണലുകളേയും സന്നദ്ധസേവക രായി ഉൾപ്പെടുത്തുകയും തദ്ദേശ സർക്കാരിനെ സഹായി ക്കുന്നതിനായി വിദ്യാഭ്യാസ ഗവേഷണ പരിശീലന സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുക.

ആസൂത്രണം കൂടുതൽ ഡാറ്റാ അധിഷ്ഠിതവും തെളിവ് അടിസ്ഥാനപ്പെടുത്തിയതും ഉള്ളതാക്കുവാൻ അതിന്റെ ഗുണമേന്മ ഉയർത്തുകയും നടപ്പിലാക്കുന്ന തിന്റെ നിലവാരം ഉറപ്പുവരുത്തുകയും ചെയ്യുക.

സാമൂഹികാവസരങ്ങൾ ഇല്ലാത്തവരിലേക്ക് എത്തി ച്ചേരും വിധം എല്ലാ പ്രക്രിയയും കൂടുതൽ സാമൂഹിക പങ്കാളിത്തമുള്ളതാക്കി മാറ്റുക.

19. സമീപഭാവിയിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിനും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിനും ഉചിതമായ ഭേദഗതികൾ കൊണ്ടുവന്ന് എല്ലാ ആസൂത്രണ നടപടികൾക്കും നിയമപരമായ സംരക്ഷണം നൽകുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ, കാര്യക്ഷമമായ സ്ഥാപനങ്ങളായി പ്രവർത്തിക്കുവാൻ പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റി കളേയും പ്രാപ്തമാക്കുന്നതാണ്.

20. നവകേരള കർമ്മപദ്ധതിക്ക് കീഴിൽ ആരംഭിച്ചിട്ടുള്ള ദൗത്യങ്ങൾ, അവ മൗലികമായി ബന്ധപ്പെട്ടതായതിനാൽ ജനകീയാസൂത്രണത്തിന് ഒരു ഉണർവ്വ് നൽകുന്നു. ഈ ദൗത്യങ്ങൾ ഫലപ്രാപ്തിയുള്ള ആസൂത്രണം കൈവരിക്കുന്നതിന് അധിക പ്രൊഫഷണൽ സഹായവും തദ്ദേശ സർക്കാരുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്. ഇപ്പോഴത്തെ നിലവാരമനുസരിച്ച് അടുത്ത പദ്ധതി കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ചെലവ് 60,000 കോടി രൂപ ആണെന്നതിനാൽ ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തിന് പരമപ്രാധാന്യമുണ്ടെന്ന് എന്റെ സർക്കാർ തിരിച്ചറിയുന്നു.

**അന്താരാഷ്ട്ര തലത്തിൽ യശസ്സ് വർദ്ധിപ്പിക്കൽ**

21. എന്റെ സർക്കാർ അധികാരമേറ്റതിനുശേഷം, ഏഴ് എംബസികളുടേയും കോൺസുലേറ്റുകളുടേയും പ്രതിനിധികൾ സംസ്ഥാനവുമായി ചർച്ചകൾ നടത്തുകയുണ്ടായി. വ്യവസായം, വിനോദസഞ്ചാരം, സ്പോർട്സ്, കാർഷിക പ്രക്രിയയിലൂടെയുള്ള (അഗ്രോപ്രോസസ്സ്) മൂല്യവർദ്ധനവ് എന്നീ തിരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ സഹകരിച്ചു പ്രവർത്തിക്കുവാൻ അവർ അവരുടെ താത്പര്യം പ്രകടിപ്പിക്കുകയുണ്ടായി. ഈ യശസ്സ് വർദ്ധിപ്പിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളുമായി

നിരന്തരം ഏകോപിച്ചു പ്രവർത്തിക്കുന്നതിനായി പ്രൊഫഷണൽ സഹായത്തോടു കൂടിയുള്ള "ഒരു റെസ്പോൺസീവ് സിസ്റ്റം" സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**അടിസ്ഥാന സൗകര്യം**

22. എന്റെ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് പ്രധാനപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കാത്ത കാരണത്താൽ സംസ്ഥാനത്തിലെ പല പ്രധാന അടിസ്ഥാന സൗകര്യ പദ്ധതികളും സ്തംഭനാവസ്ഥയിലായിരുന്നു. ചുവപ്പു നാടയുടെ കെട്ടുപാടിൽ നിന്നും കാര്യക്ഷമതയില്ലായ്മയിൽ നിന്നും പ്രധാനപ്പെട്ട നിരവധി പദ്ധതികളെ വിമുക്തമാക്കുന്നതിന് എന്റെ സർക്കാരിന് സാധ്യമായി. ദേശീയപാതകൾക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലും വികസനവും, ജി.എ.ഐ.എൽ (GAIL) പൈപ്പ്ലൈൻ പ്രോജക്റ്റ്, കൊച്ചി–ഇടമൺ പവർ ഹൈവേ, തിരുവനന്തപുരം –കോഴിക്കോട്–കണ്ണൂർ വിമാനത്താവളങ്ങളുടെ വികസനം, സ്മാർട്ട് സിറ്റി എന്നീ പദ്ധതികളെ അതിവേഗം പൂർത്തിയാക്കുന്നതിനായി അവയെ ആസൂത്രിതമായ പാതയിലേക്ക് എത്തിച്ചു.

23. 2016 നവംബർ മാസം നടന്ന കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന്റെ (കെ.ഐ.ഐ. എഫ്.ബി) ആദ്യ യോഗത്തിൽ നാലായിരത്തിലധികം

കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകുകയുണ്ടായി. 2017 മാർച്ചിന് മുമ്പ് പതിനായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകാൻ കഴിയുമെന്ന് എന്റെ സർക്കാരിന് വിശ്വാസമുണ്ട്. വിപുലമായ തോതിലുള്ള അടിസ്ഥാന സൗകര്യ ആസൂത്രണം, രൂപകൽപന, നിർവ്വഹണം എന്നിവയുടെ സഹായത്തിന് ആവശ്യമായ സാങ്കേതികവും, വിവര സാങ്കേതിക വിദ്യാപരവുമായ അടിസ്ഥാന സൗകര്യങ്ങൾ ദ്രുതഗതിയിൽ സ്ഥാപിച്ചുവരുന്നു. സാങ്കേതികമായ യോഗ്യത നേടിയവരെയും മാനേജീരിയൽ പ്രൊഫഷണൽ ടീമിനേയും തിരഞ്ഞെടുക്കുന്നത് നടന്നുവരുന്നു. പദ്ധതികൾക്കായുള്ള ആദ്യ ബാച്ച് ദർഘാസുകൾ 2017 ഏപ്രിൽ മാസത്തോടു കൂടി നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

24. കിഫ്ബി (കെ.ഐ.ഐ.എഫ്.ബി.) മുഖേന അടിസ്ഥാന സൗകര്യ വികസനത്തിനായി നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായുള്ള ഒരു അതുല്യമായ നയം എന്റെ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രവാസി കേരളീയർ, പ്രവാസി ഭാരതീയർ, വിദേശ സർക്കാരുകൾ എന്നിവരിൽ നിന്നുമുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നത് ഉറപ്പുവരുത്തുന്നതിന് ഗൾഫ് രാജ്യങ്ങളിൽ നിക്ഷേപ സമാഹരണ പരിപാടിയുടെ ആദ്യഘട്ടം സംഘടിപ്പിക്കുകയുണ്ടായി.

25. സംസ്ഥാനത്ത് വ്യാപാരം അനായാസമായി നടത്തുകയും, നിക്ഷേപത്തിന് അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നത് ഉറപ്പുവരുത്തുന്നതിനും, (i) സസ്റ്റെയിനബിൾ റെസ്പോൺസിബിൾ ഇൻഡസ്ട്രീസിൽ (എസ്.ആർ.ഐ.) പ്രഥമസ്ഥാനമുള്ള സംസ്ഥാനമായും, (ii) നിരന്തരമായ നൈപുണ്യ വികസനത്തിലൂടെ സർവ്വീസ് ഇൻഡസ്ട്രീസിൽ പ്രഥമസ്ഥാനമുള്ള സംസ്ഥാനമായും (iii) സുസ്ഥിരവും ശാസ്ത്രീയവുമായ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കൃഷി ചെയ്യുന്നതിൽ പ്രഥമ സ്ഥാനമുള്ള സംസ്ഥാനമായും കേരളത്തെ മാറ്റുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അഴിമതിരാഹിത്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഇത് സംബന്ധിച്ച് ബൃഹത്തായ പരിഷ്കാരങ്ങൾ ഏറ്റെടുക്കുന്നതാണ്.

**ആസൂത്രണം**

26. ക്രമമായ ആസൂത്രണത്തിലൂടെ മാത്രമേ സംസ്ഥാനത്തിന് ഉചിതവും സംയോജിതവുമായ ദിശയിൽ വളരുവാൻ കഴിയുകയുള്ളൂ എന്ന ഉറച്ച വിശ്വാസം എന്റെ സർക്കാരിനുണ്ട്. ആസൂത്രിത വികസനമെന്ന ആശയത്തിൽ നിന്നും വ്യതിചലിക്കുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ ദീർഘവീക്ഷണമില്ലാത്ത സമീപനം ഉണ്ടായിരുന്നിട്ടുകൂടി, പഞ്ചവത്സര പദ്ധതിയെന്ന ആശയത്തെ മുറുകെ പിടിക്കുന്ന

ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കേന്ദ്രസർക്കാർ പ്ലാനിംഗ് കമ്മീഷൻ നിർത്തലാക്കുകയും നീതി ആയോഗ് ആരംഭിക്കുകയും ചെയ്തു. ആയത് രാജ്യത്ത് ദശാബ്ദങ്ങളായി നിലനിന്നുവരുന്ന വിജയകരമെന്ന് തെളിയിക്കപ്പെട്ട സംവിധാനമായ പഞ്ചവത്സര പദ്ധതി രൂപീകരിക്കുന്നതിൽ നിന്നുള്ള വ്യതിയാനമാണ്. തത്ഫലമായി പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യാ ശതമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഷെഡ്യൂൾഡ് കാസ്റ്റ് സബ് പ്ലാൻ (SCSP) ട്രൈബൽ സബ് പ്ലാൻ (TSP) അലൊക്കേഷൻ കൂടി നിർത്തലാക്കപ്പെടുന്നതും ഇത് ആ ജനസമൂഹങ്ങളിൽ ധാരാളം ആശങ്കകൾ ജനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും എന്റെ സർക്കാർ പഞ്ചവത്സരപദ്ധതി രൂപീകരണരീതി അടിസ്ഥാനമാക്കി പദ്ധതി നടപടികളുമായി മുന്നോട്ടുപോകാൻ തീരുമാനിക്കുകയും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണ നടപടികൾ ഇതിനകം ആരംഭിക്കുകയും ആയതിൽ എസ്.സി.പി/റ്റി.എസ്.പി. (SCP/TSP) ഘടകങ്ങൾ നിലനിർത്തുകയും ചെയ്യും.

27. കേരളത്തിലെ ഓരോ ജില്ലയുടെയും സമഗ്രമായ വികസനത്തിനായി പതിമൂന്നാം പഞ്ചവത്സര പദ്ധതി മുതൽ സമഗ്ര ജില്ലാ വികസന പദ്ധതികൾ നടപ്പിലാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. എല്ലാ

വർഷവും സംസ്ഥാന ബജറ്റ് അവതരിപ്പിച്ചതിനുശേഷം സംസ്ഥാന പ്ലാനുകളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും കീഴിൽ ഓരോ ജില്ലയ്ക്കും അനുവദിക്കുന്ന ഫണ്ടുകൾ വകുപ്പുകൾ വ്യക്തമാക്കേണ്ടതും സംസ്ഥാന ആസൂത്രണ ബോർഡ് ജില്ലാ പ്ലാനുകൾ തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണ കമ്മിറ്റികളെ സഹായിക്കുന്നതുമാണ്.

28. നമ്മുടെ സമൂഹത്തിലെ ദരിദ്രരും അടിച്ചമർത്തപ്പെട്ടവരുമായ വിഭാഗങ്ങൾക്ക് സഹായം നൽകുന്നതിനായി നിരവധി ക്ഷേമപദ്ധതികൾ സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും ഏർപ്പെടുത്തിയിട്ടുണ്ട്. ചില കേന്ദ്ര സർക്കാർ പദ്ധതികൾ സംസ്ഥാനത്തിന്റെ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതല്ല. അത്തരം പദ്ധതികളെ അർത്ഥപൂർണ്ണമായി സംയോജിപ്പിക്കേണ്ടതും ആവശ്യമായിടത്തെല്ലാം പുതിയ ഘടകങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഗുണഭോക്താക്കൾക്ക് ഉചിതമായി മാറ്റേണ്ടതുമാണ്. ഈ പദ്ധതികൾ പുനരാവിഷ്കരിക്കുന്നതിനും വിശദമായ മാർഗ്ഗരേഖകൾ ആവിഷ്കരിക്കുന്നതിനും ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതാണ്.

29. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, മെച്ചപ്പെട്ട ആസൂത്രണത്തിനായി കേരളത്തിലെ സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളെക്കുറിച്ച് ഒരു സമഗ്ര സർവ്വെ നടത്തുന്നതാണ്. നവകേരള കർമ്മ പദ്ധതിയുടെ

കീഴിലുള്ള നീർത്തട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും കേരള സംസ്ഥാന ലാന്റ് യൂസ് ബോർഡ് സാങ്കേതിക വിവരങ്ങൾ നൽകുന്നതാണ്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൺവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി) റിമോട്ട് സെൻസിംഗ് ജി.ഐ.എസ് അടിസ്ഥാനമാക്കിയുള്ള ആപ്ലിക്കേഷനുകളും മുഖേന നവകേരള കർമ്മ പദ്ധതിക്ക് തീരുമാനമെടുക്കുന്നതിനുള്ള സഹായം നൽകുന്നതാണ്.

**സ്ത്രീസംരക്ഷണവും പരിസ്ഥിതിയും**

30. സ്ത്രീകൾക്ക് അങ്ങേയറ്റം സുരക്ഷ നൽകുന്നുവെന്ന് എന്റെ സർക്കാർ ഉറപ്പ് വരുത്തുന്നതാണ്. അവരുടെ ജീവന് സുരക്ഷിതത്വവും ഭദ്രതയും നൽകുന്നതിനാവശ്യമായ എല്ലാ നടപടികളും എടുക്കുന്നതാണ്. എന്റെ സർക്കാർ അവരുടെ അന്തസ്സിന് യാതൊരു കോട്ടവും വരുത്തില്ലെന്നും സ്ത്രീകൾക്ക് അധിക്ഷേപമായി കരുതാവുന്ന ഏതൊരു നടപടിയും ആരിൽ നിന്നുണ്ടായാലും മാപ്പ് കൊടുക്കില്ലെന്നും മഹനീയമായ ഈ സഭയ്ക്ക് ഞാൻ ഉറപ്പ് നൽകട്ടെ.

31. എന്റെ സർക്കാർ, ചരിത്രത്തിൽ ഇതിനകം ഒരു പുതുയുഗത്തിന്റെ ആഗമനം വിളംബരം ചെയ്ത് കൊണ്ട് സ്ത്രീകൾക്കായി ഒരു പ്രത്യേക വകുപ്പ്

ആരംഭിക്കുന്നതിന് തീരുമാനിക്കുകയും, അത് പ്രാവർത്തിക മാക്കുന്നതിന്റെ അന്തിമഘട്ടത്തിലുമാണ്. ഇത്തരം മാതൃകാ പരമായ നയങ്ങൾ അടുത്ത തലത്തിലേക്ക് കൊണ്ടുവരുന്ന തിനായി എന്റെ സർക്കാർ, താലൂക്ക് തലങ്ങളിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതാണ്. കൂടാതെ മുൻകൂട്ടി പ്രഖ്യാപിച്ച തീയതിയിലും സമയത്തും എല്ലാ പഞ്ചായത്തുകളിലും ഒരു വനിതാ പോലീസ് ഓഫീസറുടെ സന്ദർശനം നിർബന്ധിതമാക്കുന്നതുമാണ്.

32. എന്റെ സർക്കാർ, പ്രഥമ വനിതാ ബറ്റാലിയന് ഈ വർഷം ഇതിനകം തുടക്കമിട്ടിട്ടുള്ളതും സേനയിൽ വനിത കളുടെ പ്രാതിനിധ്യം 15 % ഉയർത്തുന്നതിന് പ്രതിജ്ഞാ ബദ്ധവും ആയത് ഏറ്റവും കുറഞ്ഞത് 50 % ആയിരിക്കണ മെന്ന് വിശ്വസിക്കുകയും ചെയ്യുന്നു.

33. സാമൂഹ്യ നീതി വകുപ്പിൻ കീഴിലെ നിർഭയ സെല്ലിൻ കീഴിലുള്ള ഹോമുകൾ മിനിമം നിലവാരത്തി ലുള്ള സുരക്ഷ ഉറപ്പാക്കുന്നതിനായി ആധുനികവൽക്കരി ക്കുന്നതും നവീകരിക്കുന്നതുമാണ്. സംസ്ഥാനത്ത് നിർഭയ സെൽ പ്രശംസനീയമായ രീതിയിൽ പ്രവർത്തി ക്കുന്നുണ്ടെങ്കിലും ഒരു കോംപ്രിഹെൻസീവ് വിക്റ്റിം റിലീഫ് ഫണ്ടിന്റെ അഭാവം കേരളത്തിനുണ്ട്. ഇരകളായ വരിൽ ചിലർക്ക് കുറച്ച് തുക ലഭിച്ചെങ്കിലും അവർക്കു ണ്ടായ നഷ്ടങ്ങൾക്ക് അവർക്ക് കിട്ടേണ്ടിയിരുന്ന

ആശ്വാസം ഈ ന്യൂനതമൂലം വൈകുകയുണ്ടായി. ലൈംഗിക കുറ്റകൃത്യങ്ങൾക്ക് ഇരയായ കുട്ടികൾക്കും മുതിർന്നവർക്കും ഇടക്കാലാശ്വാസം നൽകുന്നതിനായി ഒരു കോംപ്രിഹെൻസീവ് വിക്റ്റിം റിലീഫ് ഫണ്ട് എന്റെ സർക്കാർ രൂപീകരിക്കും.

34. ക്രിമിനൽ സ്വഭാവം നിരുത്സാഹപ്പെടുത്തുന്ന സാമൂഹികമായ ഭീതിയുടെ അഭാവം മൂലം ലൈംഗിക കുറ്റകൃത്യങ്ങൾ ശിക്ഷയിൽ നിന്നും ഒഴിവാക്കപ്പെടുന്നത് വർദ്ധിച്ചുവരുന്നത് രാജ്യത്താകമാനം വളർന്നുവരുന്ന ആശങ്കയാണ്. ലൈംഗിക കുറ്റവാളികളെ തിരിച്ചറിയാനുള്ള എല്ലാ വിവരങ്ങളും അടങ്ങുന്ന ലൈംഗിക കുറ്റവാളികളുടെ ഒരു രജിസ്റ്റർ കുറ്റകൃത്യങ്ങളിൽ നിന്നും ഭയം മൂലം പിന്തിരിപ്പിക്കപ്പെടുന്നത് ഉറപ്പാക്കുവാനായി എന്റെ സർക്കാർ ഏർപ്പെടുത്തുന്നതാണ്. ഇത് രാജ്യത്തിലെതന്നെ ആദ്യത്തേതായിരിക്കുന്നതും പൊതുജനങ്ങൾക്ക് പ്രാപ്യമാകും വിധം സൂക്ഷിക്കുന്നതുമാണ്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ**

35. മുൻപ് സൂചിപ്പിച്ച പോലെ 2016 നവംബർ 1–ന് ഗ്രാമീണ കേരളത്തെ "തുറസ്സായ പ്രദേശങ്ങളിലെ വിസർജ്ജ്യ വിമുക്ത"മായി പ്രഖ്യാപിച്ചു എന്ന ചരിത്രപരമായ നേട്ടം കൈവരിച്ചതിൽ എന്റെ സർക്കാരിന്

അഭിമാനമുള്ളതും ഈ നേട്ടം കൈവരിക്കുന്ന ഭാരതത്തിലെ ജനസാന്ദ്രത ഏറിയ സംസ്ഥാനങ്ങളിൽ ഒന്നായി ഇതു തീരുകയും ചെയ്തു. 2017 മാർച്ച് 31-ഓടുകൂടി സംസ്ഥാനത്തെ നഗരപ്രദേശങ്ങളേയും "തുറസ്സായ പ്രദേശങ്ങളിലെ വിസർജ്ജ്യ വിമുക്ത" മാക്കി (ODF) മാറ്റുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

36. പദ്ധതികളെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ ആയതിനാൽ അവ ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആയിരിക്കുന്നതാണ്. സാങ്കേതിക സഹായം, സാങ്കേതിക വിദ്യ കൈമാറ്റം, വകുപ്പുകളുടെ വർദ്ധിച്ച തോതിലുള്ള പങ്കാളിത്തം, അധിക വിഭവങ്ങൾ എന്നിവയുടെ സംഗതിയിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ഗണ്യമായ നേട്ടം കൈവരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സാധ്യമായിടത്തോളം, വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, പ്രകൃതിവിഭവ പരിപാലന മേഖല എന്നിവയിൽ ഏക സംയോജിത പ്ലാൻ ഉണ്ടായിരിക്കുമെന്നതാണ് പ്രധാന ഫലം.

37. സേവന പെൻഷൻ വഴി ഏകദേശം നാല്പത്തിയൊമ്പത് ലക്ഷം ഗുണഭോക്താക്കൾക്ക് അവരുടെ പടിവാതിൽക്കൽ ക്ഷേമ പെൻഷനുകൾ

എത്തിക്കുന്നതിൽ എന്റെ സർക്കാരിന് തികഞ്ഞ അഭിമാനമുണ്ട്. ഗുണഭോക്താക്കളുടെ പട്ടികയുടെ കൃത്യത പരിശോധിക്കുന്നത് പൂർത്തിയായാലുടൻ എല്ലാ മാസവും കൃത്യമായി ക്ഷേമ പെൻഷൻകാർക്ക് പെൻഷൻ നല്കുന്നത് ഉറപ്പാക്കുവാൻ സാധ്യമാകുന്നതാണ്.

38. വാഗ്ദാനം ചെയ്തതുപോലെ 'സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റി'നെ (SIRD) സംയോജിപ്പിച്ചും അട്ടപ്പാടിയിലെ 'അഹാഡ്സി'ന്റെ ആസ്തികൾ ആർജ്ജിച്ചു കൊണ്ടും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) ഗണ്യമായി വളർച്ച കൈവരിച്ചിട്ടുള്ളതും മറ്റു സംസ്ഥാനങ്ങളിൽ മാത്രമല്ല മറ്റു രാജ്യങ്ങളിൽ പ്രത്യേകിച്ചും ഏഷ്യയിലും ആഫ്രിക്കയിലും പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചുകൊണ്ട് അതിനെ തദ്ദേശ ഭരണത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്ഥാപനമായി ഉയർത്തുന്നതാണ്.

39. തദ്ദേശ സ്വയം ഭരണ വകുപ്പുകളിൽ ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, മലപ്പുറം ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും വസ്തു നികുതി ഇ-പെയ്മെന്റ് സംവിധാനം വഴി അടയ്ക്കുന്നതിന് ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കുകയും മറ്റ് എല്ലാ ജില്ലകളിലേക്കും ഉടൻ തന്നെ ഇത് ലഭ്യമാക്കുകയും ചെയ്യുന്നതാണ്.

40. സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിൽ മാലിന്യ സംസ്കരണത്തിനായി പുതിയ ഒരു പി.പി.പി മാതൃകയിലുള്ള മാലിന്യനിർമ്മാജ്ജന പ്രോജക്റ്റ് ആരംഭിച്ചിട്ടുള്ളതും അനുയോജ്യമെന്ന് കാണുകയാണെങ്കിൽ മറ്റ് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലേക്ക് ആയത് വ്യാപിപ്പിക്കുന്നതുമാണ്. സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിലും വില്ലേജുകളിലും ആധുനിക പൊതുശ്മശാനവും ആധുനിക അറവുശാലകളും എന്റെ സർക്കാർ നിർമ്മിക്കുന്നതാണ്.

41. ആട്ടോമേറ്റഡ് ഇന്റലിജന്റ് സോഫ്റ്റ്വെയർ ഉപയോഗിച്ചുകൊണ്ട് കോർപ്പറേഷനുകളിൽ നിന്നും പ്രധാന നഗരങ്ങളിൽ നിന്നും കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകുന്നത് ഏകീകരിക്കുന്നതിനും ലഘൂകരിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കോഴിക്കോട് കോർപ്പറേഷനിൽ ഈ നടപടികൾ ആരംഭിച്ചിട്ടുള്ളതും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എല്ലാ തലത്തിലും അഴിമതി ഇല്ലാതാക്കുന്നതിന് 'ഫോർ ദ പീപ്പിൾ' എന്ന വെബ് അടിസ്ഥാനമാക്കിയുള്ള ഇ-പ്ലാറ്റ് ഫോം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

42. എന്റെ സർക്കാർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയിട്ടുള്ള ജോലികളുടെ ഗുണമേന്മയിൽ ശ്രദ്ധ

കേന്ദ്രീകരിക്കാൻ ഉദ്ദേശിക്കുന്നു. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ തൊഴിലാളി ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നതും തുടർച്ചയായുള്ള തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് അവരെ വൈദഗ്ദ്ധ്യമുള്ളവരാക്കി തീർക്കുകയും ചെയ്യുന്നതാണ്. ലേബർ ബജറ്റിംഗ് പ്രക്രിയയ്ക്ക് ഗുണമേന്മ നൽകുന്നതിന് എല്ലാ ബ്ലോക്കുകളിലും ഫെസിലിറ്റേഷൻ ടീമുകൾ സ്ഥാപിക്കുന്നതാണ്. മേൽനോട്ടം വഹിക്കുന്നതിനായി ബെയർഫൂട്ട് ടെക്നീഷ്യൻമാർക്ക് പരിശീലനം നൽകുകയും അവരിൽ സ്ത്രീകൾക്ക് മുൻഗണന നൽകികൊണ്ട് പരമാവധി തൊഴിൽദിനങ്ങൾ നൽകിയ പാവപ്പെട്ട കുടുംബങ്ങളിൽ നിന്നും തിരഞ്ഞെടുക്കുന്നതുമാണ്. ഇങ്ങനെ 1000 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുവാൻ സാധ്യമാകുമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു.

43. സജീവ ജനപങ്കാളിത്തം ഉറപ്പാക്കുന്ന പ്രചരണ രീതിയിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള സമഗ്രമായ ഒരു സമീപനം സ്വീകരിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ജൈവ പച്ചക്കറി കൃഷിയും മാലിന്യനിർമ്മാർജ്ജനവും പരസ്പര പൂരകമാകുന്ന വിധത്തിൽ സംയോജിപ്പിക്കുന്നതാണ്.

**ധനകാര്യ മാനേജ്മെന്റ്**

44. എന്റെ സർക്കാർ, ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്) നടപ്പിലാക്കുന്നത് പൂർത്തിയാക്കുന്നതും 2017–2018 മുതൽ അത്

പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതുമാണ്. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർ ബാങ്കിംഗ് സിസ്റ്റം സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും പൂർത്തിയാക്കിയിട്ടുണ്ട്. ഈ രണ്ടു സുപ്രധാന പ്രോജക്ടുകളോടെ നമ്മുടെ സംസ്ഥാനത്തെ ട്രഷറികൾ രാജ്യത്തെ ഏറ്റവും മികച്ചതായിത്തീരും. ട്രഷറി മുഖേന യൂട്ടിലിറ്റി പേയ്മെന്റുകൾ നടത്താനുള്ള സൗകര്യവും, ഇടപാടുകാർക്ക് വീട്ടിൽ ഇരുന്നുകൊണ്ട് തന്നെ അവരുടെ യൂട്ടിലിറ്റി പേയ്മെന്റുകൾ നൽകുന്നതിന് നെറ്റ് ബാങ്കിംഗ് സൗകര്യവും ഏർപ്പെടുത്തുന്നതിനായി കോർ ബാങ്കിംഗ് സൊലൂഷൻസ് ഉപയോഗപ്പെടുത്തുക എന്നതാണ് അടുത്ത നടപടി. പെൻഷൻ ക്രെഡിറ്റു ചെയ്യുന്നതിനും, ശമ്പളം ക്രെഡിറ്റു ചെയ്യുന്നതിനും, ട്രഷറി സേവിംഗ്സ് ബാങ്കിൽ നിന്നുള്ള പിൻവലിക്കലുകൾക്കും മറ്റുള്ളവയ്ക്കും വേണ്ടി എസ്.എം.എസ് (SMS) പോലുള്ള നിരവധി സേവനങ്ങൾ എം–ഗവേണൻസിന്റെ മൊബൈൽ ആപ്ലിക്കേഷൻസ് വഴി ട്രഷറികളിൽ ഉടൻ ലഭ്യമാക്കുന്നതാണ്. കൂടാതെ, ട്രഷറികളിലെ ഇടപാടുകാർക്കുവേണ്ടിയുള്ള നെറ്റ് ബാങ്കിംഗ് സൗകര്യവും ഉടൻ തന്നെ നടപ്പിൽ വരുത്തുന്നതാണ്. സംസ്ഥാനത്ത് കേന്ദ്രീകൃത പെൻഷൻ ഡാറ്റാ ബേസ് PIMS നടപ്പിലാക്കിയിട്ടുള്ളതും സംസ്ഥാന സർക്കാർ പെൻഷൻകാരുടെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുന്നതുമാണ്. പെൻഷൻകാർക്കുവേണ്ടി ഒരു പബ്ളിക് പോർട്ടൽ

താമസിയാതെ തന്നെ ഏർപ്പെടുത്തുന്നതും അത് പെൻഷൻകാർക്ക് നൽകിയിട്ടുള്ള യൂസർ ക്രെഡൻഷ്യൽസ് ഉപയോഗിച്ച് അവരുടെ പെൻഷൻ വിശദാംശങ്ങൾ അറിയുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നതാണ്.

45. ഓഫീസ് പരിസരവും സൗകര്യങ്ങളും, ഇടപാടുകാർക്ക് ഏറ്റവും "ഉപയോഗ സൗഹൃദം" (user friendly) ആക്കുന്നതിനായി നിരവധി ട്രഷറികളിലെ ജീവനക്കാർ സ്വമേധയാ അധിക ജോലി ചെയ്യുന്നു എന്നത് പ്രശംസനീയമാണ്. അടുത്ത സാമ്പത്തിക വർഷത്തിന് മുമ്പായി, നമ്മുടെ എല്ലാ ട്രഷറികളിലേക്കും ഇത് വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന വ്യാപകമായി ഒരു പ്രചരണ പരിപാടി പൂർത്തിയാക്കാമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നതും അതുവഴി ചില വാണിജ്യ ബാങ്കുകളിൽ അനുവർത്തിക്കുന്ന മികച്ച നടപടികളിലേതിന് സമാനമായി ട്രഷറികളേയും മാറ്റുവാൻ കഴിയുന്നതാണ്.

46. ആഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിന്റെ (AIMS) രണ്ടും മൂന്നും ഘട്ടങ്ങൾ സംസ്ഥാന ആഡിറ്റ് വകുപ്പ് പൂർത്തീകരിച്ചിട്ടുള്ളതും ഈ സോഫ്റ്റ്‌വെയറിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ ആഡിറ്റ് റിപ്പോർട്ടുകളും തയ്യാറാക്കാവുന്നതുമാണ്.

ഈ വർഷം മുതൽ എല്ലാ സർവ്വകലാശാലകളിലും ആഡിറ്റ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) സ്വീകരിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ചാരിറ്റബിൾ എൻഡോവ്മെന്റ് ഫണ്ട് മാനേജ്മെന്റിന് വേണ്ടി ഒരു സമഗ്രമായ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതാണ്. എന്റെ സർക്കാർ, അടുത്ത സാമ്പത്തിക വർഷത്തിന്റെ ആരംഭം മുതൽ സംസ്ഥാന ഇൻഷുറൻസ് വകുപ്പിനകത്തുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും ആട്ടോമേറ്റ് ചെയ്യുന്നതിനും ഇടപാടുകാർക്ക് കൂടുതൽ ഓൺലൈൻ സേവനങ്ങൾ നൽകുവാനും ഉദ്ദേശിക്കുന്നു.

47. പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000–ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷം തോറും സ്ഥാപിക്കുവാൻ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC) ഉദ്ദേശിക്കുന്നു. വിവിധ കോളേജുകളിലെ ഇന്നവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് സെന്ററുകൾ (IEDCs), ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്ററുകൾ (TBIs), കേരള സ്റ്റാർട്ടപ്പ് മിഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (KSIDC), കേരള സ്റ്റേറ്റ് കൗൺസിൽ

ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റ് (KSCSTE) എന്നിവയേയും മറ്റ് ബന്ധപ്പെട്ട ഏജൻസികളെയും ബന്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് ഒരു സ്റ്റാർട്ടപ്പ് അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ഒരു സമഗ്ര പദ്ധതി രൂപീകരിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

## വിവരസാങ്കേതിക വിദ്യ

48. എന്റെ സർക്കാർ, വിവിധ വകുപ്പുകളുടെ ഡാറ്റാബേസുകൾ ഒരു സിംഗിൾ ഡെലിവറി ഗേറ്റ് വേ മുഖാന്തിരം ബന്ധിപ്പിച്ചുകൊണ്ട് എല്ലാ പൗരസേവനങ്ങളും ഓൺലൈനിൽ ലഭ്യമാക്കും. ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റികൾ നവീകരിച്ചു കൊണ്ടും എല്ലാ വകുപ്പുകളിലെയും വെർച്ച്വൽ ഐ.റ്റി. കേഡറുകൾ പുനരുജ്ജീവിപ്പിച്ചുകൊണ്ടും, ഇ-ഗവേണൻസ് ഉദ്യമങ്ങൾ പ്രത്യേകിച്ച് നാഷണൽ ആന്റ് സ്റ്റേറ്റ് മിഷൻ മോഡ് പ്രോജക്ട്സ് നടപ്പിലാക്കുന്നത് ദ്രുതഗതിയിലാക്കും.

49. നമ്മുടെ സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവുമാക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾക്കും വീടുകൾക്കും അതിവേഗ ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി നൽകുവാൻ കഴിയുന്ന ഒരു ഫൈബർ നെറ്റ് വർക്ക് സ്ഥാപിക്കും. പൊതു സ്ഥലങ്ങളിൽ, കൂടുതലായി 1000 വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ ഏർപ്പെടുത്തും.

യോഗ്യതകൾ തെളിയിച്ചിട്ടുള്ള അക്ഷയ കേന്ദ്രങ്ങളിലൂടെ നൈപുണ്യ വികസന കോഴ്സുകൾ, പ്രത്യേകിച്ച് ഐ.റ്റി സ്കില്ലുകൾ നൽകുന്നതാണ്.

50. എല്ലാവർക്കും ഒരു നിശ്ചിത അളവിലുള്ള സൗജന്യ ബാൻഡ് വിഡ്ത്ത് ഉറപ്പാക്കിക്കൊണ്ട് ഇന്റർനെറ്റിനുള്ള അവകാശം എന്റെ സർക്കാർ അംഗീകരിക്കുന്നതാണ്. നൂറ് ശതമാനം വൈദ്യുതിവത്കരണത്തിനുള്ള നമ്മുടെ ശ്രമം ഏതാണ്ട് നിറവേറ്റപ്പെടുന്ന വേളയിൽ, വൈദ്യുതി ഉള്ള എല്ലാ വീടുകൾക്കും ഇന്റർനെറ്റ് കണക്ഷനും കൂടി ഉറപ്പാക്കുക എന്നതായിരിക്കും നമ്മുടെ അടുത്ത നടപടി. ഡിജിറ്റൽ വേർതിരിവ് ഇല്ലാതാക്കുന്നതിന് എന്റെ സർക്കാർ ആത്മാർത്ഥമായി പരിശ്രമിക്കും.

51. എന്റെ സർക്കാർ, ഇന്റർനെറ്റ് മുഖാന്തിരം കൂടുതൽ സേവനങ്ങൾ പ്രദാനം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുകയും, അതുവഴി അഴിമതിക്കുള്ള അവസരങ്ങൾ കുറയ്ക്കുകയും ചെയ്യും. ഒരേ സമയം കണക്ടിവിറ്റിയും ഇ–സാക്ഷരതയും സൃഷ്ടിക്കുകയും ഡിജിറ്റൽ വേർതിരിവ് കുറയ്ക്കുകയും ചെയ്യുന്നതിലൂടെ ഇത് സാദ്ധ്യമാകുമെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു.

52. ടെക്നോ പാർക്കിന്റെ വികസനത്തിന്റെ ഭാഗമായി, 2 ലക്ഷം ചതുരശ്ര അടിയിലുള്ള പുതിയ

ഐ.റ്റി കെട്ടിടം, അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ടെക്നോ സിറ്റി, നോളജ് സിറ്റി ഡവലപ്പ്മെന്റ് ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫോർ വാക്ക് റ്റു വർക്ക് (Walk to Work) കാമ്പസ് 3–ാം ഘട്ടത്തിന്റെ ഭാഗമായുള്ള ടോറസിന്റെ ഡൗൺ ടൗൺ പ്രോജക്ട് (Downtown Project) എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ചെറുതും ഇടത്തരവും വലുതുമായ ഐ.റ്റി. കമ്പനികൾക്ക് ചെലവു കുറഞ്ഞതും ഊർജ്ജ കാര്യക്ഷമതയുള്ളതുമായ രൂപരേഖകൾ നൽകിക്കൊണ്ട്, 2020–ഓടെ ഒരു ലക്ഷം ഐ.റ്റി തൊഴിലുകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഇൻഫോ പാർക്കിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തും. കോഴിക്കോട്ടെ സൈബർ പാർക്കിന്റെ രണ്ടാം ഘട്ടം ഉടൻ ആരംഭിക്കും.

53. സ്ത്രീകൾക്കും ചെറുപ്പക്കാർക്കും തൊഴിൽ നൽകുന്നതിനുള്ള സർക്കാരിന്റെ പ്രതിജ്ഞാബദ്ധതയോട് ഉറച്ച് നിന്നു കൊണ്ട് ഐ.റ്റി. മേഖലയിലെ നമ്മുടെ ശക്തി വർദ്ധിപ്പിക്കുന്ന നടപടിയുമായി എന്റെ സർക്കാർ മുന്നോട്ട് പോകുന്നതാണ്. അതിനാൽ മൂന്ന് മൊബൈൽ ഫോൺ നിർമ്മാണ പാർക്കുകൾ ഉൾപ്പെടെ 12 ഹാർഡ് വെയർ പാർക്കുകൾ കേരളത്തിൽ സ്ഥാപിക്കുന്നതിന് നമ്മൾ ഉദ്ദേശിക്കുന്നു. കൂടുതൽ നഗരപ്രദേശങ്ങളിൽ മലിനീകരണ രഹിത വ്യവസായ

ങ്ങൾക്കായി കൂടുതൽ സ്ഥലങ്ങൾ നീക്കിവെച്ചുകൊണ്ട് എന്റെ സർക്കാർ കൂടുതൽ തൊഴിലുകൾ സൃഷ്ടിക്കും.

54. കേരള സംസ്ഥാന ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KSITIL), എഞ്ചിനീയറിങ് കോളേജുകളെ ടെലിപ്രെസൻസ് സൊല്യൂഷൻസിലൂടെ (Tele Presence Solutions) സംസ്ഥാനത്തെ പ്രധാന ഐ.റ്റി ഹബ്ബുകളുമായി ബന്ധിപ്പിക്കുന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയിരിക്കുന്നതാണ്. ടെക്നോസിറ്റിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റിന്റെ പുതിയ കാമ്പസിനു വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. ഭാരത സർക്കാർ സ്ഥാപിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി കോട്ടയത്തിന്റെ (IIIT-K) നിർമ്മാണം 2018 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതാണ്. ഇക്ഫോസ്സ് (ICFOSS), ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറിൽ 'ഒരു മുൻനിര റിസർച്ച് സ്ഥാപന മായിത്തീരുന്നതും ഭിന്നശേഷിയുള്ളവരെ സഹായിക്കുന്ന തിനു വേണ്ട അസിസ്റ്റീവ് ടെക്നോളജിക്കൽ ഡെവലപ്പ്മെന്റ്' ഗവേഷണ ജോലികൾ ഏറ്റെടുക്കുന്നതുമാണ്.

55. കെ.എസ്.ഇ.ബിയുടെ വിതരണ അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തി എല്ലാ സർക്കാർ ഓഫീസുകൾക്കും വയേർഡ് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി ഒരു മഹത്തായ പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതുപോലെ തന്നെ കേരളത്തിലെ എല്ലാ സ്കൂളുകളെയും ബന്ധിപ്പിക്കുന്നതിന് ഇതിന്റെ വ്യാപ്തി കൂടുതലായി വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നു.

56. ഈ വർഷം കെൽട്രോണിന്റെ പുനരുദ്ധാരണം ഏറ്റെടുക്കുന്നതാണ്. സ്ഥാപനത്തിനുവേണ്ടി ഒരു 'പ്രൊഫഷണൽ ടാലന്റ് സെർച്ച്' നടത്തുന്നതാണ്.

57. എന്റെ സർക്കാർ, ഹാർഡ്‌വെയറിലും റോബോട്ടിക്സിലും ഊന്നൽ നൽകി കൊണ്ട് ജാപ്പനീസ് ആന്റ് കൊറിയൻ ഇൻഡസ്ട്രിയൽ ക്ലസ്റ്റർ കോഴിക്കോട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

58. എന്റെ സർക്കാർ, കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ സഹായം നൽകിക്കൊണ്ടും അതിന്റെ വ്യാപ്തി വർദ്ധിപ്പിച്ചു കൊണ്ടും സ്റ്റാർട്ട് അപ്പ് മേഖലയിലെ (Startup sphere) പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. ബൂട്ട് ക്യാമ്പുകൾ, പാർട്ട്ണർ നെറ്റ്‌വർക്ക്, സ്റ്റാർട്ട് അപ്പ് ഐ3 (Startup i3) മുതലായവയ്ക്കുള്ള സഹായം 'യൂത്ത് എൻട്രപ്രണർഷിപ്പ് ഡവലപ്മെന്റ് പ്രോഗ്രാം' (YEDP) പദ്ധതിയിലൂടെ

വ്യാപിപ്പിക്കുന്നതാണ്. എന്റെ സർക്കാർ, സംസ്ഥാനത്തെ സംരംഭകത്വ വികസനത്തിനായി ഇന്നവേഷൻ ഫണ്ട് (Innovation Fund), ടെക്നോളജി കോമേഴ്സ്യലൈസേഷൻ പ്ലാറ്റ്ഫോം, ഓപ്പൺ ഇന്നവേഷൻ കൊളാബറേഷൻ സ്പേസ്, കേരള സ്പെസിഫിക് ഏഞ്ചൽ ഫണ്ട്, 1000 നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കൽ എന്നീ നവീന പദ്ധതികൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു.

## വ്യവസായവും വാണിജ്യവും

59. രാജ്യത്തെ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്'(Ease of Doing Business) റാങ്കിങ്ങിൽ സംസ്ഥാനത്തിന്റെ സ്ഥാനം മെച്ചപ്പെടുത്താൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ക്ലിയറൻസുകൾക്കുള്ള പരമാവധി സമയപരിധി 30 പ്രവൃത്തി ദിവസങ്ങളാക്കി ഒരു സമയബന്ധിത നടപടിക്രമം ഏർപ്പെടുത്തുന്നതാണ്. 2012 –ലെ കേരള സംസ്ഥാന സേവനാവകാശ ആക്റ്റിൽ പറഞ്ഞിട്ടുള്ള സമയപരിധിയ്ക്കു ശേഷം ബന്ധപ്പെട്ട വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുമുള്ള എല്ലാ ലൈസൻസുകളും നൽകപ്പെടുന്നതായി കരുതപ്പെടുന്നതാണ്. സംസ്ഥാനത്തിന് 'ഒരു ഡെഡിക്കേറ്റഡ് ഫിസിക്കൽ ഓഫീസും' ഓൺലൈൻ ക്ലിയറൻസ് സംവിധാനവും ഏർപ്പെടുത്താൻ 1999–ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ

വികസനവും ആക്റ്റ് ഭേദഗതി ചെയ്യുന്നതാണ്. വ്യാവസായിക നിക്ഷേപകരെ നിയന്ത്രണങ്ങളുടെ ആധിക്യത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി പരാതികൾ ബോധിപ്പിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ കീഴിൽ സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്. എന്റെ സർക്കാർ, എം.എസ്.എം.ഇ (MSME) യുടെയും പൈതൃക വ്യാവസായിക ഉൽപ്പന്നങ്ങളുടെയും വിപണനത്തിനായി ഒരു ഇ-പ്ലാറ്റ്ഫോം ആരംഭിക്കുന്നതാണ്.

60. എന്റെ സർക്കാർ, തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് അവരുടെ കൈവശം ലഭ്യമായ ഉപയോഗിക്കപ്പെടാത്ത ഭൂമി പരമാവധി കാര്യക്ഷമമായി ഉപയോഗപ്പെടുത്തും വിധം വ്യാവസായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനും കൂടാതെ വ്യാവസായിക പ്രവർത്തനങ്ങൾ താഴെതലത്തിൽ പ്രോത്സാഹിപ്പിക്കുവാനും ഉദ്ദേശിക്കുന്നു.

61. കെ.എസ്.ഐ.ഡി.സി (KSIDC), തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിൽ ഇന്നവേഷൻ കം ഇൻക്യുബേഷൻ സെന്ററിനായി 3.5 ലക്ഷം ചതുരശ്ര അടി ഒരു എസ്.ഡി.എഫ് (SDF) കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതും ശക്തികുളങ്ങര, പുതിയാപ്പ, മുനമ്പം

എന്നിവിടങ്ങളിലുള്ള ഫിഷിങ് ഹാർബറുകളിൽ പെട്ടെന്ന് നശിച്ചു പോകുന്നവ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി പ്രീ പ്രോസസിങ് സെന്ററുകൾ (PPC) സ്ഥാപിക്കുന്നതു മാണ്.

62. മലപ്പുറം കാക്കഞ്ചേരിയിലെ കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ 1.1 ലക്ഷം ചതുരശ്ര അടിയിൽ ഒരു "സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി" നിർമ്മിക്കുന്ന തിനും തൃശ്ശൂർ പുഴയ്ക്കലിൽ വിവര സാങ്കേതിക/വിവര സാങ്കേതികാധിഷ്ഠിത സേവന മേഖലകളിലും ജനറൽ ഇൻഡസ്ട്രീസിലും പ്രത്യേക സൗകര്യങ്ങൾ സജ്ജീകരി ക്കുന്നതിനും കിൻഫ്ര ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ, നൂതന സാങ്കേതിക വ്യവസായങ്ങൾ/വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്കായി അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയിൽ 10 ഏക്കർ ഭൂമിയിൽ ഒരു അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഔഷധ വ്യവസായങ്ങളെയും, പ്ലാസ്റ്റിക് വ്യവസായ ങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായി, പാർക്കുകൾ സ്ഥാപിക്കുന്നതാണ്.

63. സംസ്ഥാനത്തെ കൈത്തറി മേഖലയെ പുന രുദ്ധരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടു കൂടി നമ്മുടെ കൈത്തറി നെയ്ത്തുകാർ

നെയ്ത രണ്ട് സെറ്റ് യൂണിഫോമിനുള്ള തുണി സൗജന്യമായി സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതാണ്. നെയ്ത്തുകാർ അധികമായി വസിക്കുന്ന മേഖലകളിൽ 'ഇന്റഗ്രേറ്റഡ് ഹാൻഡ്‌ലൂം വില്ലേജ്', എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതാണ്. ദേശീയ അന്തർദേശീയ വിപണികളിൽ മത്സരിക്കുവാൻ ഉൽപന്നങ്ങളെ പ്രാപ്തമാക്കുന്നതിന് നൂതനവും ആഗോള നിലവാരത്തിൽ ഉള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് നെയ്ത്തുകാരെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നതാണ്.

64. എന്റെ സർക്കാർ, കൈത്തൊഴിൽകാരുടെ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതും കൈത്തൊഴിൽകാരുടെ സൃഷ്ടികളുടെ ഒരു വിപണന ശൃംഖല സൃഷ്ടിക്കുന്നതുമാണ്. കേരളത്തിലെ എല്ലാ കൈത്തൊഴിൽകാരുടെയും സൃഷ്ടികൾ, കൈത്തറി, ഖാദി, കാർഷികോൽപ്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പരമ്പരാഗത ഭക്ഷണം, കലാരൂപങ്ങൾ തുടങ്ങിയ കേരളീയ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്ന ഒരു മേള 'മാമാങ്കം' എല്ലാ വർഷവും നടത്തുന്നതാണ്. ഇത് വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു അവസരം കൂടിയാകും. നമ്മുടെ പരമ്പരാഗതമായ കൈത്തൊഴിൽ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനായി വെബ്, സമൂഹ മാധ്യമം എന്നിവ ഉൾപ്പടെയുള്ള ശരിയായ വേദികൾ കണ്ടെത്തുന്നതാണ്.

65. എന്റെ സർക്കാർ, സംസ്ഥാനത്തിന്റെ തനതായ കരകൗശല മേഖലയുടെയും പരമ്പരാഗത മേഖലയുടെയും പുനരുജ്ജീവനവും നിലനിൽപ്പും ഉറപ്പുവരുത്തുന്നതിന് ഒരു പ്രത്യേക പദ്ധതി രൂപീകരിക്കുന്നതാണ്. വിനോദ സഞ്ചാരവുമായി സംയോജിപ്പിച്ച് കരകൗശല വസ്തുക്കൾക്ക് ഒരു പുത്തൻ ഉണർവ്വ് നൽകുന്നതാണ്. കേരളത്തിലെ പ്രധാന വിനോദ സഞ്ചാര ആകർഷണങ്ങളുടെ സുവനീറുകൾ പ്രദർശിപ്പിക്കുന്ന 'ക്രാഫ്റ്റ് ടൂറിസം' ഈ മേഖലയ്ക്ക് ഒരു പുത്തൻ ഉണർവ്വ് നൽകുന്നതിനായി പ്രയോജനപ്പെടുത്തുന്നതാണ്. ഭാരത സർക്കാരിന്റെ സഹായത്തോടെ എറണാകുളത്ത് ഒരു നൂതന അന്തർദ്ദേശീയ ഫർണിച്ചർ ഹബ് സ്ഥാപിക്കുന്നതാണ്.

66. പൊതുമേഖലാ സ്ഥാപനങ്ങളുടെ (പി.എസ്.യു) വികസനത്തിനും പുനരുദ്ധാരണത്തിനും സർക്കാർ മുൻഗണന നൽകുന്നതാണ്. മികച്ച രീതിയിൽ പ്രവർത്തിക്കുന്നതും വിപണന ശേഷി ഉള്ളതുമായ പൊതുമേഖലാ സ്ഥാപനങ്ങളെ വിപുലീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്നതാണ്. എന്റെ സർക്കാർ, സുതാര്യമായ രീതിയിൽ ടോപ് മാനേജ്മെന്റ് കേഡറിലേക്കുള്ള തിരഞ്ഞെടുപ്പിന് ഒരു സ്ഥിരം പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് സ്ഥാപിക്കുന്നതാണ്. സമാനമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ

സ്ഥാപനങ്ങളെ അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സംയോജിപ്പിക്കുന്നതിനും ലയിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

67. പൊതുജനങ്ങൾക്ക് ന്യായവിലയിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള ശ്രമമായി ചെറുകിട ധാതുക്കളുടെ ഖനനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വർദ്ധിച്ച തോതിലുള്ള പങ്ക് പരിശോധിക്കുന്നതാണ്. തീരദേശ സമൂഹത്തിന്റെ ജീവനോപാധികളെ നശിപ്പിക്കാത്ത വിധം തീരപ്രദേശത്തെ ധാതുസമ്പത്തിനെ ആസൂത്രിതവും ഹോളിസ്റ്റിക്കും (holistic) ആയ രീതിയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ഉപയോഗപ്പെടുത്തുന്നതാണ്. നിർമ്മാണങ്ങൾക്ക് വേണ്ടിയുള്ള സംസ്ഥാനത്തെ മണലിന്റെ ആവശ്യകത നിറവേറ്റുന്നതിനായി പരിസ്ഥിതിക്ക് ഹാനികരമാകാത്തവിധം ആഴക്കടൽ മണൽ ഖനനം എന്റെ സർക്കാർ ഏറ്റെടുക്കുന്നതാണ്. ഡാം റിസർവോയറുകളിൽ നിന്നും എക്കൽ നീക്കം ചെയ്യുന്നതു വഴി മണലും കളിമണ്ണും ഖനനം ചെയ്യുന്നതാണ്.

68. സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിലൂടെ സംസ്ഥാനത്ത് മടങ്ങിവരുന്ന പ്രവാസി ഭാരതീയരുടെ പുനരധിവാസത്തിനുവേണ്ടി എന്റെ സർക്കാർ പരിശീലനവും സൗകര്യവും ഏർപ്പെടുത്തുന്നതാണ്.

69. എന്റെ സർക്കാർ, ചെറുകിട കർഷകർക്കുള്ള വില സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിനായി മികച്ച `പ്രൊഫഷണൽ ബ്ലെൻഡേഴ്സിനെ' ഉൾപ്പെടുത്തികൊണ്ട് പുതിയ തേയില ബ്രാന്റ് ഉണ്ടാക്കുന്നതാണ്. ഇത് അനുയോജ്യമായി വിപണനം ചെയ്യുന്നതാണ്. ലാഭത്തിന്റെ ഒരു വിഹിതം തേയിലത്തൊഴിലാളികൾക്ക് കൂടി നൽകുന്നതാണ്.

70. എന്റെ സർക്കാർ, കയറ്റുമതി വർദ്ധിപ്പിക്കുന്നതിലേക്കായി ഒരു കയറ്റുമതി നയം സംസ്ഥാനത്ത് ആദ്യമായി കൊണ്ടുവരുന്നതാണ്. സംസ്ഥാനത്തെ കയറ്റുമതി ലക്ഷ്യമാക്കിയിട്ടുള്ള വ്യവസായങ്ങൾക്ക് ഒരു പുത്തനുണർവ്വ് നൽകുന്നതിനായി പുന:സംഘടിപ്പിച്ച 'സ്റ്റേറ്റ് ലെവൽ എക്സ്പോർട്ട് പ്രൊമോഷൻ കമ്മിറ്റി' ഇവിടെ ലഭ്യമായിട്ടുള്ള വിഭവങ്ങളും, നൈപുണ്യങ്ങളും പ്രവർത്തനത്തിനാവശ്യമായ സേവനങ്ങളുടെ അനുകൂല സാഹചര്യങ്ങളും ഉപയോഗപ്പെടുത്തുന്നതാണ്.

**കശുവണ്ടി**

71. കശുവണ്ടി മേഖലയിൽ തൊഴിലാളികൾക്ക് പരമാവധി തൊഴിലവസരം ഉറപ്പാക്കുന്നതിനായി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും (CAPEX) കീഴിലുള്ള എല്ലാ ഫാക്ടറികളും തുറക്കുന്നതിനായി ഊന്നൽ നൽകും. 80 കോടി രൂപ കൊടുത്തു കൊണ്ട്

കശുവണ്ടി വികസന കോർപ്പറേഷന്റെ കടബാധ്യത തീർന്നിട്ടുണ്ട്. എന്റെ സർക്കാർ, തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനായി ആഫ്രിക്കൻ രാജ്യങ്ങളിലെ സർക്കാർ ഏജൻസികളുമായിച്ചേർന്ന് സ്ഥായിയായ ഒരു ക്രമീകരണം നടത്താമോ എന്നുള്ള കാര്യം സജീവമായി ചർച്ച നടത്തിവരുന്നു. കേരളത്തിലെ ഫാക്ടറികൾക്കു വേണ്ട തോട്ടണ്ടിയുടെ ആവശ്യകത നിറവേറ്റുന്നതിനുള്ള കശുമാവ് കൃഷിയ്ക്ക് ഭൂമി കണ്ടെത്തുന്നതിനായി ആന്ധ്രാപ്രദേശു മായി പങ്കാളിത്തത്തിലേർപ്പെടുവാൻ ഉദ്ദേശിക്കുന്നു. കേരള ത്തിനുള്ളിൽ തോട്ടം അടിസ്ഥാനത്തിലുള്ള കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കും. ഈ മേഖലയിലെ നമ്മുടെ തൊഴിലാളികൾക്ക് പ്രയോജനപ്രദമാകുംവിധം സ്വകാര്യ മേഖലാവ്യവസായികളുടെ കീഴിലുള്ള ഫാക്ടറികൾ തുറക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി എന്റെ സർക്കാർ അവരുമായി ബന്ധപ്പെട്ടു വരുന്നു.

**കയർ**

72. എന്റെ സർക്കാരിന്, സംസ്ഥാനത്തെ കയർമേഖല നിരവധി പ്രശ്നങ്ങളിൽ ഉൾപ്പെട്ടുകിടക്കുന്ന അവസ്ഥയിലാ ണെന്ന് അറിയാവുന്നതും, എന്നാൽ ശ്രദ്ധാപൂർവ്വമുള്ള ഇടപെടലുകളിലൂടെ അത് ഊർജ്ജസ്വലമായിത്തീരുമെന്ന് ഉറച്ച വിശ്വാസവുമുണ്ട്. എന്റെ സർക്കാർ, യന്ത്രവൽക്കര ണത്തിലുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കം

ചെയ്യുന്നതിനും അതേസമയം ഏറ്റവും കുറഞ്ഞ വേതനം ഉറപ്പാക്കുന്ന വിധത്തിലുള്ള വിലയിൽ പുതിയ ഉൽപ്പന്നങ്ങളുടെ സംസ്കരണം നടത്തുന്നതിലൂടെ തൊഴിലാളികളുടെ വേതനവും തൊഴിലവസരവും ഉറപ്പാക്കാനും ഉദ്ദേശിക്കുന്നു. ഹരിത കേരളം മിഷന്റെ ഭാഗമായി നിർമ്മിച്ച കയർ ജിയോടെക്സ്റ്റൈൽസിനുണ്ടായ വിപണി, ഒരു പര്യാപ്തമായ വിപണി ആയിരിക്കുമെന്ന് ഉറപ്പുവരുത്തും.

**ബയോടെക്നോളജി**

73. എന്റെ സർക്കാർ, കേരളത്തിന് ബയോടെക്നോളജിയിൽ അതിന് അർഹമായ വിഹിതം ലഭിക്കുന്നുണ്ട് എന്നത് ഉറപ്പാക്കുന്നതിൽ ശ്രദ്ധാലുവായിരിക്കുന്നതാണ്. ആയുർവേദത്തിന്റെ പേരിൽ ബയോടെക്നോളജി ഉപയോഗിക്കുന്നതിൽ കേരളം ലോകത്തിന് മാർഗ്ഗദർശിയാണ്. കേരളത്തിന്റെ ഈ ജൈവവൈവിധ്യം അതിനെ ഈ ആവശ്യത്തിലേയ്ക്കായി സ്വാഭാവികമായും അനുയോജ്യമാക്കുന്നു. നമ്മുടെ ആരോഗ്യ സംരക്ഷണം, കൃഷി, ഔഷധനിർമ്മാണം, ഗവേഷണം എന്നിവയെ ഒരു പുതിയ തലത്തിലേക്ക് ഇത് ഉയർത്തുന്നതാണ്.

**കൃഷി**

74. എന്റെ സർക്കാർ, നാളികേര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കും. ഇത് നാളികേര ഉൽപ്പന്നങ്ങളുടെ പ്രത്യേകിച്ച് പരിശുദ്ധമായ വെളിച്ചെണ്ണയുടെ ഉപയോഗം സംബന്ധിച്ച്, ഗവേഷണാടിസ്ഥാനത്തിൽ ഉണ്ടായ വിവിധ ആരോഗ്യ പരമായ പ്രയോജനങ്ങളിൽ ഊന്നിയുള്ള ഒരു വലിയ ജനകീയ പ്രചാരണത്തിലൂടെ ആയിരിക്കും.

75. സുഗന്ധവ്യഞ്ജനങ്ങൾക്കും നാളികേരത്തിനും മറ്റെല്ലാ കാർഷിക ഉൽപന്നങ്ങൾക്കും ആയി കേരള ബ്രാൻഡ് കൊണ്ടുവരുന്നതാണ്. എല്ലാ കാർഷിക ബ്രാൻഡുകൾക്കും `മേഡ് ഇൻ കേരള' ഒരു വിശ്വസ്ത ബ്രാൻഡ് ആക്കും. കാർഷിക ഉൽപന്നങ്ങളെക്കുറിച്ച് ജപ്പാൻ മാതൃകയിൽ, ഒരു മേഡ് ഇൻ കേരള ബ്രാൻഡ് ബോധവൽക്കരണ പരിപാടി നടത്തുന്നതാണ്.

76. മൂല്യവർദ്ധിത നാളികേര ഉൽപന്നങ്ങൾക്ക് സഹകരണ മേഖലയിൽ പ്രത്യേക പദ്ധതികൾ ഏർപ്പെടുത്തുന്നതാണ്.

77. വ്യാപകമായ പ്രശംസ പിടിച്ചുപറ്റിയ 'അമൂൽ മോഡലിന്റ' രീതിയിൽ റബർമേഖലയ്ക്കു വേണ്ടി ഒരു സഹകരണ സംവിധാനം സ്ഥാപിക്കും.

78. സംസ്ഥാനത്ത് കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്ക്കരണത്തിനും മൂല്യവർദ്ധനവിനുമായി അന്തർദ്ദേശീയ നിലവാരത്തിലുള്ള സാങ്കേതികവിദ്യകൾ ഏർപ്പെടുത്തുന്നതാണ്. ഈ സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ആധുനിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കും. ഇത്തരം യൂണിറ്റുകളുടെ ക്ലസ്റ്ററുകളെ പ്രോത്സാഹിക്കുന്നതിനായി അഗ്രോ പാർക്കുകൾ സ്ഥാപിക്കും. എന്റെ സർക്കാർ, ഒരു ബ്രാന്റ് നെയിമിൽ തന്നെ കേരളത്തിന്റെ തനതും പരമ്പരാഗതവും തദ്ദേശീയവുമായ കാർഷിക വിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പ്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നതിനായി ഒരു കേരള അഗ്രിബിസിനസ്സ് കമ്പനി രൂപീകരിക്കും.

79. കൃഷിഭവനുകളെ കർഷക സേവന ഭവനുകളായി പുനർനാമകരണം ചെയ്ത് അനുയോജ്യമായി പരിവർത്തനപ്പെടുത്തും. എന്റെ സർക്കാർ, കാർഷിക കർമ്മ സേനയുടെ പ്രവർത്തനത്തിൽ നൂതന സാങ്കേതിക വിദ്യയും വൈദഗ്ദ്ധ്യവും ഉപയോഗപ്പെടുത്തുന്നതിനായി സംസ്ഥാനതലത്തിൽ വൈദഗ്ദ്ധ്യമുള്ള കാർഷിക കർമ്മ സേന സംഘടിപ്പിക്കുന്നതും ഇതിലേയ്ക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതുമാണ്.

80. വിളകളിലും, കൃഷി സമ്പ്രദായങ്ങളിലും കാലാവസ്ഥാ വ്യതിയാനം വരുത്തുന്ന ആഘാതം സംബന്ധിച്ച പഠനം നടത്തുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശി

ക്കുന്നതിലേയ്ക്കുമായി ഒരു പ്രത്യേക ഗവേഷണ പദ്ധതി സമാരംഭിക്കും. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലേയ്ക്കായി ധാന്യങ്ങളുടേയും പയറു വർഗ്ഗങ്ങളുടേയും കൃഷി പ്രോത്സാഹിപ്പിക്കും. അട്ടപ്പാടി ട്രൈബൽ സോൺ ഉൾപ്പെട്ട അഗളി ബ്ലോക്കിനെ ഈ പദ്ധതിയുടെ ഭാഗമായി ഒരു പ്രത്യേക കാർഷിക മേഖല (Special Agricultural Zone) ആയി പ്രഖ്യാപിക്കും. എന്റെ സർക്കാർ, ജീരകശാല, ഗന്ധകശാല, രക്തശാലി, ഞവര മുതലായ പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയും സംസ്കരണവും പ്രോത്സാഹിപ്പിക്കുന്നതാണ്. ചെറുകിട റൈസ് മില്ലുകൾ ഇതിനായി സ്ഥാപിക്കുന്നതാണ്. ഈ ആവശ്യത്തിലേയ്ക്കായി വയനാട് ജില്ലയ്ക്കായി ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്.

81. എന്റെ സർക്കാർ, ജൈവ പച്ചക്കറികളുടെ ഉൽപാദനം വർദ്ധിപ്പിക്കുകയും, സംസ്ഥാനത്തിനെ അഞ്ച് വർഷകാലയളവിനുള്ളിൽ പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തമാക്കുകയും ചെയ്യുന്നതാണ്. സംസ്ഥാനമൊട്ടാകെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്. ജൈവ വളം, ജൈവകീടനാശിനികൾ, ജൈവ നിയന്ത്രണ ഏജന്റുകൾ എന്നിവയുടെ ശാസ്ത്രീയ ഉൽപാദനം വർദ്ധിപ്പിക്കുവാനും അവയുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിനുമായി ഒരു പ്രോജക്ട് സമാരംഭിക്കുന്നതാണ്. മറയൂർ, കാന്തല്ലൂർ, വട്ടവട പഞ്ചായ

ത്തുകൾ ചേർന്ന് രൂപീകൃതമായ ഇടുക്കിയിലെ അഞ്ചു നാട് പ്രദേശത്തെ, ജൈവപച്ചക്കറി പഴവർഗ്ഗങ്ങൾ എന്നിവയ്ക്കായുള്ള ഒരു പ്രത്യേക കാർഷിക മേഖല (Special Agricultural Zone) ആയി പ്രഖ്യാപിക്കുന്നതാണ്.

82. എന്റെ സർക്കാർ, സ്റ്റേറ്റ് ഫാമുകൾ ആധുനികവൽക്കരിക്കുന്നതിനും അവയുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതാണ്. ഈ ആവശ്യത്തിലേയ്ക്കായി വിദഗ്ദ്ധ സഹായത്തോടെ ഒരു പ്രോജക്ട് ആവിഷ്കരിക്കുന്നതാണ്.

83. കൃഷിയിലും വിളകളിലും കീടനാശിനി പ്രയോഗം നിയന്ത്രിക്കുന്നതിനായി എന്റെ സർക്കാർ കർശനമായ നടപടികൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. ഭക്ഷ്യ വിളകളിൽ മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമായ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിനായി ജില്ലാ തലത്തിൽ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിക്കുന്നതാണ്.

84. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്ക് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടു കൂടി കുറ്റമറ്റതാക്കുകയും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും

പ്രസിദ്ധീകരിക്കുന്നതുമാണ്. മറയൂർ ശർക്കര ഉൾപ്പെടെയുള്ള കേരളത്തിന്റെ തനതും തദ്ദേശീയവും പരമ്പരാഗതവുമായ കാർഷിക ഉൽപന്നങ്ങളുടെ വിപണി വിപുലീകരണത്തിനായി ഭൗമ സൂചകം (Geographical Indication) ഉറപ്പാക്കുകയും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്.

## മൃഗസംരക്ഷണവും, ക്ഷീര വികസനവും

85. എന്റെ സർക്കാർ, ഒരു സമഗ്ര ലൈവ്സ്റ്റോക്ക് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ശാസ്ത്രീയമായ പരിപാലനത്തിനും ഗുണമേന്മയുള്ള കാലിത്തീറ്റ വിതരണം ചെയ്യുന്നതിനും സഹായം നൽകുന്നതു വഴി ക്ഷീരോൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതാണ്. ചെറുകിട ഡെയറി യൂണിറ്റുകൾക്ക് സഹായം നൽകുന്നതാണ്.

86. പാലോട് ഉള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ് വഴി പേവിഷ പ്രതിരോധത്തിനും രോഗ നിർണ്ണയത്തിനുമുള്ള കിറ്റുകൾ ഉൽപാദിപ്പിക്കുന്നതാണ്. രാത്രികാലങ്ങളിലെ അടിയന്തിര വെറ്ററിനറി കെയർ സർവ്വീസുകൾ കൂടുതൽ ബ്ലോക്കുകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്.

87. 3250 കറവമാടുകളേയും 2000 പശുക്കിടാവുകളെയും ഉൾക്കൊള്ളിക്കുന്നതിനു വേണ്ടി രണ്ട് ക്ഷീര

മേഖലകൾ സ്ഥാപിക്കും. തിരഞ്ഞെടുത്ത 14 ഗ്രാമ പഞ്ചായത്തുകളിൽ വാണിജ്യാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണം നടപ്പിലാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കാലിത്തീറ്റ സബ്സിഡി പദ്ധതി നടപ്പിലാക്കും.

88. എന്റെ സർക്കാർ, സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ സ്ഥിര ക്ഷീരഗുണനിലവാര പരിശോധന സംവിധാനം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. കന്നുകാലികളെയും കന്നുകാലി ഉടമസ്ഥരേയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട സാദ്ധ്യതയുള്ള പഞ്ചായത്തുകളിൽ ക്ഷീര വികസന സർവ്വീസ് യൂണിയനുകൾ സ്ഥാപിക്കുന്നതാണ്.

89. പാലിന്റെയും കാലിത്തീറ്റയുടെയും വില നിശ്ചയിക്കുന്നതിനായി പ്രാഥമിക ക്ഷീര സഹകരണസംഘം, കെ.സി.എം.എം.എഫ്, കേരള ഫീഡ്സ്, ക്ഷീരവികസന വകുപ്പ് എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു റഗുലേറ്ററി കമ്മിറ്റി രൂപീകരിക്കും.

**മത്സ്യബന്ധനം**

90. എന്റെ സർക്കാർ, ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതോടൊപ്പം ഈ

മേഖലയിൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി ഒരു ദ്വിമുഖ തന്ത്രം കൈക്കൊള്ളും. എന്റെ സർക്കാർ, തീരരേഖയിൽ നിന്നും 50 മീറ്ററിനകത്ത് താമസിക്കുന്ന മത്സ്യതൊഴിലാളി കുടുംബങ്ങളെ തീരത്ത് നിന്നും 200 മീറ്ററിനപ്പുറമുള്ള സ്ഥലങ്ങളിൽ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി പദ്ധതി ആവിഷ്ക്കരിക്കും. കടലിൽ വച്ച് വള്ളങ്ങൾക്കും ഉപകരണങ്ങൾക്കും നാശനഷ്ടം സംഭവിക്കുന്ന മത്സ്യതൊഴിലാളികളെ സഹായിക്കുന്നതിനു വേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിൽ വരുത്തും. ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് അക്വാകൾച്ചർ ഉൽപാദനം ഇരട്ടിപ്പിക്കുന്നതിനായി സമഗ്രമായ ഒരു പദ്ധതി അടുത്ത അഞ്ച് വർഷത്തേയ്ക്ക് നടപ്പിലാക്കും. അമിത ചൂഷണം നിയന്ത്രിക്കുന്നതിനും തീരദേശ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും ഫിഷറീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തും. തിരഞ്ഞെടുത്ത ജില്ലകളിൽ പുതിയ ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതാണ്.

91. നദികളുടെയും കായലുകളുടെയും മത്സ്യ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നതാണ്. സംസ്ഥാന തലത്തിലും പ്രാദേശിക തലത്തിലും മത്സ്യ വിത്ത് കേന്ദ്രങ്ങൾ സ്ഥാപിക്കും. മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി തദ്ദേശീയരുടെ പങ്കാളിത്തത്തോടു കൂടി

ജലസംഭരണികളിൽ കേജ് കൾച്ചറും പെൻ കൾച്ചറും നടപ്പിലാക്കും. അലങ്കാര മത്സ്യ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഒരു സമഗ്ര പദ്ധതി സമാരംഭിക്കുന്നതാണ്. മത്സര പരീക്ഷകൾ എഴുതുന്നതിന് മത്സ്യ തൊഴിലാളികളുടെ മക്കൾക്കുവേണ്ടി പ്രത്യേക പരിശീലനം ഏർപ്പെടുത്തും. മത്സ്യ തൊഴിലാളികൾക്കു വേണ്ടി ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതാണ്.

92. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ഇരുപത് മത്സ്യ ചന്തകൾ നവീകരിക്കും. കൂടുതൽ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ സ്ഥാപിക്കുന്നതാണ്. തീരദേശങ്ങളിലുള്ള ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തും. പുതുവൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യണേറിയത്തിന്റെ നിർമ്മാണം അടുത്ത സാമ്പത്തിക വർഷത്തിൽ ആരംഭിക്കും.

**സഹകരണം**

93. എന്റെ സർക്കാർ. നോട്ട് അസാധുവാക്കലിന്റെ അനന്തരഫലമായി കേരളത്തിലെ സഹകരണ മേഖല അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ തരണം ചെയ്യുവാൻ കഠിനമായി യത്നിക്കുന്നതാണ്. എന്റെ സർക്കാർ, കോർ-ബാങ്കിംഗ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി

വരുംവർഷം 'കേരള സഹകരണ ബാങ്ക്' രൂപീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരള സഹകരണ ബാങ്കിനെ സംബന്ധിച്ച വിദഗ്ധസമിതി റിപ്പോർട്ട് ഉടൻതന്നെ പ്രതീക്ഷിക്കുന്നു. സഹകരണമേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോൽസാഹിപ്പിക്കുകയും ഡിജിറ്റൽ സംരംഭങ്ങൾ കൂടുതൽ സഹകരണ സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും ചെയ്യും.

94. സമീപകാലത്ത് സഹകരണ മേഖലയ്ക്കുമേൽ ഒരു സമ്പൂർണ്ണമായ ആക്രമണം അഴിച്ചുവിട്ടപ്പോൾ എന്റെ സർക്കാർ എടുത്ത നിലപാടുകൾ സഹകരണമേഖലയോടുള്ള അതിന്റെ പ്രതിബദ്ധതയ്ക്ക് തെളിവാകുന്നു. അതിന്റെ പ്രതിബദ്ധതയ്ക്ക് ആക്കം കൂട്ടി, എന്റെ സർക്കാർ, സഹകരണ ബാങ്കുകളിലേയ്ക്ക് നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നത് തുടരുകയും അവയ്ക്ക് ഗ്യാരണ്ടി ലഭ്യമാക്കുകയും ചെയ്യും.

95. എന്റെ സർക്കാർ, ന്യായമായ വിലയ്ക്ക് ഉപഭോഗവസ്തുക്കളും മരുന്നുകളും വിതരണം ചെയ്യുന്നതിനായി കൂടുതൽ 'നീതി' കൺസ്യൂമർ സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട 'നീതി സ്റ്റോറുകൾ' നീതി സൂപ്പർമാർക്കറ്റുകൾ ആയി ഉയർത്തുന്നതാണ്. ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെടുത്തിയുള്ള കൺസ്യൂമർ ക്രെഡിറ്റ് കാർഡും കൂടി നടപ്പിലാക്കുന്നതാണ്.

96. ഒരു വർഷം 20,000 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭക യൂണിറ്റുകൾ പി.എ.സി.എ സിന്റെ സഹായത്തോടെ തുടങ്ങുന്നതാണ്. സഹകരണ വകുപ്പ്, വിനോദസഞ്ചാരവകുപ്പിന്റെ സഹായത്തോടെ വിനോദസഞ്ചാരമേഖലയുടെ വികസനത്തിനായി പദ്ധതി കൾ ഏറ്റെടുക്കും. സ്കൂൾ/കോളേജ് സഹകരണസംഘ ങ്ങൾ ശക്തിപ്പെടുത്തും. 1969-ലെ കേരള സഹകരണ സംഘം ആക്റ്റിൽ സമഗ്രമായ ഭേദഗതികൾ വരുത്തും. പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തും. ആയുർധാര ഉൽപ്പന്നങ്ങൾ ഒരു സവി ശേഷ ബ്രാന്റായി വികസിപ്പിക്കുകയും നീതി ശൃംഖ ലകൾ വഴി വിപണിയിലെത്തിക്കുകയും ചെയ്യും.

## ആരോഗ്യവും കുടുംബക്ഷേമവും

97. എന്റെ സർക്കാർ, മുൻപ് പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ്, പ്രവർത്തനത്തിൽ കൊണ്ടുവരുന്നതാണ്. എന്റെ സർക്കാർ, ആരോഗ്യമേഖലയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്, പ്രത്യേകിച്ച് കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനും മന്തുരോഗ നിർമ്മാർ ജ്ജനത്തിനും മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കുന്ന തിനും, ഉള്ള തന്ത്രങ്ങൾ നടപ്പിലാക്കുന്നതാണ്. എന്റെ സർക്കാർ, 2030-ഓടെ ക്ഷയരോഗം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്.

98. ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എന്റെ സർക്കാർ, പ്രമേഹത്തെയും മറ്റു ജീവിതശൈലീ രോഗങ്ങളെയും കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കും. പഞ്ചായത്തുകളിൽ പ്രമേഹ രോഗം സംബന്ധിച്ച ക്യാമ്പുകൾ സംഘടിപ്പിക്കുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ രോഗങ്ങളുടെ പരിശോധന, നിർണ്ണയം, ചികിൽസ എന്നിവയ്ക്കായി സ്ഥിരമായി സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കും. ഈ ക്യാമ്പുകളിൽ മരുന്നുകളും കുറഞ്ഞ വിലയ്ക്ക് നൽകുന്നതാണ്.

99. ഒരു ശിശു ആരോഗ്യ പരിശോധന പ്രോഗ്രാം ആരംഭിക്കുന്നതും എല്ലാ കുട്ടികൾക്കും നിർബന്ധമാക്കുന്നതുമാണ്. സ്കൂളുകളിൽ പ്രമേഹ രോഗ പരിശോധന, ദന്തപരിശോധനയും നേത്ര പരിശോധനയും ഉൾപ്പെടെ വാർഷിക ആരോഗ്യ ചെക്കപ്പ് ആരംഭിക്കും. സർക്കാർ ചെലവിൽ ഗർഭിണികൾക്ക് ഡയറ്റീഷ്യൻ സേവനങ്ങൾ ലഭ്യമാക്കും.

100. സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഓരോ ജില്ലയിലെയും ഒരു ജില്ലാ ആശുപത്രിയുടെ പദവി ഉയർത്തുന്നതാണ്. സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഓരോ താലൂക്കിലെയും ഒരു താലൂക്ക് ആശുപത്രിയുടെ

പദവി ഉയർത്തുന്നതാണ്. കാർഡിയാക് കത്തീറ്ററൈസേഷൻ സൗകര്യങ്ങൾ 8 ജില്ലാ ആശുപത്രികളിൽ ഏർപ്പെടുത്തുകയും 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യും.

101. സ്ട്രോക്ക് മൂലമുള്ള മരണനിരക്കും വൈകല്യവും കുറയ്ക്കുന്നതിന് എല്ലാ ജില്ലാ ആശുപത്രികളിലും സ്ട്രോക്ക് മാനേജ്മെന്റ് കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതാണ്. കാൻസർ രോഗികൾക്കായി പാലിയേറ്റീവ് കീമോ തെറാപ്പിയും ജില്ലാ ആശുപത്രികളിൽ ലഭ്യമാക്കുന്നതാണ്. അത്യാഹിത മെഡിക്കൽ ടെക്നീഷ്യൻമാരോടുകൂടി ഇവാക്യുവേഷൻ സംവിധാനമുള്ള ആംബുലൻസുകൾ ഉൾപ്പെടെ ഒരു സമഗ്ര അത്യാഹിത മാനേജ്മെന്റ് സിസ്റ്റവും പ്രത്യേക പരിശീലനം ലഭിച്ച ജീവനക്കാരുമുള്ള ട്രോമ കേന്ദ്രങ്ങളും സർക്കാർ സ്ഥാപിക്കുന്നതാണ്.

102. സുസ്ഥിര വികസ്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രധാനമാർഗ്ഗം പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ശക്തിപ്പെടുത്തി കുടുംബ ആരോഗ്യകേന്ദ്രങ്ങളാക്കിത്തീർക്കുക എന്നുള്ളതാണ്. ഇതിലേയ്ക്കായി ഡോക്ടർമാരുടേയും സ്റ്റാഫ് നഴ്സുമാരുടേയും ലാബ് ടെക്നീഷ്യൻമാരുടേയും മതിയായ തസ്തികകൾ സൃഷ്ടിക്കുകയും നിലവിലെ സാംക്രമിക രോഗങ്ങളാലുള്ള വെല്ലുവിളികളെ നേരിടുന്നതിനായി ഡോക്ടർമാരു

ടേയും നഴ്സുമാരുടേയും കമ്മ്യൂണിറ്റിതല ജീവനക്കാരുടേയും വൈദഗ്ധ്യം ഉയർത്തുകയും ചെയ്യും. ആരോഗ്യ കർമ്മ പദ്ധതികൾ നഗര-ഗ്രാമ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കുന്നതാണ്.

103. എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും രോഗി-സൗഹൃദ ഔട്ട്പേഷ്യന്റ് സേവനങ്ങൾ ഏർപ്പെടുത്തുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ വിജയകരമായി ആരംഭിച്ച ഇ-ഹെൽത്ത് ആറ് ജില്ലകളിലേയ്ക്ക് കൂടി ഈ വർഷം വ്യാപിപ്പിക്കും. മുഴുവൻ ജീവനക്കാരും വിഭവശേഷിയും ഉള്ള താലൂക്ക് ആശുപത്രി ഇല്ലാത്ത ഒരു താലൂക്കും കേരളത്തിൽ ഉണ്ടാവില്ല എന്ന് എന്റെ സർക്കാർ ഉറപ്പ് വരുത്തുന്നതാണ്.

104. കോഴിക്കോട്, ആലപ്പുഴ, എറണാകുളം, കോട്ടയം മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ നിർമ്മിക്കും. കോട്ടയം മെഡിക്കൽ കോളേജിൽ ഒരു `സ്പെഷ്യലൈസ്ഡ് കാർഡിയോളജി ആന്റ് കാർഡിയോവാസ്ക്കുലർ തൊറാസിക് സർജറി' കെട്ടിടം നിർമ്മിക്കും. കൊച്ചിയിൽ ഒരു പുതിയ കാൻസർ സെന്റർ നിർമ്മിക്കുകയും അഞ്ച് മെഡിക്കൽ കോളേജുകളിൽ സമഗ്ര കാൻസർ കെയർ സെന്ററുകൾ സ്ഥാപിക്കുകയും ചെയ്യും.

105. അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി ഗവേഷണം പ്രോൽസാഹിപ്പിക്കുന്നതിന് കേരള ആരോഗ്യ സർവ്വകലാശാല 10 കോടി രൂപയുടെ കോർപ്പസ് സജ്ജമാക്കും. കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല, തൃപ്പൂണിത്തറയിൽ ആയുർവേദത്തിൽ ഒരു സ്കൂൾ ഫോർ ഫണ്ടമെന്റൽ റിസർച്ചും കോഴിക്കോട് കുടുംബ ആരോഗ്യപഠനങ്ങൾക്കുള്ള ഒരു കേന്ദ്രവും തൃശ്ശൂരിൽ അക്കാദമിക് സ്റ്റാഫ് കോളേജും സ്ഥാപിക്കും.

106. മലബാർ കാൻസർ സെന്ററിൽ ഒരു പേഴ്സണലൈസ്ഡ് മെഡിസിൻ റിസർച്ച് ലബോറട്ടറി സ്ഥാപിക്കുന്നതാണ്. ഫ്ളൂറസെന്റ് ഇൻസിറ്റുഹൈബ്രഡൈസേഷൻ (FISH) ഉപയോഗിച്ച് ക്ലിനിക്കൽ ജനറ്റിക്സിൽ രോഗനിർണ്ണയ സൗകര്യങ്ങളും കൂടാതെ ശിശു വികസന കേന്ദ്രത്തിന്റെ കീഴിൽ ഓട്ടിസത്തിനുള്ള ഒരു റിസോഴ്സ് ട്രെയിനിംഗ് ആന്റ് ട്രീറ്റ്മെന്റ് സെന്ററും സ്ഥാപിക്കുന്നതാണ്.

107. ചില സ്വകാര്യ ആശുപത്രികളിലെങ്കിലും, രോഗനിർണ്ണയം, നടപടികൾ, ചികിൽസ എന്നിവ സംബന്ധിച്ച് വിവേകശൂന്യമായ കുറിപ്പടികൾ നൽകുന്നതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ഉണ്ടാകുന്നുണ്ട്. ആരോഗ്യരക്ഷാ ചെലവുകൾ വളരെ ഉയർന്നിരിക്കുന്ന അവസര

ത്തിൽ അത്തരം പ്രവൃത്തികൾ ജനങ്ങൾക്ക് ഉണ്ടാക്കുന്ന ദുരിതം വർദ്ധിപ്പിക്കുകയേ ഉള്ളൂ. കുറിപ്പടികൾ നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനോടൊപ്പം ചെലവുകൾ നിയന്ത്രിക്കുമെന്നും, എന്റെ സർക്കാർ, ഉറപ്പ് നൽകുന്നു. ഇതിനായി ഒരു റഗുലേറ്ററി മെക്കാനിസം ഏർപ്പെടുത്തുന്നതാണ്.

**ആയുഷ്**

108. 2025 വർഷത്തോടെ നമ്മുടെ സംസ്ഥാനത്തെ, ആയുഷിന്റെ ആഗോള തലസ്ഥാനമായി മുദ്ര ചാർത്തുന്നതിന് ആയുഷ് നയം രൂപീകരിച്ചിട്ടുണ്ട്. എന്റെ സർക്കാർ, എല്ലാ പഞ്ചായത്തുകളിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് 100% ആയുർവേദ ഹോമിയോപ്പതി വ്യാപന സംസ്ഥാനമാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ, ഒരു ഇന്റർനാഷണൽ ലെവൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് ലബോറട്ടറി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

109. എന്റെ സർക്കാർ, തൃശ്ശൂർ ജില്ലയിൽ, ഏഷ്യയിലെ തന്നെ ഇത്തരത്തിലുള്ള ഏക സ്പോർട്ട്സ് ആയുർവേദ സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തീകരിക്കും. എന്റെ സർക്കാർ, കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയോട് ചേർന്നുള്ള കേന്ദ്രത്തെ "ആയുർവേദ സെന്റർ

ഫോർ എക്സലൻസ് ഇൻ ചൈൽഡ് ആന്റ് അഡോള സെന്റ് ഹെൽത്ത് കെയർ" ആക്കി മാറ്റാൻ ഉദ്ദേശിക്കു ന്നു. എന്റെ സർക്കാർ, തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആയുർവേദ ആശുപത്രികളിലെ പ്രസൂതി തന്ത്ര/ സ്ത്രീരോഗ (ഒബ്സ്റ്റെട്രിക്സ് & ഗൈനക്കോളജി, പോസ്റ്റ് നേറ്റൽ കെയർ), കൗമാര ഭൃത്യാ (പീഡിയാട്രിക്) എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകൾ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

110. തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേ ജിൽ ഒഫ്താൽമിക് ഇൻസ്റ്റിറ്റ്യൂട്ട്, പോസ്റ്റ് ഗ്രാജുവേറ്റ് റിസർച്ച് ബ്ലോക്ക്, പാരാ സർജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, കൂട്ടിരിപ്പുകാർക്കും സന്ദർശകർക്കും ഷെൽട്ടർ എന്നിവ യുടെ നിർമ്മാണവും കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ ആയുർവേദ ഫാർമസി സ്ഥാപിക്കൽ, സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശുപത്രി, അക്കാദ മിക് ബ്ലോക്ക് നിർമ്മാണം എന്നിവയാണ് വിഭാവനം ചെയ്തിട്ടുളള ചില പ്രധാന അടിസ്ഥാന സൗകര്യ പദ്ധ തികൾ.

111. എന്റെ സർക്കാർ, ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ഒരു സംസ്ഥാന പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും. പുതിയ പി.ജി. കോഴ്സുകൾ, ഫിസിയോ

തെറാപ്പി യൂണിറ്റിന്റെ വിപുലീകരണം, ഒരു കാൻസർ കെയർ യൂണിറ്റ്, ഒരു മൊബൈൽ എപ്പിഡമിക് യൂണിറ്റ്, ഇൻഫെർട്ടിലിറ്റി ക്ലിനിക് എന്നിവ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഓരോ ജില്ലയിലെയും ഒരു ഹോമിയോപ്പതി ഡിസ്പെൻസറിയെ മാതൃകാ ഡിസ്പെൻസറിയുടെ നിലവാരത്തിലുളളതാക്കും. എല്ലാ ജില്ലാ ഹോമിയോപ്പതി ആശുപത്രികളിലും പാലിയേറ്റീവ് കെയർ സെന്ററുകൾ ആരംഭിക്കും. സാംക്രമികമല്ലാത്ത രോഗങ്ങൾ തടയുന്നതിനും ചികിൽസിക്കുന്നതിനും ഹോമിയോപ്പതിയും യോഗയും പ്രകൃതി ചികിൽസയും സംയോജിപ്പിച്ച് പുതിയ സംരംഭങ്ങൾ കൊണ്ടുവരികയും സിദ്ധ ജനപ്രിയമാക്കുകയും ചെയ്യും.

## പൊതുവിദ്യാഭ്യാസം

112. എന്റെ സർക്കാർ, 'പബ്ലിക് എഡ്യൂക്കേഷൻ റിജ്യുവനേഷൻ കാമ്പെയിനിന്റെ' ഭാഗമായി 'നിലവാരമുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ അവകാശം' എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാനായി സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം നവീകരിക്കുവാൻ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. നിലവിലുള്ള പാഠ്യപദ്ധതി പരിഷ്കരിക്കുവാനും അദ്ധ്യാപകർക്ക് ഉയർന്ന നിലവാരമുള്ള പരിശീലനം നൽകുവാനും നടപടികൾ സ്വീകരിക്കും.

113. ഹൈടെക് സ്കൂൾ പ്രോഗ്രാമിന്റെ ഭാഗമായി സർക്കാർ-എയ്ഡഡ് ഹൈസ്കൂളിലെയും ഹയർ സെക്കന്ററി സ്കൂളുകളിലെയും 8 മുതൽ 12-ാം തരം വരെയുള്ള എല്ലാ ക്ലാസ് മുറികളും (45,000) 2017-ഓടെ സ്മാർട്ട് ക്ലാസ്മുറികളാക്കി മാറ്റുന്നതാണ്. അടുത്ത രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ എല്ലാ ലോവർ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ സ്ഥാപിക്കും. ഡിജിറ്റൽ കണ്ടന്റ് സെന്ററിന്റെ നിർമ്മാണവും ഫ്രീ ആന്റ് ഓപ്പൺ പഠനത്തിനുവേണ്ടി വെബ്പോർട്ടലിൽ കണ്ടന്റ് അപ്‌ലോഡ് ചെയ്യുന്നതും ഏറ്റെടുക്കുന്നതാണ്.

114. സ്കൂളുകളിലെ ലാബുകളും ലൈബ്രറികളും ആധുനികവൽക്കരിക്കുകയും സ്കൂളുകളിൽ ഡിജിറ്റൽ റിപ്പോസറ്ററികൾ സജ്ജീകരിക്കുകയും കലാ കായിക സാംസ്കാരിക പാർക്കുകൾ സ്ഥാപിക്കുകയും ചെയ്യും. കേരളത്തിലെ പ്രീ സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുകയും ആധുനിക വൽക്കരിക്കുകയും ചെയ്യും. ഇൻക്ലൂസീവ് വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നതിനുള്ള എന്റെ സർക്കാരിന്റെ ഉദ്യമ ത്തിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഓട്ടിസം പാർക്കുകൾ സ്ഥാപിക്കും.

115. സ്കൂളുകളിൽ ജൈവ വൈവിധ്യ പാർക്കുകൾ സ്ഥാപിക്കും. സ്കൂളുകളിൽ ഗ്രീൻ പ്രോട്ടോകോൾ

സമ്പ്രദായം ആരംഭിക്കുന്നതാണ്. ഇതിന്റെ ഭാഗമായി സ്കൂളുകളിൽ ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനുള്ള ഇന്ധനം വിറകിനു പകരം ഗ്യാസായി മാറ്റുന്നതാണ്.

## ഉന്നത വിദ്യാഭ്യാസം

116. എന്റെ സർക്കാർ, ഗുണനിലവാരം, പ്രാപ്യത, സാമാന്യനീതി എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖല നവീകരിക്കുന്നതിനുള്ള പ്രക്രിയയിലാണ്. ലേണർ ഇക്കോസിസ്റ്റം കാമ്പസ് സൃഷ്ടിക്കൽ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ പഠനത്തിന്റെ പ്രത്യേക കേന്ദ്രങ്ങളാക്കി പുനർനിർമ്മിക്കൽ, ഉന്നത വിജ്ഞാനത്തിന്റെ സാമൂഹികമായ പ്രയോജനങ്ങളെ സംസ്ഥാനവ്യാപകമായി ജനകീയമാക്കൽ എന്നിവ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ മുൻഗണനാ ഉദ്യമങ്ങളിൽ ഉൾപ്പെടുന്നു.

117. ഗവേഷണത്തിൽ മികവ് പുലർത്തു അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അംഗീകാരം നൽകുതിനായി ഗവേഷണ അവാർഡുകൾ ഏർപ്പെടുത്തും. ഗവേഷകരുടെ സംഭാവനകൾ പ്രദർശിപ്പിക്കുന്നതിനായി സർവ്വകലാശാലകളിൽ ആരംഭിച്ച 'ശാസ്ത്രയാൻ' പദ്ധതി മുന്നോട്ടുകൊണ്ടുപോകും. അദ്ധ്യാപക പരിശീലനത്തിന് മുന്തിയ പ്രാധാന്യം നൽകുകയും അദ്ധ്യാപന ബോധന ശാസ്ത്രത്തിലെ നൂതന രീതികൾ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നതാണ്.

118. ആർട്സ് ആന്റ് സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുതിന് ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോളേജ് കാമ്പസുകളിലെ ഡിജി റ്റൈസേഷന് മുന്തിയ പരിഗണന നൽകി നടപ്പിലാക്കു താണ്. അന്തർ സർവ്വകലാശാല കേന്ദ്രങ്ങളെ പ്രോൽസാഹിപ്പിക്കുകയും അവയെ മികവിന്റെ കേന്ദ്ര മാക്കി വളർത്തിയെടുക്കുകയും ചെയ്യും.

119. എന്റെ സർക്കാർ, സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ, പ്രസിദ്ധീകരണങ്ങൾ, ഗവേഷണ ഫലം, പേറ്റന്റുകൾ, സാമൂഹികതല സംഭാവ നകൾ എിവയുടെ അടിസ്ഥാനത്തിൽ ദേശീയ പ്രാധാന്യവും അന്തർദേശീയ ശ്രദ്ധയും നൽകു വിധ ത്തിൽ വികസിപ്പിക്കുവാൻ ഉദ്ദേശിക്കു്. ഇന്റർ ഡിസിപ്ലി നറി റിസർച്ച് ആന്റ് ഡവലപ്മെന്റ് സെന്ററുകൾ സ്ഥാപിക്കുതാണ്. കേരള സംസ്ഥാന ലൈബ്രറി കൗസിലിന്റെ കീഴിലുള്ള 1300 ലൈബ്രറികൾ കമ്പ്യൂട്ടർ വത്കരിക്കുതും വൈ-ഫൈ സൗകര്യം ലഭ്യമാക്കുന്നതു മാണ്.

## സ്പോർട്സും യുവജനകാര്യവും

120. എന്റെ സർക്കാർ, അന്തർദേശീയ നിലവാ രത്തിൽ ഉള്ള സ്പോർട്സ് അടിസ്ഥാന സൗകര്യങ്ങൾ

സൃഷ്ടിക്കുതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിക്കും. ഇതിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുതാണ്. എന്റെ സർക്കാർ, സംസ്ഥാനത്തെ എല്ലാ പ്രായത്തിലുള്ളവർക്കും പ്രയോജനകരമാകുന്ന ഒരു ''കേരള കായികക്ഷമതാ മിഷൻ''സ്ഥാപിക്കുതിനും ഉദ്ദേശിക്കുന്നു. സ്പോർട്സ് പാഠ്യപദ്ധതിയുടെ ഭാഗമായി സ്പോർട്സ് മെഡിസിനും സ്പോർട്സ് ന്യൂട്രീഷനും, സൈക്കോളജിയും ഉൾപ്പെടുത്തുതാണ്.

121. എന്റെ സർക്കാർ, 2020 -ലെയും 2024-ലെയും ഒളിമ്പിക്സിനായി അത്‌ലറ്റുകളെ വളർത്തിയെടുക്കുക എ ലക്ഷ്യത്തോടെ ''ഓപ്പറേഷൻ ഒളിമ്പ്യ"നടപ്പാക്കുന്നതാണ്. സ്പോർട്സ് ഡയറക്ടറേറ്റും സ്പോർട്സ് കൗൺസിലും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതാണ്. ജില്ലാ സ്പോർട്സ് കൗസിലുകളെ ജനാധിപത്യപരമായി പുനഃ സംഘടിപ്പിക്കുന്നതിന് ആവശ്യമായ ഭേദഗതികൾ 2000-ലെ സ്പോർട്സ് ആക്റ്റിൽ വരുത്തുന്നതാണ്. സംസ്ഥാനത്ത് ഒരു സ്പോർട്സ് മ്യൂസിയം സ്ഥാപിക്കുന്നതാണ്.

122. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട യുവജനക്ലബ്ബുമായി സഹകരിച്ചുകൊണ്ട് സാമൂഹ്യതിന്മകൾക്കെതിരെ ഒരു സംസ്ഥാനതല ബഹുജന പ്രചരണം സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

123. എന്റെ സർക്കാർ, സ്പോർട്സ് സർവ്വകലാശാല സ്ഥാപിക്കുതിന് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ഭാരത സർക്കാരിന് സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. അതിന് വേണ്ടി സംസ്ഥാന സർക്കാർ, ഭൂമി ലഭ്യമാക്കുതാണ്.

**സാംസ്കാരികം**

124. എന്റെ സർക്കാർ, വിജയകരമായതും അഭിമാനകരവുമായ കേരള ഫിലിം ഫെസ്റ്റിവൽ (ഐഎഫ്എഫ്കെ) -ന്റെ മാതൃകയിൽ എല്ലാവർഷവും ഇന്റർനാഷണൽ തിയേറ്റർ ഫെസ്റ്റിവൽ ഓഫ് കേരള (ITFOK) നടത്തുവാൻ പ്രയത്നിക്കുന്നതാണ്. സ്കൂൾ കുട്ടികളുടെ സർഗ്ഗശക്തി പുറത്തുകൊണ്ടുവരുന്നതിനും അവരുടെ താൽപര്യാർത്ഥമുള്ള സിനിമകൾ പ്രദർശിപ്പിക്കുന്നതിനും കുട്ടികളുടെ ഒരു ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതാണ്. എന്റെ സർക്കാർ, സാധാരണ ജനങ്ങൾക്ക് ലോകോത്തര ക്ലാസിക്കൽ സിനിമകളെ പരിചയപ്പെടുത്തുന്നതിന് എല്ലാ വർഷവും രണ്ട് റീജിയണൽ ഫിലിം ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുന്നതാണ്. എന്റെ സർക്കാർ, സിനിമാമേഖലയിലെ തർക്കങ്ങൾ നിയന്ത്രിക്കുന്നതിന് അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് പരിശ്രമിക്കും.

125. എന്റെ സർക്കാർ, യുവകലാകാരൻമാർക്ക് അവരുടെ കലാനൈപുണ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ഒരു ഫെലോഷിപ്പ് പ്രോഗ്രാം കൊണ്ടുവരുന്നതാണ്. നാടൻ കലാകാരൻമാരുടെ ജീവനോപാധിക്കായി ഒരു പദ്ധതി രൂപീകരിക്കുന്നതിനുകൂടി നടപടി എടുക്കുന്നതാണ്. എന്റെ സർക്കാർ, പ്രവാസി കേരളീയരിലേക്കും തിരഞ്ഞെടുത്ത രാജ്യങ്ങളിലേക്കും കേരളത്തിന്റെ സാംസ്കാരിക തനിമ വ്യാപിപ്പിച്ച് രാജ്യത്തെ മറ്റു സംസ്ഥാനങ്ങളുമായി, സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. പ്രവാസി കേരളീയർക്കും വിദേശ കേരളീയർക്കും നമ്മുടെ നവോത്ഥാന പൈതൃകത്തിലും സംസ്കാരത്തിലും അവബോധം നൽകണമെന്ന ഉദ്ദേശ്യത്തോടെ സാംസ്കാരിക സംയോജന പരിപാടികളും മലയാളം അവബോധവും പഠന പരിപാടികളും സംഘടിപ്പിക്കുന്നതാണ്.

126. 'ഗധിക' പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പാരമ്പരാഗത കലാരൂപങ്ങളുടെയും ഉൽപന്നങ്ങളുടെയും പ്രദർശനം ഗണ്യമായ രീതിയിലുള്ള ബഹുജന പങ്കാളിത്തം ആകർഷിച്ചിട്ടുണ്ട്. ഈ കലാരൂപങ്ങളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ കൈത്തൊഴിലുകാരുടെ പരമ്പരാഗത ഉൽപന്നങ്ങളും, സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന വന ഉൽപങ്ങളും പ്രോത്സാഹിപ്പിക്കുതിനും വേണ്ടി സാംസ്കാരിക വകുപ്പ് യത്നിക്കുന്നതാണ്.

ഉൽപന്നങ്ങളും, സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന വന ഉൽപങ്ങളും പ്രോത്സാഹിപ്പിക്കുതിനും വേണ്ടി സാംസ്കാരിക വകുപ്പ് യത്നിക്കുന്നതാണ്.

## ഭക്ഷ്യവും സിവിൽ സപ്ലൈസും

127. 2013-ലെ ദേശീയ ഭക്ഷ്യഭദ്രത ആക്റ്റ് ഫലപ്രദമായി നടപ്പാക്കും. ഭാരത സർക്കാർ സംസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ള നിലവിലുള്ള അരി വിഹിതം പുനഃസ്ഥാപിക്കുന്നതിൽ ഇടപെടുന്നില്ലെങ്കിൽ സംസ്ഥാനം രൂക്ഷമായ അരിക്ഷാമം നേരിടുന്നതാണ്. സംസ്ഥാനത്തെ 25 ലക്ഷത്തോളം വരുന്ന കുടിയേറ്റ തൊഴിലാളികൾക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുതിന് അധികവിഹിതം ലഭിക്കുന്നതിന് സംസ്ഥാനത്തിന് അവകാശമുണ്ട്. എന്റെ സർക്കാർ, ഈ രണ്ടു പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി കേന്ദ്ര സഹായം തേടുന്നതിന് കേന്ദ്ര സർക്കാരുമായി നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കുകയാണ്. ചെറുധാന്യങ്ങൾ പോലുള്ള ഗോത്ര ഉൽപ്പന്നങ്ങൾ സംഭരിച്ച് ഗോത്ര കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്നതിന് സംസ്ഥാനം പ്രയത്നിക്കുന്നതാണ്.

128. പൊതുവിതരണ സമ്പ്രദായം സുതാര്യമാക്കുന്നതിനും അഴിമതി തുടച്ച് നീക്കുന്നതിനും ചോർച്ചകൾ തടയുതിനും കർശനമായ നടപടികൾ സ്വീകരി

ക്കുന്നതുമാണ്. നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതും തെരഞ്ഞെടുക്കപ്പെട്ട മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായും ഹൈപ്പർ മാർക്കറ്റുകളായും ഉയർത്തുന്നതുമാണ്. കൂടുതൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതാണ്.

129. അംഗീകൃത റേഷൻ വ്യാപാരികളുടെ (ARD's) പ്രവർത്തനത്തിൻമേൽ ഫീഡ് ബാക്ക് ലഭിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സോഷ്യൽ ആഡിറ്റ് ഒരു ഉപാധിയായി ഉപയോഗിക്കുന്നതും അതിനു വേണ്ടി ഗുണഭോക്താക്കളെ പരിശീലിപ്പിക്കുന്നതിന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതുമാണ്. എന്റെ സർക്കാർ, ഗോത്ര മേഖലകളിൽ മൊബൈൽ റേഷനിംഗ് ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുവാൻ ഉദ്ദേശിക്കുന്നു.

ടൂറിസം

130. എന്റെ സർക്കാർ, അധികവരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനുള്ള അതിന്റെ സാദ്ധ്യതയും പരിഗണിച്ച് ടൂറിസത്തെ മുൻഗണനാ മേഖലകളിൽ ഒന്നായി കരുതുന്നു. എന്റെ സർക്കാർ, സംസ്ഥാനത്ത് പ്രത്യേകിച്ച്, സാധ്യത കുറവായ

മലബാർ മേഖലയിൽ, ടൂറിസം ഉൽപ്പന്നങ്ങളിലും സേവനങ്ങളിലും നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് ഒരു പുതിയ ടൂറിസം നയം ആവിഷ്കരിക്കുന്നതാണ്. എന്റെ സർക്കാർ, വിദേശ വിനോദ സഞ്ചാരികളുടെ വരവ് ഇരട്ടിപ്പിക്കുന്നതിനും ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവ് 50% വർദ്ധിപ്പിക്കുന്നതിനും വരുന്ന അഞ്ച് വർഷ കാലയളവിൽ ടൂറിസം വഴി 4 ലക്ഷം അധിക തൊഴിലവസരം സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു.

131. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വമാണ് എന്റെ സർക്കാരിന്റെ പ്രഥമപരിഗണന. ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷൻ, ആശുപത്രികൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ മുതലായവയുമായി ബന്ധപ്പെടാൻ സാദ്ധ്യമാകും വിധം 'സെയ്ഫ് കേരള ആപ്പു'മായി വിനോദസഞ്ചാരികളെ ഞങ്ങൾ ബന്ധിപ്പിക്കും. വിനോദസഞ്ചാരികൾക്കും ഈ ആപ്പ് മുഖേന അവരുടെ വിശദാംശങ്ങൾകൂടി രജിസ്റ്റർ ചെയ്യാൻ സാധിക്കും. ഒരു പാൻ കേരള ടൂറിസം കാൾ സെന്ററും ആരംഭിക്കുന്നതാണ്.

132. കേരളത്തിന്റെ ടൂറിസം സാദ്ധ്യതയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് നമ്മുടെ വിശാലമായ തീരദേശത്ത് കൂടുതൽ ടൂറിസം ബീച്ചുകൾ വികസിപ്പിക്കുന്നതിന് ഞങ്ങൾ പദ്ധതിയിടുന്നു.

133. ടൂറിസം വ്യവസായത്തിലെ ഓർഗനൈസ്ഡ് പ്ലയേഴ്സിന് പരിശീലനം നൽകുന്നതിനായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (IHMCT), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്റ്റഡീസ് (KIHMS) മുതലായവയിൽ ഹ്രസ്വകാല കോഴ്സുകൾ ഞങ്ങൾ ഏർപ്പെടുത്തുന്നതാണ്.

134. ടൂറിസം വ്യവസായം വികസിപ്പിക്കുന്നതിന് നൂതന ആശയങ്ങൾ കണ്ടെത്തുന്നതിന് ഒരു ഐഡിയ ഇൻവെസ്റ്റർ മീറ്റ് സംഘടിപ്പിക്കുന്നതാണ്. കേരളത്തെ എല്ലാ സീസണിലും ഉള്ള ഒരു വിനോദസഞ്ചാരകേന്ദ്രം ആക്കി മാറ്റുന്നതാണ്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നതാണ്. പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കും. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഗുണമേന്മയുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും ഉറപ്പുവരുത്തും. ടൂറിസം വകുപ്പ് ആരംഭിച്ച ഗ്രീൻ കാർപെറ്റ് സംരംഭങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കും. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സർട്ടിഫിക്കേഷനും ഗ്രേഡിംഗിനുമായി ഒരു പദ്ധതി കൊണ്ടുവരും.

## വനം വന്യജീവി

135. എന്റെ സർക്കാർ, വനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അഞ്ഞൂറ് ജലാശയങ്ങളെ പുനരുജ്ജീവിപ്പിച്ച് നമ്മുടെ വനങ്ങളുടെ ജലസംഭരണശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. വനസംരക്ഷണത്തിന് പുറമെ വനമേഖലയ്ക്ക് പുറത്തും വൃക്ഷം വളർത്തൽ വർദ്ധിപ്പിക്കുന്നതിനും പ്രതിജ്ഞാബദ്ധമാണ്. എന്റെ സർക്കാരിന് ഗോത്ര സമൂഹത്തിന് ഉപകരിക്കുന്ന രീതിയിൽ ഏകദേശം നൂറ് സ്ഥലങ്ങളിൽ വിപണന കേന്ദ്രം ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. മനുഷ്യ-വന്യജീവി ഏറ്റുമുട്ടൽ മൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനായി 220.5 കി.മീ. ദൈർഘ്യത്തിലുള്ള സൗരോർജ്ജ വേലിയും 2.91 കി.മീ. ആനയെ പ്രതിരോധിക്കുന്നതിനുള്ള വേലിയും 11.35 കി.മീ. റെയിൽ വേലിയും ഈ വർഷം ഏറ്റെടുത്ത് നടപ്പാക്കുന്ന വിവിധ പരിപാടികളിൽ ഉൾപ്പെടുന്നു. അതിരുകളിലൂടെ ജണ്ടകൾ സ്ഥാപിച്ചുകൊണ്ട് മുഴുവൻ വനപ്രദേശവും സംരക്ഷിക്കുന്നതിന് ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ, സംസ്ഥാനത്ത് ഒരു വന മ്യൂസിയം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണം ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി എന്റെ സർക്കാർ പഞ്ചായത്ത് തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിക്കുവാൻ ആഗ്രഹിക്കുന്നു. എന്റെ സർക്കാർ,

കാവുകളും, കുളങ്ങളും, നീർത്തടങ്ങളും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും. എന്റെ സർക്കാർ, മൃഗങ്ങൾക്ക് ഭക്ഷണവും ജലവും ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നടുന്നതിനും നീർത്തടങ്ങൾ/തടയണകൾ നിർമ്മിക്കുന്നതിനും സമഗ്രമായ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

136. എന്റെ സർക്കാർ, വന വിഭവങ്ങളുടെ സുതാര്യത വർദ്ധിപ്പിക്കുന്നതിന് ക്യാമറ സഹായത്തോടെയുള്ള സാമൂഹിക നിരീക്ഷണം ഉൾപ്പെടെ വനങ്ങൾക്കായി ശാസ്ത്രീയ ജാഗ്രതാ സംവിധാനം ഏർപ്പെടുത്തും. ഒളിവേട്ടക്കാരെയും വിനോദവേട്ടക്കാരെയും കണ്ടെത്തുകയും ഇതു ഉറപ്പുവരുത്തുന്നതും ഞങ്ങൾ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

**പരിസ്ഥിതി**

137. കേരള സംസ്ഥാന ജൈവവൈവിധ്യ **ബോർഡിന്റെ കീഴിൽ തിരുവനന്തപുരത്ത് വള്ളക്കടവിൽ ജൈവവൈവിധ്യ പാർക്കും കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയവും കമ്മിഷൻ ചെയ്യുന്നതാണ്. എന്റെ സർക്കാർ, നാഷണൽ മിഷൻ ഓഫ് സ്ട്രാറ്റജിക് നോളജ് ഫോർ ക്ലൈമറ്റ് ചെയ്ഞ്ചിന്റെ കീഴിൽ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹായത്തോടെ കാലാവസ്ഥാ വ്യതിയാന പഠനത്തിന് വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ടിൽ**

ഒരു "കാലാവസ്ഥാ വ്യതിയാന വിജ്ഞാനകേന്ദ്രം" സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഒരു ഡേറ്റാ ബാങ്കും ഒരു കാലാവസ്ഥാ, വ്യതിയാന വിജ്ഞാന പോർട്ടലും സ്ഥാപിക്കും.

138. എന്റെ സർക്കാർ, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളുടെ (BMC) പുനഃസംഘടന ഉടൻ തന്നെ പൂർത്തീകരിക്കും. തെരഞ്ഞെടുത്ത 100 ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളെ മാതൃകാ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളായി ശാക്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. വിവിധ തരത്തിലുള്ള തൽപ്പരകക്ഷികൾക്ക് പരിശീലനം നൽകുന്നതിനായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ എറണാകുളത്തെ റീജിയണൽ ഓഫീസ് പരിസരത്ത് ഒരു പൂർണ്ണ സജ്ജമായ പരിശീലന കേന്ദ്രം സ്ഥാപിക്കും.

**ഭവന നിർമ്മാണം**

139. സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ (LIFE) കീഴിൽ സാരവത്തായ ഇടപെടലുകൾക്ക് പുറമെ, എന്റെ സർക്കാർ, ഭവന നിർമ്മാണ മേഖലയിൽ നിരവധി പുതിയ ഉദ്യമങ്ങൾ ഉദ്ദേശിക്കുന്നു. മെഡിക്കൽ കോളേജുകളിലെ രോഗികൾക്ക് താമസ

സൗകര്യം ലഭ്യമാക്കുന്നതിനായി മെഡിക്കൽ കോളേജുകൾക്ക് സമീപം ലഭ്യമായ ഭൂമിയിൽ സർക്കാരിന്റെ "ദി ആശ്വാസ് റെന്റൽ ഹൗസിംഗ് സ്കീം" നടപ്പിലാക്കും. ഭവനരഹിതർക്കും, സാമ്പത്തികമായി ദുർബലവിഭാഗങ്ങൾക്ക്/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ആളുകൾക്കും താങ്ങാവുന്ന ചെലവിലുള്ള ഭവന പദ്ധതിക്ക് കീഴിൽ കോഴിക്കോട്ടും തൃശ്ശൂരും ഫ്ളാറ്റുകളുടെ നിർമ്മാണം നടത്തുന്നതാണ്. വയോജനങ്ങൾക്ക് വേണ്ടി വിശ്രാന്തി ഹോമുകൾ വളവുനാടിൽ നിർമ്മിക്കുന്നതാണ്. കേന്ദ്ര സഹായത്തോടെ ഗാന്ധിനഗറിലും (കോട്ടയം ജില്ല) പീരുമേടിലും (ഇടുക്കി ജില്ല) രണ്ട് പുതിയ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കും. കാസർഗോഡ് സർക്കാർ ജീവനക്കാർക്ക് വേണ്ടി റസിഡൻഷ്യൽ യൂണിറ്റുകൾ നിർമ്മിക്കും.

140. തോട്ടം തൊഴിലാളികൾക്ക് വേണ്ടിയും ഒരു ഭവന പദ്ധതി കൊണ്ടുവരും. വളരെ കാലമായി അവർ മനുഷ്യോചിതമല്ലാത്ത സാഹചര്യത്തിലാണ് ജീവിക്കുന്നത് എന്ന് ഞങ്ങൾ ബലമായി വിശ്വസിക്കുകയും അവരെ പരിചരിക്കേണ്ടത് നമ്മുടെ കടമയുമാണ്. 2021-ഓടെ കേരളത്തെ ഒരു നൂറു ശതമാനം പാർപ്പിട ഉടമസ്ഥരുള്ള സംസ്ഥാനമാക്കി മാറ്റും.

**പൊതുമരാമത്ത്**

141. എന്റെ സർക്കാർ നവീകരണം കൊണ്ടുവരുന്നതിനും, പ്രവർത്തിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും പ്രതിജ്ഞാബദ്ധമാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ഓൺലൈനായി അംഗീകാരം നേടുന്നതിനും ഉള്ള പൊതുപരിഹാരമായി എല്ലാ എഞ്ചിനീയറിംഗ് വകുപ്പുകളിലും ഉപയോഗിച്ചു വരുന്നതും എൻ.ഐ.സി (NIC) വികസിപ്പിച്ചെടുത്തതുമായ പ്രൈസ് സോഫ്റ്റ്വെയർ (പ്രോജക്ട് ഇൻഫർമേഷൻ ആന്റ് കോസ്റ്റ് എസ്റ്റിമേഷൻ), കമ്പ്യൂട്ടറൈസ്ഡ് ബിൽ തയ്യാറാക്കൽ (e-bill), ഇ-മെഷർമെന്റ് ബുക്ക്, പുരോഗതി നിരീക്ഷിക്കൽ മുതലായവ കൂടി ഉൾപ്പെടുത്തി അതിന്റെ വ്യാപ്തി വികസിപ്പിക്കുന്നതാണ്. കരാർകാരുടെ രജിസ്ട്രേഷനും റെസ്റ്റ് ഹൗസ് ബുക്കിംഗിനും ഓൺലൈൻ സൗകര്യം ഏർപ്പെടുത്തുന്നതാണ്. ഹൈടെൻഷൻ സർവ്വീസ് കണക്ഷനുള്ള എല്ലാ സർക്കാർ കെട്ടിടങ്ങളിലും എനർജി മാനേജ്മെന്റ് സെന്ററുമായി ചേർന്ന് എനർജി ആഡിറ്റിംഗ് നടത്തും. കെട്ടിടങ്ങളിൽ സൗരോർജ്ജം പോലുള്ള പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ഉപയോഗപ്പെടുത്തും.

142. എന്റെ കഴിഞ്ഞ പ്രസംഗത്തിൽ ഉറപ്പ് തന്നത് പോലെ പ്ലാസ്റ്റിക്, കയർ, റബ്ബർ എന്നിവയുടെ ഉപയോഗം പൊതുമരാമത്ത് വകുപ്പ് റോഡുനിർമ്മാണ

പ്രവർത്തികളിൽ സ്വീകരിച്ചുവരുന്നു എന്ന് നിങ്ങളെ അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇത് നിരവധി മെച്ചപ്പെട്ട ഗുണങ്ങൾ ലഭിക്കുന്ന ഒരു വലിയ നേട്ടമായി ഞാൻ കരുതുന്നു. സമാനമായ രീതിയിൽ ഈ വർഷം പൊതുമരാമത്ത് വകുപ്പ് പ്രാദേശികമായി ലഭിക്കുന്ന സാധനങ്ങൾ ഉപയോഗിച്ചുള്ള അനുയോജ്യമായ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യ യഥാവിധി സ്വീകരിക്കുന്നതാണ്. വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ഗ്രീൻ ഡിസൈൻ കൺസെപ്റ്റ്സിന്റെ ഉപയോഗത്തിനും കൂടി ഊന്നൽ നൽകുന്നതാണ്. വാഗ്ദാനം ചെയ്തതുപോലെ രാജ്യത്ത് ഒരു എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ സോഷ്യൽ ആഡിറ്റിംഗിന് ആരംഭം കുറിച്ചിട്ടുണ്ട്.

143. സംസ്ഥാനത്തുടനീളം ബി.എം & ബി.സി (BM & BC) വ്യാപിപ്പിക്കുന്നതിനായി 860 കോടി രൂപയുടെ ഒരു വൻകിട പദ്ധതി നടപ്പിലാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. 1000 കോടി രൂപ ചെലവിൽ 1000 കി.മീ. പ്രധാന ജില്ലാ റോഡുകൾ നാഷണൽ ഹൈവേയുടെ നിലവാരത്തിൽ ഉയർത്തുന്നതാണ്. നിർമ്മാണം നടന്നുവരുന്ന പാലങ്ങളുടെയും നിർദ്ദേശിക്കപ്പെട്ട 65 പുതിയ പാലങ്ങളുടെയും പൂർത്തീകരണത്തിനായി 1500 കോടി രൂപ നിക്ഷേപിക്കുന്നതാണ്.

144. എന്റെ സർക്കാർ, പാലങ്ങളുടെയും കലുങ്കുകളുടെയും പരിപാലനത്തിനായി 500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കും. എന്റെ സർക്കാർ റോഡുകൾക്കായി ഒരു പരിപാലന നയം കൊണ്ടുവന്നിട്ടുണ്ട്. ഇതിലേക്കായി ചീഫ് എഞ്ചിനീയറുടെ കീഴിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിനായി ഉദ്ദേശിക്കുന്നു. നാറ്റ്പാക് (NATPAC) അന്തിമ സാദ്ധ്യതാ റിപ്പോർട്ട് തയ്യാറാക്കിയാലുടനെ തിരുവനന്തപുരം ജില്ല മുതൽ കാസർഗോഡ് ജില്ല വരെ തീരദേശ ഹൈവേയുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ആകെ 7000 കോടി രൂപ മുതൽമുടക്കിൽ കാസർഗോഡിനെ കളിയിക്കാവിളയുമായി ബന്ധിപ്പിക്കുന്ന ഹിൽ ഹൈവേയുടെ നിർമ്മാണം എന്റെ സർക്കാർ വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലെയും പദ്ധതികൾക്കായി കഴിഞ്ഞ വർഷത്തെ ബജറ്റിൽ വിഭാവനം ചെയ്ത വൻതോതിലുള്ള നിക്ഷേപം തുടരുക എന്നതിന് ഊന്നൽ നൽകുന്നതാണ്.

145. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെ വിവിധ ഘട്ടങ്ങളിലുള്ള 21 ബൈപാസ് റോഡുകൾ പൂർത്തീകരിക്കുന്നതാണ്. വൈറ്റില-കുണ്ടന്നൂർ ഫ്ളൈഓവർ നിർമ്മാണം

ഏറ്റെടുക്കുന്നതിന് എന്റെ സർക്കാർ, 100 കോടി രൂപ മുതൽമുടക്കിലുള്ള ഒരു പദ്ധതി ശബരിമല റോഡ് വികസനത്തിനായി തയ്യാറാക്കിയിട്ടുണ്ട്.

146. എന്റെ സർക്കാർ, റോഡ് സുരക്ഷയ്ക്ക് മുന്തിയ പരിഗണന നൽകുന്നതും, സിഗ്നലുകൾ, സൈൻബോർഡുകൾ, ക്രാഷ് ബാരിയറുകൾ, റിഫ്ളക്ടറുകൾ എന്നിവ ഉൾപ്പെടെയുള്ള സുരക്ഷാനടപടികൾ സ്വീകരിക്കുന്നതും, സംസ്ഥാനത്ത് റോഡപകടങ്ങളുടെ നിരക്ക് കുറയ്ക്കുന്നതിനായി ബ്ലാക്ക് സ്പോർട്ട് (Black Sport) ലൊക്കേഷനുകൾ കണ്ടെത്തുകയും അവ പരിഹരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

147. എന്റെ സർക്കാർ, തിരുവനന്തപുരത്തും കോഴിക്കോടും യഥാക്രമം 4219 കോടി രൂപയുടെയും 2509 കോടി രൂപയുടെയും ചെലവിൽ ലൈറ്റ് മെട്രോ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**ഗതാഗതം**

148. എന്റെ സർക്കാർ, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കായി വ്യാപകമായ ഒരു കാര്യക്ഷമതാ വർദ്ധനവ് പരിപാടി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. ഡിജിറ്റൈസ് ചെയ്ത സമയവിവര പട്ടികയോടുകൂടിയ സ്റ്റേജ് കാരിയേജുകളുടെ പരിഗണനയിലിരിക്കുന്ന

നിർദ്ദിഷ്ട ഇന്റലിജന്റ് ഗതാഗത സമ്പ്രദായം (Intelligent Transport System) പൊതുഗതാഗത ഗുണനിലവാരം വർദ്ധിപ്പിക്കും.

149. മോട്ടോർവാഹന ചെക്ക്പോസ്റ്റുകളിൽ റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുന്നതാണ്. ആട്ടോമേഷന്റെ ഭാഗമായി ഡ്രൈവർമാരുടെ ടെസ്റ്റിംഗ് ട്രാക്കുകളും വാഹന പരിശോധനാ കേന്ദ്രങ്ങളും കൂടുതലായി സ്ഥാപിക്കുന്നതാണ്. സ്പീഡ് ക്യാമറ നിരീക്ഷണ സംവിധാനത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കും. സ്റ്റേജ് ക്യാരേജുകൾ നിരീക്ഷിക്കുന്നതിനുള്ള ജി.പി.എസ് (GPS) അടിസ്ഥാനമാക്കിയുള്ള വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, ടിപ്പറുകൾ, സ്കൂൾ ബസുകൾ, കോൺട്രാക്ട് കാര്യേജുകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ പൊതുഗതാഗതവാഹനങ്ങളെയും ഉൾപ്പെടുത്തുന്ന വിധത്തിൽ വ്യാപിപ്പിക്കുന്നതാണ്.

150. ഈ വർഷം തന്നെ മെച്ചപ്പെട്ടൊരു മാറ്റം കൈവരിക്കുന്നതിന് കെ.എസ്.ആർ.റ്റി.സി.-യ്ക്ക് വേണ്ട സഹായം നൽകുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പ്രൊഫസർ സുശീൽഖന്ന കമ്മിറ്റിയുടെ റിപ്പോർട്ട് താമസംവിനാ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഫ്ലീറ്റ് യൂട്ടിലൈസേഷൻ, ഇന്ധനക്ഷമതയും അറ്റകുറ്റപണിയും, ഡ്യൂട്ടി ഷെഡ്യൂളുകളുടെ പുനക്രമീകരണം, നൂതന

സാങ്കേതികവിദ്യ സ്വീകരിക്കൽ, പ്രൊഫഷണൽ മാനേജ്മെന്റിനായുള്ള വിവരസാങ്കേതിക വിദ്യ സമ്പ്രദായം (IT സമ്പ്രദായം) എന്നിവയിൽ ദേശീയ നിലവാരം കൈവരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും. പരീക്ഷണാടിസ്ഥാനത്തിൽ നഗരങ്ങളിൽ 250 സിഎൻജി വാഹനങ്ങൾ ആരംഭിക്കാൻ കെ.എസ്.ആർ.റ്റി.സി ഉദ്ദേശിക്കുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ നഗരങ്ങളിൽ പരിസ്ഥിതി സൗഹൃദ ഇലക്ട്രിക് ബസുകൾ പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങുവാൻ കെ.എസ്.ആർ.റ്റി.സി പദ്ധതിയിടുന്നുണ്ട്. ബസുകളിൽ ജി.പി.എസ് അടിസ്ഥാനമാക്കിയുള്ള സ്മാർട്ട് കാർഡ് സംവിധാനം ആരംഭിക്കും. ജി.പി.എസ് -നെ മൊബൈൽ ആപ്ലിക്കേഷനുമായി ബന്ധിപ്പിച്ചു കൊണ്ട് വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റവും (VTS) പാസഞ്ചേഴ്സ് ഇൻഫർമേഷൻ സിസ്റ്റവും ആവിഷ്കരിക്കും. എല്ലാ പ്രധാന നഗരങ്ങളിലേയ്ക്കും പിങ്ക് ബസ് സർവ്വീസുകൾ വ്യാപിപ്പിക്കും. വിനോദസഞ്ചാരത്തെ അടിസ്ഥാനമാക്കി സർവ്വീസുകൾ ആരംഭിക്കും.

151. പരിസ്ഥിതി സൗഹൃദ യാത്രയ്ക്കായി ജലഗതാഗത വകുപ്പിൽ സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന യാനങ്ങൾ കൂടുതലായി ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പുതുതായി യാത്രാ-വിനോദ സഞ്ചാര സർവ്വീസുകൾ ആരംഭിക്കും. ഒരു ക്രൂയിസ്

വെസ്സലും 2 ജല ടാക്സികളും പരീക്ഷണാടിസ്ഥാന ത്തിൽ സർവ്വീസുകൾ ആരംഭിക്കും. ഇതിനുപുറമെ ആലപ്പുഴയിലെയും എറണാകുളത്തെയും നിലവിലുള്ള ഡോക്യാർഡുകൾ നവീകരിക്കുന്നതാണ്.

152. ട്രാൻസ്പോർട്ട് പ്ലാനിംഗ്, ഷെഡ്യൂളിംഗ് ഓപ്പറേഷൻ എന്നിവയ്ക്കായി കോമൺ കമാൻഡും കൺട്രോൾ സിസ്റ്റവും പ്രദാനം ചെയ്യുന്നതിനും, ജല ഗതാഗതം. പ്രൈവറ്റ്ബസുകൾ, കെ.എസ്.ആർ.റ്റി.സി, ആട്ടോറിക്ഷ, മെട്രോ അഥവാ ലൈറ്റ് റെയിൽ മുതലായവ പോലുള്ള വിവിധ ഗതാഗതമാർഗ്ഗങ്ങൾ സംയോജിതമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കേരള ത്തിലെ പ്രധാന നഗരങ്ങളിൽ ഒരു മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. 2017-ലെ കേരളാ മെട്രോ പൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (KMTA) ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ഒരു പ്രാരംഭ പദ്ധതി എന്ന നിലയിൽ കൊച്ചി മെട്രോപൊളിറ്റൻ ഗതാഗത അതോറിറ്റി പ്രദേശത്ത് ഒരു സമഗ്ര പൊതു ഗതാഗതനയം 2017–18 വർഷത്തിൽ ആവിഷ്കരി ക്കുന്നതാണ്.

153. കേരളാ റോഡ് സുരക്ഷാ അതോറിറ്റിയെ ശക്തി പ്പെടുത്തുന്നതിനായി മതിയായ റോഡ് സുരക്ഷാ വിദഗ്ദ്ധരെ നിയമിക്കുന്നതാണ്. കേരളത്തിലെ

റോഡുകളിൽ നാറ്റ്പാക് കണ്ടെത്തിയിട്ടുള്ള 355 അപകടസ്ഥാനങ്ങളിൽ അപകടസാദ്ധ്യത കുറയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കും.

154. കൊച്ചി മെട്രോയുടെ ആദ്യഘട്ടത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം 2017-18-ൽ ആരംഭിക്കും. പേട്ടയിൽ നിന്നും തൃപ്പൂണിത്തറയിലേക്ക് പാത ദീർഘിപ്പിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെ 2577.25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പുതിയ പാതയും പരിഗണനയിലാണ്. കൊച്ചി നഗരത്തിൽ കൊച്ചി വാട്ടർ മെട്രോ പ്രോജക്റ്റ്/ഇന്റഗ്രേറ്റഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റത്തിനായുള്ള ജനറൽ കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

## ജലവിഭവം

155. നദീതടങ്ങളിൽ സംയോജിത ജല വിഭവ മാനേജ്മെന്റിന് എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കും. ജലവിതരണമേഖലയിൽ, പഴയ ആസ്തികളുടെ നവീകരണം, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെട്ട ഉപയോഗം, പൊതുജനങ്ങളുടെ പരാതി പരിഹാര സംവിധാനം ശക്തമാക്കൽ, മെച്ചപ്പെട്ട ആസ്തി കൈകാര്യം ചെയ്യൽ, ശുദ്ധീകരിച്ച ജലവിത

ർണം എത്തിക്കുന്നത് വ്യാപിപ്പിക്കൽ എന്നിവയിലൂടെ സേവന ലഭ്യത മെച്ചപ്പെടുത്തുന്നതിൽ ജലവിഭവ വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കും.

156. നദി പുനരുജ്ജീവനത്തിന് ഹരിതകേരളം മിഷനെ ഉപയോഗപ്പെടുത്തും. ആദ്യമായി, ഭാരതപ്പുഴ പോലുള്ള ഒരു പ്രധാന നദീതടത്തെ പങ്കാളിത്ത സമീപനത്തിലൂടെ ശാസ്ത്രീയമായ ക്യാച്ച്മെന്റ് ഏരിയ പരിപാലനത്തിനായി ഏറ്റെടുക്കുന്നതാണ്.

157. എന്റെ സർക്കാർ, ഓരോ പഞ്ചായത്തിലും ഒരു മാതൃകാ മലിനീകരണവിമുക്ത ജലാശയം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ഇത് പിന്നീട് ഓരോ പഞ്ചായത്തിലും ഏറ്റവും കുറഞ്ഞത് നാലെണ്ണം എന്ന രീതിയിൽ വ്യാപിപ്പിക്കുന്നതാണ്. സാമൂഹികവും മതപരവുമായ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ജലാശയങ്ങളും പദ്ധതിയിൻ കീഴിൽ വരുന്നതും തദ്ദേശ സർക്കാരുകളുടെയും സാമൂഹിക, മത സ്ഥാപനങ്ങളുടെയും സഹകരണം തേടുന്നതുമാണ്.

158. ജല ആഡിറ്റിംഗ്, ജല ബജറ്റിംഗ് എന്നിവ നടപ്പിലാക്കും. ജലവിഭവ ഇൻഫർമേഷൻ സിസ്റ്റത്തെ ശാസ്ത്രീയമായ തീരുമാനം എടുക്കുന്നതിനുള്ള ഒരു ഉപാധിയായി വികസിപ്പിക്കുന്നതാണ്.

159. മഴവെള്ള സംഭരണം നിർബന്ധിതമാക്കുന്നതും വലിയ അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾക്കു വേണ്ടി വെള്ളക്കരം തിട്ടപ്പെടുത്തുമ്പോൾ ജല ഉപഭോഗത്തിന് പരിധി നിശ്ചയിക്കുന്നതുമാണ്.

160. നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ ജോലി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി ഉൾപ്പെടെ പ്രധാന ജലസേചന പദ്ധതി കളിൻ കീഴിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ശരിയായ രീതിയിലുള്ള പരിപാലനം ഏറ്റെടുക്കും. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി രണ്ടു വർഷ ക്കാലയളവിനുള്ളിൽ പൂർത്തീകരിക്കും.

161. ജലവിഭവ വകുപ്പ് വരൾച്ച നേരിടുന്നതിന് അതിന്റേതായ പങ്ക് നിർവ്വഹിക്കുവാൻ തയ്യാറെ ടുത്തുകൊണ്ടിരിക്കുന്നു. ഇതിനകം തന്നെ 40 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്കും, 12 കോടി രൂപ ഭൂഗർഭജലവകുപ്പിനുമായി അനുവദിച്ചിട്ടുണ്ട്.

162. എന്റെ സർക്കാർ, 2021-ഓടെ നൂറുശതമാനം ജലലഭ്യത നേടുവാൻ ലക്ഷ്യമിട്ടിരിക്കുന്നതിനാൽ കേരള വാട്ടർ അതോറിറ്റി അതിന്റെ ഉൽപ്പാദനം 750 എംഎൽഡി (MLD) ആയി വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധ കേന്ദ്രീകരി ക്കും. ഈ വർഷം 2 ലക്ഷം ഗാർഹിക കണക്ഷൻ നൽകുവാൻ അതോറിറ്റി ഒരു പ്രത്യേക യത്നം

ഏറ്റെടുക്കും. കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള എല്ലാ ഉപഭോക്താക്കളെയും കമ്പ്യൂട്ടർവൽക്കരിച്ച ബില്ലിംഗ് സമ്പ്രദായത്തിൻ കീഴിൽ കൊണ്ടുവരുന്നതാണ്. സാധാരണയായുള്ള പദ്ധതികൾ പ്രാപ്യമല്ലാത്ത ഭൂപ്രദേശങ്ങളിൽ ജലനിധിക്ക് കീഴിൽ 310 ചെറുകിട ജലവിതരണ പദ്ധതികൾ ഏറ്റെടുക്കും.

**വൈദ്യുതി**

163. 2017 മാർച്ച് 31-ഓടെ എല്ലാ വീടുകളും വൈദ്യുതീകരിക്കുക എന്ന പ്രധാന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ അടുത്തെത്തിയിരിക്കുകയാണ് നമ്മുടെ സംസ്ഥാനം. കഴിഞ്ഞ എൽ.ഡി.എഫ് മന്ത്രി സഭയുടെ കാലത്ത് തുടങ്ങിവെച്ച പള്ളിവാസൽ എക്സ്റ്റൻഷൻ (60 MW), തോട്ടിയാർ (40 MW), ചാത്തൻകോട്ട് നട (6 MW) എന്നീ വൈദ്യുത പദ്ധതികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എന്റെ സർക്കാർ സ്വീകരിക്കുന്നതാണ്. മൊത്തം 105 മെഗാവാട്ട് ശേഷിയുള്ള ആറ് പുതിയ ചെറുകിട ജലവൈദ്യുതപദ്ധതികൾ നടപ്പിലാക്കുന്നതാണ്.

164. വരുംവർഷം കാസർഗോഡുള്ള 200 മെഗാവാട്ട് (MW) സോളാർ പാർക്കിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള 200 മെഗാവാട്ട് (MW) ശേഷിയുള്ള മറ്റൊരു സോളാർ പാർക്കും

ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. വരുന്ന രണ്ട് വർഷങ്ങളിൽ കാറ്റാടി യന്ത്രങ്ങളിൽ നിന്ന് 100 മെഗാവാട്ട് (MW) വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

165. സംസ്ഥാനത്തിന്റെ വിദ്യുച്ഛക്തി പ്രസരണം ശക്തിപ്പെടുത്തുന്നതിന് ഒരു ദീർഘകാല പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0-യുടെ ഒന്നാംഘട്ടം ഇതിനകം ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടം 2024-ൽ പൂർത്തീകരിക്കുന്നതാണ്.

166. സംസ്ഥാനത്തെ വിതരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം, ദീൻദയാൽ ഉപാദ്ധ്യായ ഗ്രാം യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും 200 കോടി രൂപയും ശേഷിക്കുന്നത് കെ.എസ്.ഇ.ബി.എൽ.-ൽ നിന്നുമായി നിക്ഷേപിക്കുവാനാകുമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു. വൈദ്യുത കണക്ഷനായുള്ള എല്ലാ അപേക്ഷകളും സ്വീകരിക്കുന്നതിനായി ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതാണ്. കെ.എസ്.ഇ.ബി. എൽ.-ന്റെ ഹൈഡൽ ടൂറിസം പ്രവർത്തനങ്ങൾ ഒരു സബ്സിഡിയറി കമ്പനിയായി പുന:സംഘടിപ്പിക്കുന്നതാണ്. എൽ.ഇ.ഡി. വിളക്കുകൾ, എനർജി എഫിഷ്യന്റ് ഫാനുകൾ, മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ കെ.എസ്.ഇ.ബി.എൽ വിതരണം ചെയ്യുന്നതാണ്.

167. എനർജി മാനേജ്മെന്റ് സെന്റർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് മിനി-മൈക്രോ വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതും ഒരു പദ്ധതി ഹൈഡ്രോ കൈനറ്റിക് ടർബൈൻ ടെക്നോളജി ഉപയോഗിച്ചും നടപ്പിലാക്കുന്നതുമാണ്. വൈദ്യുത പദ്ധതികളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും സഹകരണ സംഘങ്ങൾക്കും ഉള്ള ഒരു ഉപദേശക ഏജൻസിയായി അനെർട്ട് (ANERT) പ്രവർത്തിക്കുന്നതാണ്. റൂഫ്ടോപ് സോളാർ പ്രോജക്റ്റുകൾ ഇൻസ്റ്റലേഷനുകൾ വർദ്ധിപ്പിക്കുന്നതാണ്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് മുഖേന ഗുണ നിലവാര സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ഊന്നൽ നൽകും.

168. സംശുദ്ധമായ ഊർജ്ജത്തിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധവും ഊർജ്ജോൽപ്പാദനത്തിന് വേണ്ടി മറ്റ് സ്രോതസ്സുകളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നതാണ്. മറ്റു മാർഗ്ഗങ്ങളിലൂടെ ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന വ്യക്തികൾക്കും സംഘടനകൾക്കും കാർബൺ ന്യൂട്രൽ സർട്ടിഫിക്കേഷൻ നൽകുകയും ചെയ്യുന്നതാണ്. മലിനീകരണവും കാർബൺ ന്യൂട്രാലിറ്റിയും എന്ന ആശയം വ്യക്തിഗത തലത്തിലേക്ക് കൊണ്ടുവരുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

169. എന്റെ സർക്കാർ സംസ്ഥാനത്തുടനീളം ഒരു വീടിന് ഒരു സൗരോർജ്ജ പാനൽ എന്ന നയം പ്രോൽസാഹിപ്പിക്കും. കുറഞ്ഞ നിരക്കുകളിൽ സോളാർ പാനലുകൾ

ലഭ്യമാക്കും. 3000 ചതുരശ്ര അടി വിസ്തീർണ്ണത്തിന് മുകളിലുള്ള വീടുകൾക്ക് സോളാർ പാനലുകൾ നിർബന്ധിതമാക്കും. സൗരോർജ്ജത്തിനുള്ള ഗ്രിഡിന്റെ ചെലവിൽ ഇളവ് അനുവദിക്കുകയും കാർബൺ ക്രഡിറ്റ് നൽകുന്നതുമാണ്.

**ഹാർബറുകൾ**

170. നീണ്ടകര, തോട്ടപ്പള്ളി, കായംകുളം മുതലായ നിലവിലെ മൽസ്യബന്ധന തുറമുഖങ്ങളുടെ രണ്ടാം ഘട്ട വികസനവും തങ്കശ്ശേരിയുടെ മൂന്നാം ഘട്ട വികസനവും നടപ്പിലാക്കുന്നതാണ്. വെള്ളയിൽ, താനൂർ കാസർഗോഡ്, കണ്ണൂരിലെ അഴീക്കൽ മൽസ്യബന്ധന തുറമുഖങ്ങളുടെ ശേഷിക്കുന്ന പ്രവർത്തികൾ സാഗർമാല പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു. 'ഓപ്പറേഷൻ അനന്ത' പദ്ധതിക്കു കീഴിൽ വേളിയിൽ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്നത് 2017-18-ൽ ആരംഭിക്കുന്നതാണ്. 2017-18 സാമ്പത്തിക വർഷത്തിൽ 300 തീരദേശറോഡുകൾ പൂർത്തീകരിക്കുന്നതാണ്. നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന മുതലപ്പൊഴി, കൊയിലാണ്ടി, തലായി, വെള്ളയിൽ, താനൂർ എന്നിവിടങ്ങളിലെ അഞ്ച് മൽസ്യബന്ധന തുറമുഖങ്ങൾ അടുത്ത ധനകാര്യ വർഷത്തിൽ കമ്മീഷൻ ചെയ്യുകയും തീരദേശപ്രദേശങ്ങളിൽ ഏഴ് പാലങ്ങൾ പൂർത്തിയാക്കുകയും ചെയ്യും.

തുറമുഖങ്ങൾ

171. ചെറുകിട തുറമുഖങ്ങളിലെ ചരക്ക് നീക്കം ശക്തിപ്പെടുത്തുന്നതിനായി കൊല്ലം, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിലേക്ക് റെയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ റെയിൽ-റോഡ് ഗതാഗത ത്തിരക്ക് ലഘൂകരിക്കുന്നതിനുവേണ്ടി തീരദേശ-ഉൾനാടൻ ജലഗതാഗത സർവ്വീസുകൾ ശക്തിപ്പെടുത്തും. പൊന്നാനി തുറമുഖം മുതൽ തിരുനാവായ റെയിൽവേ സ്റ്റേഷൻവരെ 13 കിലോമീറ്റർ നീളത്തിലുള്ള റെയിൽ കണക്ടിവിറ്റി സംബന്ധിച്ചുള്ള ഒരുപഠന റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ സാഗർമാല/ഭാരത്മാലാ പദ്ധതിയുടെ ഭാഗമായി കൊല്ലത്തേയും അഴീക്കലിനേയും ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഉൾനാടൻ ജലപാതകളിൽ എൽ.പി.ജി കൊണ്ടുപോകുന്നതിന്റെ സാധ്യത പരിശോധിക്കുന്ന തിനായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഒരു പഠനം നടത്തിവരുന്നു. എൽ.പി.ജി. കമ്പനികളുടെ സജീവ പങ്കാളിത്ത ത്തോടെയും സഹായത്തോടെയും ഈ പദ്ധതി ആരംഭിക്കാൻ കഴിയുമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു. എന്റെ സർക്കാർ മാന്വൽ ഡ്രഡ്ജിംഗിനെ സംബന്ധിച്ച് ഒരു നയം

സ്വീകരിച്ചിട്ടുള്ളതും അത് ഈവർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു.

172. വിഴിഞ്ഞത്തെ അഭിമാനാർഹമായ വിവിധോദ്ദേശ ആഴക്കടൽ തുറമുഖ പദ്ധതിയുടെ വികസനം നിശ്ചയിക്കപ്പെട്ടപ്രകാരം തന്നെ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. പദ്ധതി മൂലം ബാധിക്കപ്പെട്ട പ്രദേശത്തെ കുടുംബങ്ങളുടെ പുന:സ്ഥാപനവും പുനരധിവാസവും പൂർത്തിയാക്കിയിട്ടുള്ളതും ബാധിക്കപ്പെട്ട മറ്റു വ്യക്തികളുടെയും കുടുംബങ്ങളുടെയും കാര്യത്തിൽ ഇപ്പോൾ മുൻഗണനാടിസ്ഥാനത്തിൽ നടപടികൾ എടുത്തുകൊണ്ടിരിക്കുന്നതുമാണ്. തുറമുഖത്തേക്ക് റെയിൽ കണക്റ്റിവിറ്റി സംബന്ധിച്ച വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് റെയിൽവികാസ് നിഗം ലിമിറ്റഡ് വഴി തയ്യാറാക്കി ക്കൊണ്ടിരിക്കുന്നു. സാഗർമാലാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഇതു ഭാരത സർക്കാരിന് സമർപ്പിക്കുന്നതാണ്.

**സാമൂഹ്യ നീതി**

173. എന്റെ സർക്കാർ, 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് (പി.ഡബ്ല്യു.ഡി.) ആക്റ്റിന് അനുസൃതമായി 'ഒന്നിച്ച് നടക്കാം' എന്നർത്ഥത്തിലുള്ള "അനുയാത്രാ" എന്ന പുതിയ സമഗ്ര പദ്ധതി സംഘടിത പ്രവർത്തനരീതിയിൽ

സമാരംഭിക്കുന്നതാണ്. ഗോത്ര വർഗ്ഗ - പട്ടികജാതി സെറ്റിൽമെന്റുകളിലും തീരപ്രദേശങ്ങളിലും പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഓട്ടിസം, സ്പെഷ്യൽ അങ്കണവാടികൾ എന്നീ മേഖലകളിൽ നിരവധി ഇടപെടലുകളും ഇൻസ്റ്റിറ്റ്യൂഷൻ ബിൽഡിംഗ് അനുയാത്രാ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

174. എന്റെ സർക്കാർ, സംസ്ഥാനത്തെ അംഗപരിമിതരായ വ്യക്തികളുടെ സംയോജിത വികാസത്തിനുവേണ്ടി പുതിയ ഉദ്യമങ്ങൾ തയ്യാറാക്കുന്നതിനായി സാമൂഹ്യ നീതി വകുപ്പിൽ 'പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് റിസേർച്ച് ആന്റ് ഗൈഡൻസ് സെൽ' സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളും മൂന്നു വർഷത്തിനകം തടസ്സരഹിതമാക്കി മാറ്റുന്നതിനും ഒരു സമഗ്ര പരിപാടി സർക്കാർ ആരംഭിക്കുന്നതാണ്. കേരളത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്ന പ്രാഥമിക ഉദ്ദേശത്തോടെയും അംഗപരിമിതത്വം കൈകാര്യം ചെയ്യുന്നതിൽ ആഗോളതലത്തിൽ സ്വീകരിച്ചിട്ടുള്ള അന്താരാഷ്ട്ര വീക്ഷണങ്ങളും സമീപനങ്ങളും കണക്കിലെടുത്തുകൊണ്ടും അംഗപരിമിതരുടെ മേഖലയിൽ ഒരു സമഗ്രമായ "റൈറ്റ് ബേയ്സ്ഡ് ലൈഫ് സൈക്കിൾ അപ്രോച്ച്" ഈ വർഷം സ്വീകരിക്കുന്നതാണ്.

175. എന്റെ സർക്കാർ, ഒരു ഏകീകൃത മാതൃകയിൽ ഭിന്നശേഷിക്കാരായ പൗരന്മാർക്ക് പ്രയോറിറ്റി കാർഡുകൾ നൽകുന്നതാണ്. ഭിന്നശേഷിക്കാരായ പൗരന്മാർക്ക് സ്ഥിരം ജോലി നൽകുന്നതിനുവേണ്ടി ജില്ലാതലത്തിൽ ഒരു പദ്ധതി ആരംഭിക്കുന്നതാണ്. ഇത് അടുത്ത നാലു വർഷംകൊണ്ട് താലൂക്ക് തലത്തിലേക്ക് വ്യാപിപ്പിക്കുന്നതാണ്.

176. പൊതു സ്ഥലങ്ങളിലും ബസ്സ് സ്റ്റോപ്പുകളിലും ബസ്സുകളിലും ഭിന്നശേഷിക്കാർക്ക് അനായാസേന എത്തുന്നതിനായി റാംപുകളും ബ്രെയ്‌ലിചിഹ്നങ്ങളും വ്യാപകമായി ഉപയോഗപ്പെടുത്തുന്നതാണ്.

177. എന്റെ സർക്കാർ അംഗപരിമിതരായ എല്ലാ ബി.പി.എൽ. വ്യക്തികളെയും ''സ്വാവലംബൻ'' ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുവാൻ ഉദ്ദേശിക്കുന്നു. ജുവനൈൽ പ്രമേഹരോഗബാധിതരായ കുട്ടികൾക്ക് ഇൻസുലിൻ വിതരണം ചെയ്യുന്ന ഒരു സഹായ പദ്ധതി ആരംഭിക്കുന്നതാണ്.

178. എന്റെ സർക്കാർ, എൻഡോസൾഫാൻ പാക്കേജിൻമേലുള്ള പ്രതിബദ്ധതകൾ പൂർണ്ണമായും നിറവേറ്റുന്നതാണ്.

179. ഭിന്നശേഷിക്കാരായ സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിന് വേണ്ടി ഷെൽട്ടേർഡ് വർക്ക്ഷോപ്പുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതാണ്.

180. ഡോക്ടർമാർ, നഴ്സുമാർ, ഫിസിയാട്രിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, സാമൂഹിക പ്രവർത്തകർ എന്നിവരുടെ കൃത്യമായ സേവനത്തോടുകൂടി ഒരു "ഹാഫ്‌വേ ഹോം" പക്ഷാഘാതം പിടിപെട്ട ആളുകൾക്ക് ഇൻപേഷ്യന്റ് റിഹാബിലിറ്റേഷൻ സേവനം നൽകുന്നതിനായി കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്നതാണ്.

181. വയോജനങ്ങൾക്ക് അവശ്യ സേവനങ്ങൾ നൽകുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 'സായംപ്രഭ' എന്ന പുതിയ പദ്ധതി എന്റെ സർക്കാർ സമാരംഭിക്കുന്നതാണ്.

182. അഗതികളായ മുൻകുറ്റവാളികളുടെ സംരക്ഷണത്തിന് വിശ്വാസ യോഗ്യമായ സർക്കാരിതര സംഘടനകളുടെ സഹകരണത്തോടെ പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്.

183. സംസ്ഥാനത്തെ എല്ലാ അങ്കണവാടികൾക്കും സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള സമഗ്രമായ ഒരു നിർദ്ദേശം ഏറ്റെടുക്കുന്നതാണ്. നിലവിലെ തെരഞ്ഞെടുക്കപ്പെട്ട 250 അങ്കണവാടികളോട് ചേർന്ന് ക്രഷുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. തൊഴിലെടുക്കുന്ന മാതാപിതാക്കൾക്ക് അവരുടെ കുട്ടികൾക്ക് ക്രഷിന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിന് സഹായിക്കുംവിധം അത്തരം അങ്കണവാടികളുടെ പ്രവർത്തന സമയം രാവിലെ 8.30 മുതൽ വൈകിട്ട് 5.30 വരെ ദീർഘിപ്പിക്കുന്നതാണ്.

184. ദുർഘട സാഹചര്യങ്ങളിൽ ജീവിക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി വിശദമായ സർവ്വേയിലൂടെ 'വൾണറബിലിറ്റി മാപ്പിംഗ് എക്സർസൈസ്' ഏറ്റെടുക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി തിരുവനന്തപുരം, മലപ്പുറം എന്നീ ജില്ലകളെ 2017-18-ൽ ഏറ്റെടുക്കുന്നതാണ്.

185. കേരളത്തെ ഒരു 'ബാല യാചക രഹിത സംസ്ഥാനമായി' പ്രഖ്യാപിക്കുന്നതിന് ആവശ്യമായ നടപടി അടുത്ത ഒരു വർഷത്തിനുള്ളിൽ സ്വീകരിക്കുന്നതാണ്.

186. ഭിന്നലിംഗ വിഭാഗത്തിലുള്ളവർക്ക് (ട്രാൻസ്ജെൻഡർ) വേണ്ടി ഒരു തൊഴിൽ നൈപുണ്യ പരിപാടി ആരംഭിക്കുന്നതാണ്.

187. തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ പെൺകുട്ടികൾക്കായി 'ന്യൂഹോമുകൾ' സ്ഥാപിക്കുന്നതാണ്.

188. ജോലിക്കാരായ സ്ത്രീകൾക്ക് സുരക്ഷിതവും അനുയോജ്യവുമായ താമസ സൗകര്യം ഉറപ്പാക്കുന്നതിനുള്ള ഉദ്യമത്തിന്റെ ഭാഗമായി കെ.എസ്.ഡബ്ള്യൂ.ഡി.സി. (KSWDC), പുതിയ ഹോസ്റ്റലുകൾ തുറക്കുവാൻ ഉദ്ദേശിക്കുന്നു. സ്ത്രീ സുരക്ഷ ഉറപ്പു

വരുത്തുന്നതിനും ജെൻഡർ സെൻസറ്റൈസേഷൻ (Gender Sensitization) പ്രോത്സാഹി പ്പിക്കുന്നതിനും ഒരു വനിതാ ഹെൽപ്പ്ലൈൻ ആരംഭിക്കുവാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ 2 ഗോത്രവർഗ്ഗ സെറ്റിൽമെന്റുകളിൽ പട്ടികവർഗ്ഗക്കാരായ സ്ത്രീകൾക്കായി പരീക്ഷണ അടിസ്ഥാനത്തിൽ സംയോജിത നൈപുണ്യ വികസന കേന്ദ്രങ്ങൾ (ഇന്റഗ്രേറ്റഡ് സ്കിൽ ഡവലപ്പ്മെന്റ് സെന്ററുകൾ) കൂടി കോർപ്പറേഷൻ സ്ഥാപിക്കുന്നതാണ്.

**പട്ടികജാതിക്കാരുടെ ക്ഷേമം**

189. എന്റെ സർക്കാർ, എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വീട് ലഭ്യമാക്കിയാലുടൻ വിദ്യാഭ്യാസത്തിന് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പട്ടികജാതി കുടുംബങ്ങളിലെ വീടുകളിൽ 'പഠനമുറി' എന്ന ഒരു അധികമുറി നൽകുന്നതിനായി, നൂതനമായ ഒരു പദ്ധതി നടപ്പിലാക്കും. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ മൂന്ന് നഗരങ്ങളിലെ പട്ടിക ജാതിക്കാരായ സ്ത്രീകൾക്കായി അവരുടെ ജോലി സ്ഥലത്തിനടുത്ത് സുരക്ഷിതവും ചെലവു കുറഞ്ഞതുമായ താമസ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

190. പട്ടികജാതിക്കാരായ പെൺകുട്ടികളുടെ സർവ്വതോമുഖമായ വികസനത്തിനായി 'വാൽസല്യ നിധി' എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതാണ്. ഇത് അവളുടെ ജനനം മുതൽ, അവളുടെ ജനന രജിസ്ട്രേഷൻ, പൂർണമായ രോഗ പ്രതിരോധനടപടികൾ, സ്കൂൾ പ്രവേശനവും പത്താംതരം വരെയുള്ള പഠനവും ഉൾപ്പെടെ അവൾക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ ലഭിക്കുന്നവിധം ഒരു മൊത്തം തുക ഉൾക്കൊള്ളുന്നതാണ്. എല്ലാ ജില്ലകളിലും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായി പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. എല്ലാ ജില്ലകളിലും പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതാണ്. പട്ടികജാതി വിദ്യാർത്ഥികൾക്ക് മാത്രമായി മെഡിക്കൽ സാങ്കേതിക സ്ഥാപനങ്ങളോടനുബന്ധിച്ച് പാരാ മെഡിക്കൽ കോഴ്സുകൾക്കും ഡിപ്ലോമാ കോഴ്സുകൾക്കും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾക്കുമായി പ്രത്യേക ബാച്ചുകൾ തുടങ്ങുന്നതാണ്. വകുപ്പിനു കീഴിലുള്ള ഐ.റ്റി.ഐ-കളെ ഫിനിഷിംഗ് സ്കൂളുകളാക്കി പ്രവർത്തിപ്പിക്കുന്നതിലേക്കായി നവീകരിക്കുന്നതാണ്. പട്ടികജാതി വിദ്യാർത്ഥികൾക്കായി എല്ലാ ജില്ലകളിലും പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതാണ്.

191. എന്റെ സർക്കാർ, സ്വകാര്യ മേഖലയിലെ തൊഴിലുകളിൽ സംവരണം ഏർപ്പെടുത്തുന്നതിനായി സജീവമായി ഇടപെടൽ നടത്തുന്നതാണ്. എന്റെ സർക്കാർ, പട്ടികജാതി സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി പദ്ധതികൾ ആരംഭിക്കുന്നതാണ്.

192. എന്റെ സർക്കാർ, പട്ടികജാതിക്കാർക്കും - പട്ടികവർഗ്ഗക്കാർക്കും ഇടയിൽ സംരംഭകരെ സൃഷ്ടിക്കുന്നതിനായി ഒരു പ്രത്യേകഫണ്ട് ഏർപ്പെടുത്തുന്നതാണ്.

**പട്ടികവർഗ്ഗക്കാരുടെ ക്ഷേമം**

193. എന്റെ സർക്കാർ, പോഷകാഹാരകേന്ദ്രങ്ങളും കമ്മ്യൂണിറ്റി കിച്ചനുകളും വഴി, പട്ടികവർഗ്ഗക്കാർക്കിടയിൽ പോഷകാഹാര കുറവും ശിശുമരണവും കുറയ്ക്കുന്നതിൽ, പ്രധാനമായും ശ്രദ്ധേയമായ വിജയം കൈവരിച്ചിട്ടുണ്ട്. ഭൂരഹിതരായ എല്ലാ ഗോത്രവർഗ്ഗ കുടുംബങ്ങൾക്കും ഭൂമി നൽകുക എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതിനായി, 2006-ലെ ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് അദർ ഫോറസ്റ്റ് ഡ്വല്ലേഴ്സ് (റെക്കഗ്നിഷ്യൻ ഓഫ് ഫോറസ്റ്റ് റൈറ്റ്) ആക്റ്റിലെ വ്യവസ്ഥകൾ കൂടി ഉപയോഗപ്പെടുത്തും. വിവിധ പദ്ധതികൾക്ക് കീഴിൽ ഇതുവരെ ഏറ്റെടുത്തിട്ടുള്ള

വീടുകളിൽ പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിനായി മുൻഗണന നൽകുന്നതാണ്. സ്വയംതൊഴിലും സംരംഭകത്വവും ഉറപ്പാക്കുന്നതിനായി ട്രൈബൽ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതാണ്. പട്ടികവർഗ്ഗക്കാർ നടത്തുന്ന സഹകരണ സംഘങ്ങളെ നവീകരിക്കുവാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. അഭ്യസ്ഥവിദ്യരായ എല്ലാ ഗോത്രവർഗ്ഗ യുവാക്കളേയും ആദായകരമായ സ്ഥിരം ജോലി ലഭിക്കാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി ശ്രമങ്ങൾ നടത്തുന്നതാണ്. മറ്റുള്ളവർക്കായി, എം.ജി.എൻ.ആർ.ഇ.ജി.എസ് (MGNREGS)-ന് കീഴിൽ ഓരോ കുടുംബങ്ങൾക്കും 200 തൊഴിൽ ദിനങ്ങൾ സർക്കാർ ഉറപ്പു വരുത്തുന്നതായിരിക്കും.

194. ഗോത്രവർഗ്ഗക്കാരുടെ ഉൽപ്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണനം ചെയ്യുന്നതിനായി ഒരു സംവിധാനം ആസൂത്രണം ചെയ്യുന്നതാണ്.

195. ട്രൈബൽ ഗേൾ ചൈൽഡ് എൻഡോവ്മെന്റ് സ്കീമിന്റെ മാതൃകയിൽ ഗോത്ര വാൽസല്യനിധി എന്ന ഒരു പുതിയ പദ്ധതി സമാരംഭിക്കുന്നതാണ്. ഗോത്രവർഗ്ഗക്കാരുടെ വീടുകളിൽ കുട്ടിയുടെ വിദ്യാഭ്യാസത്തിന് ഉതകുന്നതിന് അനുകൂലമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്, ഗോത്ര വർഗ്ഗക്കാരുടെ ഗ്രാമങ്ങളിൽ കമ്മ്യൂണിറ്റി

സ്റ്റഡി സെന്റർ-സാമൂഹ്യ പഠനമുറി ആരംഭിക്കുന്നതാണ്. പോഷകാഹാരത്തിന്റെ പോരായ്മ കണ്ടെത്തിയും അത് നികത്തിയും അവബോധം സൃഷ്ടിച്ചും ഗോത്ര വർഗ്ഗക്കാരുടെ പോഷകാഹാര സുരക്ഷ ഉറപ്പു വരുത്തുന്നതാണ്.

196. എന്റെ സർക്കാർ, വകുപ്പ് നടത്തിവരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും പ്രതിഭാധനരായ ഗോത്രവർഗ്ഗ ആൺകുട്ടികളിലെയും പെൺകുട്ടികളിലെയും പ്രത്യേക കഴിവുകൾ കണ്ടെത്തുന്നതിനും ശാസ്ത്രീയ പരിശീലനത്തിനുമായി, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുമായി ചേർന്ന് തന്ത്രപ്രധാനമായ ഒരു പങ്കാളിത്തം ഉണ്ടാക്കുന്നതാണ്. ദേശീയോദ്ഗ്രഥനം ഗോത്രവർഗ്ഗക്കാരുടെ കലകളിലൂടെയും കരകൗശലത്തിലൂടെയും പ്രോത്സാഹിപ്പിക്കുന്നതിനായി, രാജ്യത്തെ വിവിധ ഭാഗങ്ങളിൽനിന്നും ഗോത്രവർഗക്കാരായ കൈത്തൊഴിലുകാരെയും കരകൗശലപണിക്കാരെയും ക്ഷണിച്ചുകൊണ്ട് അഞ്ചു ദിവസത്തെ ഒരു കലാമേള സംഘടിപ്പിക്കുന്നതാണ്. എറണാകുളത്തെ ട്രൈബൽ അബോഡ് കോംപ്ലക്സിൽ കേരളത്തിൽ ഇതാദ്യമായി ഗോത്ര, നാടൻ കലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഒരു ആധുനിക മ്യൂസിയം സജ്ജീകരിക്കുന്നതാണ്.

197. ഇടുക്കിയിലെ വിദൂര ചെറുഗ്രാമമായ ഇടമലക്കുടിയ്ക്കു വേണ്ടി ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിനായി രൂപംനൽകുന്നതാണ്.

198. ഗോത്രവർഗ്ഗക്കാരുടെ വാസസ്ഥാനങ്ങളെ സംബന്ധിച്ച് "സ്വതന്ത്രമായി ജീവിക്കുക" (Live with freedom) എന്നതായിരിക്കും എന്റെ സർക്കാരിന്റെ നയം, അതിലേക്കായി പുറത്തുനിന്നുള്ളവരുടെ സ്വാധീനത്തിന് വിധേയരാകാതെ അവർ ആഗ്രഹിക്കുന്ന വികസന പന്ഥാവ് തെരഞ്ഞെടുക്കുവാൻ അവരെ സ്വാതന്ത്ര്യമുള്ളവരാക്കുന്നു.

**പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമം**

199. എന്റെ സർക്കാർ, പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഒരു സമഗ്ര വികസന നയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ദാരിദ്ര്യദുരിതം അനുഭവിക്കുന്ന മറ്റു പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നതിന് പുറമെ മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കിടയിലെ പ്രൊഫഷണലായി യോഗ്യരായ യുവജനങ്ങൾക്കിടയിൽ സ്വയംതൊഴിൽ അവസര പദ്ധതി സൃഷ്ടിക്കുന്ന പുതിയ പദ്ധതികൾ ആരംഭിക്കും.

200. തിരിച്ചയയ്ക്കപ്പെട്ട തൊഴിൽരഹിതർക്കായി പുനരധിവാസ പദ്ധതിയും 14 ജില്ലകളിലും മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കായി ട്രെയിനിംഗ്-കം-ഗൈഡൻസ് സെൽ

സ്ഥാപിക്കലും മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ ന്യൂനപക്ഷ ങ്ങൾക്കിടയിലുമുള്ള സിക്കിൾ സെൽ അനീമിയ രോഗി കൾക്ക് സ്വയം തൊഴിൽ പദ്ധതിയും കൂടി ഏറ്റെടുക്കുന്ന താണ്. കൈത്തൊഴിലുകാരുടെയും മറ്റ് പരമ്പരാഗത കര കൗശല ഉൽപന്നനിർമ്മാതാക്കളുടെയും ഉൽപാദനവും വില്പനയും വിപണനവും പ്രദർശിപ്പിക്കുന്ന ഒരു ക്രാഫ്റ്റ് വില്ലേജ് എന്റെ സർക്കാർ സ്ഥാപിക്കും. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി ലോൺ വിതരണം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**ന്യൂനപക്ഷക്ഷേമം**

201. എന്റെ സർക്കാർ സിവിൽ സർവ്വീസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷങ്ങൾക്ക് കോഴ്സിന്റെയും ഹോസ്റ്റലിന്റെയും ഫീസ് മടക്കി നൽകുന്നതിനായി ഒരു പുതിയ പദ്ധതി ആരംഭിക്കുന്നതാണ്. മദ്രസ അദ്ധ്യാപ കർക്കായി ഒരു ക്ഷേമനിധി ഉടൻ ആരംഭിക്കുന്നതാണ്.

**മുന്നാക്ക സമുദായങ്ങളുടെ ക്ഷേമം**

202. മുന്നാക്ക സമുദായങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന വികസന കോർപ്പറേഷൻ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളുകളുടെ വികസനത്തിനായി സംഘടിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടു ത്തുന്നതാണ്.

**സൈനിക ക്ഷേമം**

203. പരിശീലനത്തിനും തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്വയം തൊഴിലിനുമായുള്ള സൈനിക ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതാണ്. എന്റെ സർക്കാർ, കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ് മെൻ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ അതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ആവശ്യമായ പിന്തുണ നൽകുന്നതാണ്. ആനുകൂല്യങ്ങളും അവകാശങ്ങളും കൂടുതൽ കാര്യക്ഷമായ രീതിയിൽ കൈമാറ്റം ചെയ്യുന്നതിന് ഗുണഭോക്താക്കൾക്ക് സ്മാർട്ട് കാർഡുകൾ വിതരണം ചെയ്യുന്നതാണ്.

**പ്രവാസി ക്ഷേമം/പ്രവാസി കേരളീയർ**

204. പ്രവാസികളായ കേരളിയരുടെ ക്ഷേമത്തിന് പ്രതിജ്ഞാബദ്ധമായി, വിദേശത്ത് ജോലി ചെയ്യുവാൻ ആഗ്രഹിക്കുന്ന സംസ്ഥാനത്തെ തൊഴിൽ കാംക്ഷിക്കുന്നവർക്ക് ആവശ്യമായ കൗൺസലിംഗും തൊഴിൽ ഉടമ/ഏജന്റുമാരിൽ നിന്നും ചൂഷണത്തിന് വിധേയരാകാതിരിക്കാൻ വേണ്ട മുൻകരുതൽ എടുക്കുന്നതിനും വേണ്ടി അവരെ സഹായിക്കുന്നതിന് ഒരു പദ്ധതി എന്റെ സർക്കാർ ഏർപ്പെടുത്തുന്നതാണ്. തൊഴിൽ ആഗ്രഹിക്കുന്നവർക്കും തൊഴിൽ ദാതാക്കൾക്കും കൃത്യമായ വിവരം പ്രാപ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്

ഒരു ഓൺലൈൻ ജോബ് പോർട്ടൽ സൃഷ്ടിക്കപ്പെടും. വിദ്യാഭ്യാസ യോഗ്യത, നേടിയ വൈദഗ്ദ്ധ്യം, തൊഴിൽ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ഉൾപ്പെടെ തൊഴിൽ ആഗ്രഹിക്കുന്നവരുടെ പേരും മറ്റു വിവരങ്ങളും പോർട്ടലിൽ ഉൾക്കൊളളിക്കുന്നതാണ്. തൊഴിലാളികളെ ആവശ്യമുള്ള എല്ലാ കമ്പനികളോടും അവരുടെ വാഗ്ദാനങ്ങൾ പോർട്ടലിൽ പ്രദർശിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കും. വിദേശങ്ങളിൽ പോകുന്നവർക്കായി അത്യാവശ്യ മാർഗ്ഗരേഖകൾ അടങ്ങിയ ഒരു ബേസിക് ഹാന്റ്ബുക്ക് പ്രസിദ്ധീകരിക്കുന്നതാണ്. ഇതിൽ അവശ്യ മാർഗ്ഗനിർദ്ദേശങ്ങളും, എത്തിച്ചേരുന്ന രാജ്യത്തെ നിയമ സംവിധാനത്തെപ്പറ്റിയുളള അടിസ്ഥാനപരമായ അറിവും എല്ലാ പ്രധാന ടെലഫോൺ നമ്പറുകളും ഉൾക്കൊളളുന്നതാണ്. എന്റെ സർക്കാർ, തൊഴിലിനായി ഗൾഫ് രാജ്യങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്നവരുടെ പ്രയോജനത്തിനായി 'ഓറിയന്റേഷൻ സെഷനുകൾ' നടത്തുന്നതാണ്.

205. തൊഴിലാളികളുടെ തെരഞ്ഞെടുപ്പിലുള്ള കൃത്രിമം കുറയ്ക്കുന്നതിനായി സർക്കാരിന്, വിവിധ മാനവശേഷി റിക്രൂട്ട്മെന്റ് ഏജൻസികളുടെ വിശ്വാസ്യത, പിൻതുടരുന്ന നടപടിക്രമം, പ്ളെയിസ്മെന്റ് റെക്കോർഡ്, മാനേജ്മെന്റ് പ്രൊഫൈൽ, സ്ഥാപനത്തിന്റെയും അതിന്റെ പ്രൊമോട്ടർമാരുടെയും സാമ്പത്തിക പശ്ചാത്തലം, ഏജൻസി മുഖാന്തിരം റിക്രൂട്ട്മെന്റ് നടത്തുന്ന കമ്പനികളുടെ നില

ഇവ പോലെയുള്ള വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി നോർക്കയുടെ (NORKA) ആഭിമുഖ്യത്തിൽ വിവിധ റിക്രൂട്ട്മെന്റ് ഏജൻസികളെ ഗ്രേഡ് ചെയ്യുന്നതിന് പദ്ധതിയുണ്ട്.

206. എന്റെ സർക്കാർ, ഗൾഫ് രാജ്യങ്ങളുമായി ചേർന്ന് അക്കാദമിക എക്സ്ചേഞ്ചുകൾ ഉറപ്പുവരുത്തുന്നതും ബന്ധപ്പെട്ട സർക്കാരുകളിൽ നിന്നുള്ള സഹായത്തോടെ അവിടെ കേരള പബ്ലിക് സ്കൂളുകളും പ്രൊഫഷണൽ കോളേജുകളും സ്ഥാപിക്കുന്നതുമാണ്. ഗൾഫ് രാജ്യങ്ങളിലെ കേരളീയർക്കായി പരമ്പരാഗതവും ആധുനികവുമായ ചികിത്സാസൗകര്യങ്ങൾ നൽകുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കുകളും സർക്കാർ സ്ഥാപിക്കുന്നതാണ്. ടെക്നോളജി, ടൂറിസം, ആയുർവേദം, അടിസ്ഥാനസൗകര്യം എന്നീ ഏതാനും പേരെടുത്തു പറയാവുന്ന സാധ്യമായ മേഖലകളിൽ നിക്ഷേപങ്ങളുടെ പ്രോത്സാഹനം ഉൾപ്പെടെ പരസ്പര അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 'ബൈലാറ്ററൽ ചേംബർ ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രി' സ്ഥാപിക്കുന്നതാണ്.

207. എന്റെ സർക്കാർ, ഗൾഫ് രാജ്യങ്ങളിലെ കേരളീയരെ സഹായിക്കുന്നതിനായി, ആ രാജ്യങ്ങളിലെ നിയമങ്ങളുടെ പരിധിയ്ക്കുള്ളിൽ ഒരു നിയമസഹായ സെൽ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. എന്റെ

സർക്കാർ, ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് എല്ലാ പ്രവാസി കേരളീയർക്കുമായി ഒരു പ്രത്യേക അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തുവാൻ പദ്ധതിയിടുന്നു. അപകടങ്ങളുടെയും അത്യാഹിതങ്ങളുടെയും സംഗതിയിൽ, അവരുടെ ജീവൻ രക്ഷിക്കുന്നതിനും ചികിത്സയ്ക്കുമായി ഏറ്റവും അടുത്ത ആശുപത്രിയിലേയ്ക്ക് മാറ്റുകയും, മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിനായി ഭാരതത്തിലേയ്ക്ക് കൊണ്ടുവരുന്നതുവരെ അടിയന്തിര ശുശ്രൂഷ നൽകുന്നതുമാണ്.

208. ഒരു വിദേശരാജ്യത്ത് വച്ച് ഒരു പ്രവാസി കേരളീയന്റെ മരണം സംഭവിക്കുന്ന ദൗർഭാഗ്യകരമായ അവസരത്തിൽ, മൃതദേഹം ഭാരതത്തിൽ എത്തിക്കുന്നതിന് ഏർപ്പാട് ചെയ്യുന്ന സംഘടനകൾക്ക് പ്രത്യേക സഹായം നൽകുന്നതാണ്. ഔപചാരികതകൾ പൂർത്തീകരിക്കുന്നതിനുള്ള സഹായം, വിമാനത്തിൽ സ്ഥലം ഏർപ്പെടുത്തുന്നതിനും, വിമാനത്താവളത്തിലേയ്ക്കും വിമാനത്താവളത്തിൽ നിന്നും അവരുടെ വീടുകളിലേയ്ക്കും മൃതദേഹം കൊണ്ടുപോകുന്നതിന് ആംബുലൻസുകൾ ഏർപ്പെടുത്തുന്നതിനും പുറമേ അന്ത്യകർമ്മങ്ങൾ നടത്തുന്നതിനും കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് സാമ്പത്തിക സഹായം നൽകുന്നതാണ്.

209. മടങ്ങിവരുന്ന പ്രവാസി കേരളീയർക്കും തദ്ദേശനിവാസികളായ മലയാളികൾക്കും നിക്ഷേപവും തൊഴിലും ആവിഷ്കരിക്കുന്നതിനായി പ്രമുഖരായ വ്യവസായികളുടെയും പ്രവാസി മലയാളികളുടെയും തദ്ദേശീയരുടെയും പങ്കാളിത്തത്തോടെ ഒരു പ്രവാസി കേരളീയ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെൽ രൂപീകരിക്കുന്നതാണ്.

**തൊഴിൽ**

210. എന്റെ സർക്കാർ, 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റിന്റെയും 1948-ലെ ഫാക്ടറീസ് ആക്റ്റിന്റെയും കീഴിലുള്ള സ്ഥാപനങ്ങളെ വിലയിരുത്തുന്നത് സഹായിക്കുന്നതിനായി, മാതൃകാ സ്ഥാപനങ്ങളെ തിരിച്ചറിയുന്നതിന് ഗ്രേഡിംഗ് സിസ്റ്റം ഓൺ സ്പെസിഫിക്ക് പെർഫോമൻസ് ആന്റ് കംപ്ലയൻസ് പാരാമീറ്റർ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു എറണാകുളത്ത് കാക്കനാട് ഒക്കുപ്പേഷണൽ ഹെൽത്ത് ആന്റ് സേഫ്റ്റി ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതാണ്.

211. എന്റെ സർക്കാർ, 2022-ഓടുകൂടി ദേശീയലക്ഷ്യമായ, 40.2 കോടി വൈദഗ്ദ്ധ്യമുള്ള ആളുകളെ സംഭാവന ചെയ്യുന്നതിന് സംസ്ഥാനത്തെ സഹായിക്കുന്നതും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE), അതിന് നോഡൽ ഏജൻസി ആയി പ്രവർത്തിക്കു

ന്നതുമായ ഒരു പുതിയ പദ്ധതി അതായത്, സ്റ്റേറ്റ് സ്കിൽ ഡവലപ്മെന്റ് മിഷൻ, കേരള (SSDM) ആരംഭിക്കുന്നതാണ്. തൊഴിൽ സംബന്ധമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനും തൊഴിൽ അന്വേഷകർക്ക് നൈപുണ്യ പരിജ്ഞാനം നൽകുന്നതിനുമായി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളുമായി ബന്ധപ്പെടുത്തി കരിയർ ഡവലപ്മെന്റ് സെന്ററുകൾ എല്ലാ ജില്ലകളിലും തുറക്കുന്നതാണ്.

212. സംസ്ഥാനവ്യാപകമായി ഇ.എസ്.ഐ പദ്ധതിയുടെ സംരക്ഷണം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഡിസ്പൻസറികൾ ആരംഭിക്കുന്നതാണ്. വിവിധ വകുപ്പുകളിലെ താൽക്കാലിക ജോലിയും കരാർ മുഖേനയുമുള്ള തൊഴിലാളികളെയും താൽക്കാലിക തൂപ്പുകാരെയും കുറഞ്ഞ വേതന ജീവനക്കാരെയും ഇ.എസ്. ഐ. പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതാണ്. പത്തു ജില്ലകളിൽ എൻ സി ഡി ക്ലിനിക്കുകൾ തുടങ്ങുന്നതും എല്ലാ ഇ എസ് ഐ ആശുപത്രികളിലും പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതുമാണ്.

213. 2013-ലെ സംസ്ഥാന വയോജന നയത്തിന്റെ ഭാഗമായി മുതിർന്ന പൗരന്മാർക്ക് പിന്തുണ ഉറപ്പാക്കുന്ന ഒരു പുതിയ പദ്ധതി 'നവജീവൻ', തുടങ്ങുന്നതാണ്. ഈ മഹത്തായ പദ്ധതി നമ്മുടെ മുതിർന്ന പൗരന്മാരുടെ പരിചയ സമ്പത്തും അറിവും പ്രയോജനപ്പെടുത്തുന്നതിന് സഹായിക്കുന്നതാണ്.

## ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

214. നവയുഗ ആശയവിനിമയ സാങ്കേതിക വിദ്യകളുടെ സഹായത്താൽ വിവിധ മേഖലകളിലേയ്ക്ക് എത്തിച്ചേരുവാൻ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വിവരവും പൊതുജനസമ്പർക്കവും) വകുപ്പ് നിരന്തരമായി യത്നിക്കുന്നുണ്ട്. ഓൺലൈൻ മീഡിയ അക്രെഡിറ്റേഷൻ, സർക്കാർ വാർത്തകൾ ഓൺലൈനായി പ്രചരിപ്പിക്കുക. മൊബൈൽ ആപ്പുകൾ പരിചയപ്പെടുത്തുക എന്നിവ വകുപ്പിന്റെ പദ്ധതികളുടെ ഭാഗമാണ്.

215. നമ്മുടെ സംസ്ഥാനത്തിന്റെ 60-ാം വാർഷികം ആഘോഷിക്കുന്നതിനായി, അഭിമാനാർഹമായ 'വജ്ര കേരളം' സംരംഭം നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി, സംസ്ഥാനത്തൊട്ടാകെ ഒരു മെഗാ സ്റ്റേജ് പരിപാടിയും നിരവധി ചെറിയ പരിപാടികളും പ്രദർശനങ്ങളും സംഘടിപ്പിക്കുന്നതാണ്. നവകേരളം കർമ്മപദ്ധതിക്കുവേണ്ടിയുള്ള പ്രചരണ പരിപാടി വകുപ്പ് ആരംഭിച്ചു കഴിഞ്ഞു. മുഖ്യമന്ത്രിയുടെ ടെലിവിഷൻ സമ്പർക്ക പരിപാടിയായ 'നാം മുന്നോട്ട്' എന്ന ഉദ്യമം ഈ വകുപ്പ് ഏകോപിപ്പിക്കുന്നതും ആയത് സർക്കാർ പ്രോജക്റ്റുകളുടെയും പദ്ധതികളുടേയും ചർച്ചാ വേദിയും ഒരു പ്രതികരണ സംവിധാനമായും പ്രവർത്തിക്കുന്നതുമാണ്.

## പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി

216. എന്റെ സർക്കാർ, അച്ചടി വകുപ്പിന്റെ നവീകരണത്തിനുവേണ്ടി 100 കോടി രൂപയുടെ ഒരു പ്രധാന പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ആവശ്യത്തിലേക്ക് ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇ-ഗസറ്റ് പദ്ധതി വകുപ്പിൽ പൂർത്തിയാക്കുന്നതാണ്. എന്റെ സർക്കാർ, എല്ലാ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള കോസ്റ്റ് ഇഫക്ടീവ് ആയ ഒരു കേന്ദ്രീകൃത വാങ്ങൽ (പർച്ചേസിങ്ങ്) ഏജൻസിയായി സ്റ്റേഷനറി വകുപ്പിനെ പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

## റവന്യൂ

217. എന്റെ സർക്കാർ, എല്ലാ വില്ലേജ് ഓഫീസുകളിലേക്കും ഇ-ഓഫീസ് ഡിജിറ്റൽ വർക്ക്പ്ളേസ് സൊല്യൂഷൻ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഓൺലൈനായും വില്ലേജ് ഓഫീസുകളിലും എല്ലാ നികുതികളും ഫീസുകളും അടയ്ക്കുന്നതിനുവേണ്ടി ഒരു പൂർണ്ണമായ ഇ-പേയ്മെന്റ് സൊല്യൂഷൻ ഈ വർഷം തന്നെ നടപ്പിലാക്കുന്നതാണ്. എല്ലാ ഓൺലൈൻ പ്രവർത്തികളും ഒരു ഏകജാലക സംവിധാനത്തിൽ (റവന്യൂ പോർട്ടൽ) കൊണ്ടുവരുന്നതും യഥാസമയം ഡാറ്റാ അപ്ഡേറ്റിംഗ് നടന്നിട്ടുണ്ടോ എന്നും നിലവാരമുള്ള സേവനം നൽകിയി

ട്ടുണ്ടോ എന്നും ഉറപ്പാക്കുന്നതിനും വേണ്ടി ഒരു ഇൻഗ്രേറ്റഡ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിൽ വരുത്തുന്നതാണ്.

218. എന്റെ സർക്കാർ, 1963-ലെ കേരളാ ഭൂപരിഷ്കരണ ആക്റ്റ് പ്രകാരം സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള മിച്ചഭൂമി വിവിധ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഭൂരഹിതരായ ആളുകൾക്ക് സമയബന്ധിതമായി ഭൂമി നൽകുന്നതിനുള്ള നടപടി എടുക്കുന്നതാണ്. മിച്ചഭൂമിയും കേരളാ ഭൂപരിഷ്കരണ നിയമത്തിനുകീഴിൽ നൽകപ്പെട്ടിട്ടുള്ള ഒഴിവാക്കലുകൾ ലംഘിച്ചുകൊണ്ട് മറ്റു ഉദ്ദേശ്യങ്ങൾക്ക് ഉപയോഗിച്ചിട്ടുള്ള ഭൂമിയും, വീണ്ടെടുക്കുന്നതാണ്. 1-1-1977-നു മുമ്പായി വനഭൂമി കൈവശമുള്ളവർക്ക് പട്ടയം നൽകുന്നതിനുവേണ്ടി സമയബന്ധിതമായി നടപടികൾ കൈക്കൊള്ളുന്നതാണ്. കെട്ടിട നികുതിയും, ആഡംബര നികുതിയും പിരിച്ചെടുക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

219. എന്റെ സർക്കാർ, ശേഷിക്കുന്ന എല്ലാ വില്ലേജുകളിലും റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഉദ്ദേശിക്കുന്നു. സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, പ്രമുഖരായ

തദ്ദേശവാസികൾ എന്നിവരുടെ സഹായത്തോടെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദമാക്കുന്നതിന് പ്രാദേശികതലത്തിൽ ഒരു പുതിയ സംരംഭം തുടങ്ങുന്നതാണ്.

ഭരണം

220. എന്റെ സർക്കാർ, ജനങ്ങളുടെ അഭിലാഷങ്ങൾക്കൊത്തുള്ള രീതിയിൽ ഭരണ നിർവ്വഹണം നടത്തുവാൻ പ്രതിജ്ഞാബദ്ധമാണ്. വില്ലേജ്, താലൂക്ക് ഓഫീസുകളിൽ നിന്നും വിവിധ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള സമയപരിധി ഇതിനകം തന്നെ നിശ്ചയിച്ച് കഴിഞ്ഞിട്ടുണ്ട്. എന്റെ സർക്കാർ, ഇ-വില്ലേജ് ഓഫീസുകൾ സ്ഥാപിക്കുന്നതും അവിടെ എല്ലാ രേഖകളും സെൻട്രലൈസും ഡിജിറ്റൈസും ചെയ്യുന്നതാണ്.

221. പൊതുജനങ്ങളുടെ പരാതി പരിഹാരത്തിനായി എല്ലാ മാസവും ജില്ലാ കളക്ടർമാർ "റീച്ചിംഗ് ദ പീപ്പിൾ" എന്ന പേരിൽ താലൂക്ക് തല ക്യാമ്പുകൾ സംഘടിപ്പിക്കുന്നതാണ്. എടുത്ത നടപടികൾ ഓൺലൈനായും താലൂക്കിലെയും വില്ലേജ് ഓഫീസുകളിലെയും നോട്ടീസ് ബോർഡുകളിലും പ്രസിദ്ധപ്പെടുത്തുന്നതാണ്. പരാതികളിൽ കളക്ടർ എടുത്ത നടപടികളുടെ അടിസ്ഥാനത്തിൽ അവരെ വിലയിരുത്തുന്നതാണ്.

222. എല്ലാ വില്പന നികുതി തർക്കങ്ങളും ഒരു ഡിസ്പ്യൂട്ട്സ് അദാലത്ത് വഴി ഒത്തുതീർപ്പാക്കുന്നതും ആയതിൽ രണ്ടുവർഷത്തിൽ കൂടുതൽ പഴക്കമുള്ള എല്ലാ കേസുകളും ഒത്തുതീർപ്പാക്കുന്നതിന് ഒരു ഏകസമയജാലകം ഉണ്ടായിരിക്കുന്നതാണ്.

223. എന്റെ സർക്കാർ, പൗരന്മാർക്ക് സൗകര്യം ഉറപ്പാക്കുന്നതിനുവേണ്ടി എല്ലാ പൗര സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതാണ്. "അറ്റ് യുവർ സർവ്വീസ്" എന്നതിന് കീഴിൽ റവന്യൂ സർവ്വീസ് ആർ.ടി.ഒ., പോലീസ്, വിദ്യുച്ഛക്തിയും ജലസേവനങ്ങൾ, രജിസ്ട്രേഷൻ മുതലായവ ഉണ്ടായിരിക്കും.

224. ഇ-പേയ്മെന്റുകളിലൂടെയും ഓൺലൈൻ ബാങ്ക് ഇടപാടുകളിലൂടെയും നികുതി നൽകുവാൻ സാധ്യമാക്കുന്നതാണ്. എല്ലാ വസ്തുനികുതിയും ഓൺലൈൻ വഴി നൽകുന്നത് എന്റെ സർക്കാർ ഉറപ്പു വരുത്തുന്നതാണ്. അഴിമതി സ്വയം ഇല്ലാതാക്കുന്നതിന് മാനുഷികമായ ഇടപെടൽ കൂടാതെ നികുതി രേഖകൾ കാലികമാക്കുന്നതാണ്.

225. എന്റെ സർക്കാരിനെതിരെ യാതൊരു അഴിമതി ആരോപണങ്ങളുമില്ലായെന്നത് ശ്രദ്ധാർഹമാണ്. സർക്കാരിനെ ഒരു അഴിമതിരഹിത സർക്കാരിന്റെ ഉദാഹരണമായി പൊതുജനങ്ങൾ വിശേഷിപ്പിക്കുവാൻ

ആരംഭിച്ചിട്ടുണ്ട്. എന്റെ സർക്കാർ അധികാരികൾ വിവേചനപരമായി തീരുമാനമെടുക്കുന്നത് ഇല്ലാതാക്കുന്നതും ന്യായമായ നടപടികളും പൗരാവകാശങ്ങളും വർദ്ധിപ്പിക്കുന്നതുമാണ്.

**ക്രമസമാധാനം**

226. കേരളത്തെ ക്രമസമാധാന പാലനത്തിൽ ഏറ്റവും മികച്ച സംസ്ഥാനമായി പ്രധാന വാർത്താമാസികയായ 'ഇന്ത്യാ ടുഡേ' തെരഞ്ഞെടുത്തുവെങ്കിലും, എന്റെ സർക്കാർ, ഇതിൽ സംതൃപ്തിയടയാതെ സംസ്ഥാനത്തെ പോലീസിംഗും ക്രമസമാധാനവും കൂടുതൽ മെച്ചപ്പെടുത്തുവാൻ യത്നിക്കും. ജനമൈത്രി സുരക്ഷാ പദ്ധതിയിൻ കീഴിൽ കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കുന്നതാണ്.

227. സ്റ്റുഡന്റ് പോലീസ് സ്കീമിൻ കീഴിൽ ഈ വർഷം കൂടുതലായി 100 സർക്കാർ സ്കൂളുകൾ കൊണ്ടുവരുന്നതാണ്. സാമൂഹ്യതിന്മകൾക്കെതിരെയുള്ള അംബാസ്സഡർമാരായി സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെ വളർത്തിയെടുക്കുന്നതാണ്.

228. പുതിയ സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ പ്രവർത്തന സജ്ജമാക്കുന്നതാണ്. കോഴിക്കോട് സിറ്റിയിലും കൊച്ചി സിറ്റിയിലുമുള്ള ഇൻഫോസിറ്റി/

ഇൻഫോ പാർക്കിലേക്ക് 'സൈബർ ഡോം' വ്യാപിപ്പിക്കുന്നതാണ്. ഈ വർഷം എല്ലാ ജില്ലകളിലും ഓരോ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതാണ്.

229. ക്രമസമാധാനപാലനം ഉറപ്പാക്കുവാൻ പ്രതിജ്ഞാബദ്ധമായിട്ടുള്ളതിനാൽ എന്റെ സർക്കാർ പോലീസ് സേനയെ നവീകരിക്കുവാൻ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ശ്രമങ്ങൾ തുടരുന്നതാണ്. കേരളത്തിൽ ഉടനീളം സുരക്ഷിത നഗരങ്ങളും വില്ലേജുകളും ഉണ്ടാക്കുന്നതാണ്. പോലീസ് സ്റ്റേഷനുകളിൽ നിന്നും അനുകൂലമായ ഒരു പ്രതികരണം ഇല്ലാത്ത സംഗതിയിൽ നീതി നടപ്പിലാക്കുന്നു എന്നുറപ്പുവരുത്തുന്നതിനായി ജില്ലാതല ഇ-കംപ്ലെയിൻസ് സെല്ലുകൾ സ്ഥാപിക്കുന്നതാണ്.

230. നമ്മുടെ വിവിധ കോടതികളിൽ വളരെയധികം കേസുകൾ തീർപ്പാക്കാതെ കിടക്കുന്നു. കോടതികളിലെ സൗകര്യങ്ങളും തികച്ചും അപര്യാപ്തമാണ്. എന്റെ സർക്കാർ, കോടതികളിൽ മതിയായ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിന് പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിന് പ്രതിജ്ഞാബദ്ധമാണ്. എല്ലാ കോടതികളും വീഡിയോ കോൺഫറൻസിങ്ങ് സൗകര്യങ്ങളോടുകൂടി സജ്ജമാക്കുന്നതും അത് സംസ്ഥാനത്തെ ജയിലുകളുമായി ബന്ധിപ്പിക്കുന്നതുമാണ്.

231. എന്റെ സർക്കാർ, കുറ്റാന്വേഷണത്തിന്റെ ഒരു പ്രധാന ഘടകമായി ഫോറൻസിക് സയൻസിനെ

കൊണ്ടുവരാൻ പ്രതിജ്ഞാബദ്ധമാണ്. അന്വേഷണത്തെ സഹായിക്കുന്നതിനും, കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനും സഹായകമാകുന്നതിന് ഫോറൻസിക് എഡ്യുക്കേഷനും കുറ്റകൃത്യം നടന്ന സ്ഥലങ്ങളിൽ നിന്നും തെളിവ് ശാസ്ത്രീയമായരീതിയിൽ ശേഖരിക്കുന്നത് ശക്തിപ്പെടുത്തുവാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. തൃശ്ശൂരിൽ ഒരു സെൻട്രലൈസ്ഡ് ലബോറട്ടറിയോട് കൂടി ഓരോ ജില്ലയിലും ഫോറൻസിക് കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതാണ്.

232. ഈ വർഷം, മുഴുവൻ പരിശീലന പ്രക്രിയയും സമ്പൂർണ്ണ ഡിജിറ്റൈസേഷൻ ചെയ്തുകൊണ്ട് കേരള പോലീസ് അക്കാദമിയെ ഇ-ലേണിംഗ് അക്കാദമിയാക്കി മാറ്റുന്നതാണ്. കൂടുതലായി ആറ് തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് കൂടുതലായി 12 ക്രമസമാധാന പോലീസ് സ്റ്റേഷനുകളും മൂന്ന് ടൂറിസ്റ്റ് പോലീസ് സ്റ്റേഷനുകളും ആരംഭിക്കുന്നതാണ്. ഇപ്പോൾ നഗരങ്ങളിൽ മാത്രമുള്ള പിങ്ക് പട്രോളുകൾ തിരഞ്ഞെടുക്കപ്പെട്ട ജില്ലാ ആസ്ഥാനങ്ങളിലേക്കു കൂടി വ്യാപിപ്പിക്കുന്നതാണ്.

### ട്രാഫിക്

233. റഡാറുകളും ക്യാമറകളും ഉപയോഗിച്ച് ട്രാഫിക് നിയന്ത്രിക്കുന്ന രീതിയാണ് റൊബോട്ടിക് ട്രാഫിക്. തുടക്കത്തിൽ ഓരോ 20 കിലോമീറ്ററും ഒരോ യൂണിറ്റ് എന്ന

നിലയിൽ. എന്റെ സർക്കാർ ഇത് നടപ്പാക്കുന്നതാണ്. ട്രാഫിക് നിയമലംഘനങ്ങളുടെ പിഴ ഉപയോഗിച്ച് ഇതിന് സ്വയം ധനസഹായം കണ്ടെത്താവുന്നതും, ഇപ്രകാരം സ്വരൂപിച്ച ധനം ദീർഘകാലാടിസ്ഥാനത്തിൽ. വീണ്ടും മുതൽമുടക്കില്ലാതെ റോഡുകളിൽ കൂടുതൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഉപയോഗിക്കുന്നതുമാണ്. ഓരോ 5 കിലോമീറ്റർ യൂണിറ്റുകളിലും. പ്രധാന റോഡുകളിൽ ഇത് നടപ്പാക്കുക എന്നതാണ് അന്തിമലക്ഷ്യം.

**വിജിലൻസ്**

234. എന്റെ സർക്കാർ, താഴേത്തട്ടിലുള്ള ആൾക്കാരെ ഉൾപ്പെടുത്തി കൊണ്ട് ഒരു പങ്കാളിത്ത അഴിമതിവിരുദ്ധ മാതൃകയായ, വിജിലന്റ് കേരള എന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. ഈ ശ്രമങ്ങളുടെ ഭാഗമായി 'എറൈസിംഗ് കേരള', "വിസിൽ നൗ' എന്നീ രണ്ട് മൊബൈൽ ആപ്പുകൾ അഴിമതിയുടെ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി ആരംഭിച്ചിട്ടുണ്ട്. വിസിൽ ബ്ലോവേഴ്സ് വാർഷിക അവാർഡുകൾ ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി പരിഗണിച്ചുവരുന്നു.

235. താഴേത്തട്ടിൽ നിന്നുതന്നെ അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്ന സംസ്കാരം വളർത്തിയെടുക്കുന്നതിനായി, തൊഴിൽ വിദ്യാഭ്യാസ

മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സന്നദ്ധ പങ്കാളിത്ത പരിപാടിയായ 'എഡ്യുവിജിൽ'-ഉം പ്രാദേശിക വായനശാലകളും ലൈബ്രറികളും വഴി അഴിമതിവിരുദ്ധ പ്രചരണ പരിപാടിയായ 'വിജ്നെറ്റ്-ഉം'. നടപ്പിലാക്കിവരികയാണ്.

**ജയിലുകൾ**

236. എല്ലാ ജയിലുകളിലും പ്രധാന അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കുന്നതിനും പ്രിസണുകൾ നവീകരിക്കുന്നതിനുമാണ് ജയിൽ വകുപ്പ് ഊന്നൽ നൽകുന്നത്. തടവുകാരുടെ ക്ഷേമത്തിന് പ്രാമുഖ്യം നൽകുന്നതാണ്. നിശ്ചിതമായ തൊഴിലധിഷ്ഠിത പരിശീലന സൗകര്യങ്ങൾ അവർക്കായി ആവിഷ്കരിക്കുന്നതാണ്.

**ഫയർ ആന്റ് റെസ്ക്യൂ**

237. എന്റെ സർക്കാർ, 'ആർ.എം.എസ്.ഐ.' മുൻഗണനാപ്രകാരം തെരഞ്ഞെടുക്കപ്പെട്ട മുനിസിപാലിറ്റിയിലും പഞ്ചായത്തുകളിലും പുതിയ ഫയർ ആന്റ് റെസ്ക്യു സ്റ്റേഷനുകൾ തുറക്കുന്നതിന് ഉദ്ദേശിക്കുന്നു. ഫയർ ഫൈറ്റിങ്ങ് ആന്റ് റെസ്ക്യൂ വാഹനങ്ങളായ വാട്ടർടെണ്ടർ, വാട്ടർ ലോറി, വാട്ടർ ബൗസർ, മിനി എമർജൻസി ടെണ്ടർ, മൾട്ടി യൂട്ടിലിറ്റി വാഹനങ്ങൾ, ട്രോളി മൗണ്ടഡ് വാട്ടർ മിസ്റ്റ്, ആധുനിക അഗ്നിശമന ഉപകരണങ്ങളും ജീവൻ രക്ഷാ ഉപകരണങ്ങളും പോലുള്ള അടിയന്തിര അടിസ്ഥാന സൗകര്യങ്ങൾ വാങ്ങുന്നതാണ്.

238. തിരുവനന്തപുരത്തും എറണാകുളത്തും പാലക്കാടും കോഴിക്കോടും കണ്ണൂരും ജില്ലാ ക്രൈസിസ് മാനേജ്മെന്റ് ടീമുകൾ ആരംഭിക്കുന്നതാണ്. കണ്ണൂരിൽ പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിൽ ഒരു ഡിവിഷണൽ ഓഫീസ് ആരംഭിക്കുന്നതാണ്. ആവശ്യം വിലയിരുത്തിയശേഷം, ജില്ലകളിൽ പുതിയ ആഫീസുകൾ ആരംഭിക്കുന്നതും നിലവിലുള്ള അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറെ ജില്ലാ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഓഫീസർ ആയി സ്ഥാനനിർദ്ദേശം നൽകുന്നതുമാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഗ്രാമീണ ജില്ലാതല ആഫീസുകൾ സ്ഥാപിക്കുന്നത് സർക്കാർ പരിഗണിച്ചുവരികയാണ്.

**നിയമം**

239. അഭിഭാഷകരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ആവശ്യത്തിലേക്കായി 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് (1980-ലെ 21) സർക്കാർ ഇതിനകം ഭേദഗതി ചെയ്യുകയുണ്ടായി. ബാർ കൗൺസിലിനു കീഴിലുള്ള അഭിഭാഷക അക്കാദമി ഫണ്ടിൽ നിന്ന് സഹായം നൽകുന്നതിനും ഈ ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ അക്കാദമി പൊതുജനങ്ങൾക്ക് കാര്യക്ഷമമായ നിയമസേവനം നൽകുന്നതിന് അഭിഭാഷകരെ പ്രാപ്തരാക്കുന്നതിനായി അവർക്ക് പരിശീലനം നൽകുന്നതാണ്.

240. നാൽസ (NALSA) യുടെ നിലവിലുള്ള പദ്ധതികളോടൊപ്പം കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി കുറ്റവാളികളുടെ ആശ്രിതർക്കായി ഒരു പുതിയ പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. 2017-ൽ 'നാൽസ' ദേശീയ ലോക് അദാലത്ത് രണ്ട് മാസത്തിലൊരിക്കൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നു. മനുഷ്യാവകാശത്തിന്റെ ആശയപ്രചരണത്തിനായി സ്കൂളുകളിൽ മനുഷ്യാവകാശ ക്ലബുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ തുടക്കമിടുന്നതാണ്.

## പാർലമെന്ററി കാര്യം

241. പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രശസ്തരായ ദേശീയ, അന്തർദ്ദേശീയ എഴുത്തുകാരെകൊണ്ട് "കണ്ടംപററി ഇഷ്യൂസ് ഓഫ് ഡമോക്രസി ഇൻ ലീഡിങ് നേഷൻസ്" എന്ന ഒരു പുതിയ പുസ്തകവും കേരളത്തിലെ മുൻ മുഖ്യമന്ത്രിമാരുടെയും കേരള നിയമസഭാ സ്പീക്കർമാരുടെയും ജീവചരിത്രത്തിന്റെ രണ്ടു വാല്യങ്ങളും പ്രസിദ്ധീകരിക്കുന്നതാണ്. പാർലമെന്ററി ഇൻഫർമേഷൻ ആന്റ് റിസർച്ച് സെന്റർ (PIRC) ആരംഭിക്കുന്നതാണ്.

**ദേവസ്വം**

242. എന്റെ സർക്കാർ, എല്ലാ അഞ്ച് ദേവസ്വങ്ങളിലും ഉള്ള നിയമനങ്ങൾ പൂർത്തിയാക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നതാണ്. അന്യാധീനപ്പെട്ട ദേവസ്വം ഭൂമി വീണ്ടെടുക്കുന്നതിന് ഒരു ദേവസ്വം ട്രിബ്യൂണൽ ഉടൻ ആരംഭിക്കുന്നതാണ്. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം, 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ ആക്റ്റ് ഭേദഗതി വരുത്തുന്നതാണ്.

243. ജലസ്രോതസുകളുടെ സംരക്ഷണം ഉൾപ്പെടെയുള്ള ഭൂവികസനത്തിലും മാലിന്യ സംസ്ക്കരണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ദേവസ്വം ഭൂമി ഉപയോഗിച്ച് ഹരിതകേരളം പ്രോജക്റ്റിന് സമാനമായ 'ഹരിതക്ഷേത്രം 2017' പദ്ധതി സമാരംഭിക്കും. ക്ഷേത്രങ്ങളിലെ കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും നവീകരണത്തിലൂടെ ജലസംരക്ഷണത്തിന് ഊന്നൽ നൽകുന്നതാണ്.

244. ദേവസ്വങ്ങൾക്ക് കീഴിലുള്ള എല്ലാ മേജർ ക്ഷേത്രങ്ങളിലും ആധുനിക 'സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ' സ്ഥാപിക്കും. ടൂറിസം മന്ത്രാലയത്തിന്റെ സഹായത്തോടെ, മേജർ ക്ഷേത്രങ്ങളിലെ പുരാതന എടുപ്പുകളുടെയും ചുവർ ചിത്രങ്ങളുടെയും നവീകരണത്തിനും സംരക്ഷണത്തിനുമായി ഒരു പദ്ധതി സമാരംഭിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

245. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പാക്കുന്നതിനും ഇടത്താവളത്തിനുമായി അടുത്ത അഞ്ചുവർഷങ്ങളിൽ 150 കോടി രൂപ എന്റെ സർക്കാർ മുതൽമുടക്കുന്നതാണ്. തീർത്ഥാടകർക്കായി വിശ്രമവാഹന പാർക്കിംഗ് സൗകര്യങ്ങളോട് കൂടി ഓരോ 50 കിലോമീറ്ററിലും വിശ്രമസങ്കേതങ്ങൾ സ്ഥാപിക്കുവാൻ കൂടി ഉദ്ദേശിക്കുന്നുണ്ട്.

**നികുതി**

246. രാജ്യത്താകമാനം റവന്യു സമാഹരണത്തിന് മാതൃകാപരമായ മാറ്റം നൽകുന്ന ചരക്ക്-സേവന നികുതി (ജി.എസ്.ടി.) ഏർപ്പെടുത്തുന്നതിനായി എന്റെ സർക്കാർ സജ്ജമാകുകയാണ്. വിവരസാങ്കേതികവിദ്യ സംവിധാനങ്ങൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത് കൂടാതെ വകുപ്പിലും വകുപ്പുമായി ബന്ധപ്പെട്ടവർക്കിടയിലും കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് പുരോഗമിക്കുന്നു.

247. എന്റെ സർക്കാർ, ആധാര രജിസ്ട്രേഷനുകളിൽ കൂടുതൽ സുതാര്യത കൊണ്ടുവരുന്നതിലേക്കായി ഇ-സ്റ്റാമ്പിംഗും ഇ-പേയ്മെന്റും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. ചരിത്രപ്രാധാന്യമുള്ള രേഖകളുടെയും 1865 മുതൽ സൂക്ഷിച്ചുവരുന്ന മറ്റ് ഉടമസ്ഥാവകാശ രേഖകളുടെയും ശാസ്ത്രീയമായ സംരക്ഷണത്തിന്, അത്തരം രേഖകളുടെ ഡിജിറ്റൽ പുരാരേഖകൾ ആക്കുന്നതിന് ഒരു പുതിയ

പദ്ധതി നടപ്പിലാക്കുന്നതാണ്. രജിസ്റ്ററുകളുടെ സംരക്ഷണത്തിന് ഒരു കേന്ദ്രീകൃത മാനേജ്മെന്റ് സംവിധാനം സ്വീകരിക്കുന്നതാണ്. 1982-ലെ ചിട്ടി ഫണ്ട് ആക്റ്റിന്റെ ഭരണനിർവഹണം കമ്പ്യൂട്ടർവത്കരിക്കുന്നതാണ്. തിരുവനന്തപുരത്ത് ഒരു ആധുനിക പരിശീലനകേന്ദ്രം സ്ഥാപിക്കും.

## എക്സൈസ്

248. എന്റെ സർക്കാർ. പുനരധിവാസസൗകര്യത്തോടുകൂടിയ ഒരു സംസ്ഥാനതല മാതൃകാ ലഹരി വിമോചന കേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. എക്സൈസ് സേനയിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുവാൻ നടപടികൾ എടുക്കും. എക്സൈസ് ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തും. എക്സൈസ് വകുപ്പിന് ആവശ്യമായിട്ടുള്ള വാഹനങ്ങൾ നൽകും. പുതുതായി രൂപീകൃതമായിട്ടുള്ള എല്ലാ താലൂക്കുകളിലും ഫലപ്രദമായി നിയമം നടപ്പിലാക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും പുതിയ എക്സൈസ് സർക്കിൾ ഓഫീസുകൾ സ്ഥാപിക്കുന്നതാണ്. എക്സൈസ് ചെക്ക് പോസ്റ്റുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ആധുനികവൽക്കരിക്കും. മേജർ അബ്കാരി എൻ.ഡി.പി.എസ്. കേസുകളുടെ അന്വേഷണത്തിന് പ്രത്യേക സംഘത്തെ നിയോഗിക്കും.

**ലീഗൽ മെട്രോളജി**

249. പായ്ക്ക് ചെയ്യുന്നവർക്കും ഇറക്കുമതിക്കാർക്കും ഉള്ള രജിസ്ട്രേഷനും ഉത്പാദനം, ഡീലർ, റിപ്പയർ ലൈസൻസസ് സർവ്വീസസ് എന്നിവ ഓൺലൈനായി ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കുന്നതിലേയ്ക്കായി ലീഗൽ മെട്രോളജി ഓപ്പറേഷൻ മാനേജ്മെന്റ് സിസ്റ്റം (LMOMS) എന്റെ സർക്കാർ പൂർണ്ണമായും നടപ്പിലാക്കുന്നതാണ്. പൂർണ്ണ സജ്ജീകരണങ്ങളോടുകൂടിയ ഒരു കൂട്ടം 'മൊബൈൽ വെരിഫിക്കേഷൻ യൂണിറ്റുകൾ' ഈ വകുപ്പ് ആർജ്ജിക്കുന്നതും അതുവഴി കാര്യക്ഷമമായും വേഗത്തിൽ ഉള്ളതുമായ ഓൺസൈറ്റ് സർട്ടിഫിക്കേഷൻ ചെയ്യാൻ കഴിയുന്നതുമാണ്. നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിങ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ അംഗീകാരത്തോടുകൂടിയ ഗോൾഡ് പ്യൂരിറ്റി ലബോറട്ടറി പൂർണ്ണമായും അടുത്ത വർഷം സ്ഥാപിക്കുന്നതാണ്.

**പുരാവസ്തു, പുരാരേഖ, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും**

250. എന്റെ സർക്കാർ, ചരിത്രകാരന്മാരുടെയും വിദ്യാർത്ഥികളുടെയും സഹായത്തോടുകൂടി ലഭ്യമായ താളിയോലകൾ സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനുമുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. കാഴ്ചബംഗ്ലാവുകളെ 'ബാരിയർ ഫ്രീ' ആക്കും. സന്ദർശകരെ തെയ്യം കലാരൂപത്തെപ്പറ്റി ബോധവാന്മാരാക്കുന്നതിലേ

യ്ക്കായി ഈ കലാരൂപത്തെ ആസ്പദമാക്കി ഒരു പുതിയ മ്യൂസിയം. സ്ഥാപിക്കുന്നതാണ്.

251. തിരുവനന്തപുരത്തുള്ള നേപ്പിയർ മ്യൂസിയം അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതാണ്. ജില്ലാ തലത്തിൽ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതാണ്.

252. അടുത്ത വർഷം വിദേശ മൃഗശാലകളിൽ നിന്നും മൃഗങ്ങളെ കൊണ്ടുവന്ന് മൃഗങ്ങളുടെ എണ്ണം പൂർവ്വസ്ഥിതിയിലാക്കാൻ മൃഗശാല വകുപ്പ് നടപടികൾ സ്വീകരിക്കും.

**മാനവ വിഭവശേഷി**

253. എന്റെ സർക്കാർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിനെ (ഐഎംജി) ഭരണനിർവ്വഹണത്തിൽ പ്രായോഗിക ഗവേഷണം നടത്താൻ പ്രാപ്തമാക്കുന്നതിന് കൂടുതലായി മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകളിലേക്ക് പ്രധാന പൊതുസേവനങ്ങൾ എത്തിച്ചുകൊണ്ട് അത് ഒരു അനുകൂല സമീപനം സ്വീകരിക്കുന്നതും, ഐ.എം.ജി അവരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി അവരുമായി യോജിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നതാണ്. ഐ.എം.ജി യിൽ ഒരു 'സെന്റർ ഫോർ ഗുഡ് ഗവേണൻസ്' സ്ഥാപിക്കുന്നതാണ്.

254. നേരത്തേ സർക്കാർ പ്രഖ്യാപിച്ചപോലെ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് അടുത്തവർഷം നിലവിൽ കൊണ്ടുവരും.

255. എന്റെ സർക്കാർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ സജീവമായ സഹകരണത്തോടുകൂടി എല്ലാ നിയമന നടപടികളും ഒരു വർഷത്തിനകം പൂർത്തിയാക്കുന്നതിനും റാങ്ക് ലിസ്റ്റ് കൃത്യമായി പ്രസിദ്ധീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു. കമ്മീഷൻ, ഒട്ടനവധി പ്രധാന നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന്റെ പടിവാതിൽക്കലാണ്. കമ്മീഷന്റെ പരീക്ഷകളിൽ മലയാളം ഒരു നിർബന്ധിത വിഷയമാക്കുന്നതും, ഒരു വിപുലമായ ക്വസ്റ്റ്യൻ ബാങ്ക് ഡിപ്പോസിറ്ററി ഉണ്ടാക്കുന്നതും, ഒരുപോലെയുള്ള യോഗ്യത വേണ്ടുന്ന തസ്തികകളിൽ ഒരു പൊതുപരീക്ഷയിലേയ്ക്ക് മാറുന്നതിനും ലഭ്യമായ പി.എസ്.സി കേന്ദ്രങ്ങളും കേരളത്തിലെ കോളേജുകളിലെ അടിസ്ഥാനസൗകര്യങ്ങളും ഉപയോഗപ്പെടുത്തി പടിപടിയായി ഓൺലൈൻ പരീക്ഷകൾ പരിഷ്കരിക്കുന്നതും ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ മുഴുവനായും ഓൺലൈനാക്കുന്നതും ഇവയിൽ ഉൾപ്പെടുന്നതാണ്.

**ഉപസംഹാരം**

256. എന്റെ സർക്കാർ, സംസ്ഥാനത്തിനു വേണ്ടി ഉന്നതവും പുരോഗമനാത്മകവുമായ ഒരു അജണ്ടയാണ് രൂപകല്പന ചെയ്തിരി ക്കുന്നത്. മുന്നോട്ടുള്ള പാതയിൽ

ചെറുതും എന്നാൽ ദൃഢനിശ്ചയ മാർന്നതുമായ നിരവധി കാൽവെയ്പുകൾ ഉണ്ടെന്നുള്ളതിൽ സംശയമില്ല. ചില സമയങ്ങളിൽ ഈ യാത്ര വലിയൊരളവോളം ക്ഷമ ആവശ്യപ്പെടുന്നതും ദുഷ്കരവുമാകാം. എല്ലാ മനുഷ്യരുടെയും ത്യാഗവും കഠിനപ്രയത്നവുമില്ലാതെ ഒരു സ്വപ്നവും സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല. എന്നാൽ നീതി, സുതാര്യത, ന്യായം എന്നീ തത്വങ്ങളിൽ അടിയുറച്ച് വികസനം കൈവരിക്കുന്നതിനായുള്ള മുമ്പോട്ടുള്ള യാത്രയിൽ ജനതയുടെ സഹകരണത്തോടെയും സഹായത്തോടെയും സംസ്ഥാനത്തിന് വിജയത്തിൽ എത്തിച്ചേരാൻ സാധ്യമാകുമെന്ന് എന്റെ സർക്കാരിന് ഉറപ്പുണ്ട്.

257. ചുരുക്കത്തിൽ,

1. എല്ലാവർക്കും ഭക്ഷണം
2. എല്ലാവർക്കും വസ്ത്രം
3. എല്ലാവർക്കും പാർപ്പിടം
4. എല്ലാവർക്കും ഇന്റർനെറ്റ്
5. എല്ലാവർക്കും വിദ്യാഭ്യാസം
6. എല്ലാവർക്കും ആരോഗ്യ സംരക്ഷണം

7. ലിംഗസമത്വം
8. എല്ലാവർക്കും നീതി
9. എല്ലാവരും തമ്മിൽ ഒത്തൊരുമ

എന്നീ ആശയങ്ങളിൽ എന്റെ സർക്കാർ വിശ്വസിക്കുകയും അതിനായി ഒത്തൊരുമയോടെ കഠിനമായി പ്രയത്നിക്കുകയും ചെയ്യുന്നതുമാണ്.

**നന്ദി**

**ജയ് ഹിന്ദ്**

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ്
സെൻട്രൽ പ്രസ്സിൽ അച്ചടിച്ചത്. 2017.